KERMAL / 2007 / 21096

# യുഗാന്ത്യ സന്ദേശം

PUBLISHED FROM THIRUVALLA

വാല്യം - 4 | ലക്കം : 12 | ഏപ്രിൽ 2010 | Annual Subscription Rs. 70/-

# കേരളം

## സാത്താന്യ ആരാധനയുടെ പിടിയിൽ

കേരളത്തിൽ ഏറ്റവും അധികം വായനക്കാരുള്ള ദിനപത്രം അതിന്റെ അന്വേഷണാത്മക പത്രപ്രവർത്തനത്തിലൂടെ കേരളത്തിലെ സാത്താന്യ ആരാധനയെ പുറത്തുകൊണ്ടുവന്നിരിക്കുകയാണ്. 'അതിഥി ഇരയോ ഭവ' എന്ന പേരിൽ മാർച്ച് 1 ന് ആരംഭിച്ച അന്വേഷണാത്മക റിപ്പോർട്ട് കൊച്ചിയിൽ നടക്കുന്ന സാത്താന്യ ആരാധനയെക്കുറിച്ച് വിശദമായി എഴുതി.

വിനോദസഞ്ചാരത്തിന്റെ മറവിലെ തട്ടിപ്പായിട്ടാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നതെങ്കിലും കേരളത്തിലെ വിശ്വാസ സമൂഹത്തിന് റിപ്പോർട്ട് കടുത്ത ആശങ്കയാണ് നൽകിയത്. അന്വേഷണാത്മക പത്രപ്രവർത്തനത്തിലൂടെ നിരവധി തട്ടിപ്പുകളും യാഥാർത്ഥ്യങ്ങളും പുറത്തുകൊണ്ടുവന്ന ലേഖകന്മാരുടെ അന്വേഷണത്തിന്റെ വഴിത്താരയിൽ വെളിപ്പെട്ട യാഥാർത്ഥ്യങ്ങൾ പൊള്ളുന്നവയാണ്.

കേരളത്തിൽ എവിടെയൊക്കെയോ സാത്താന്യ ആരാധന നടക്കുന്നുവെന്ന് അഭ്യൂഹങ്ങളുണ്ടെങ്കിലും ആദ്യമായിട്ടാണ് സമഗ്രമായി വിശദമായ റിപ്പോർട്ടോടെ ഒരു പ്രമുഖ ദിനപത്രം ഈ സംഭവം റിപ്പോർട്ട് ചെയ്യുന്നത്.

കൊച്ചിയിൽ അത്യാഡംബര ഫ്ളാറ്റിലാണ് സാത്താന്യ ആരാധന നടക്കുന്നതെന്ന് റിപ്പോർട്ടിൽ പറയുന്നു. എല്ലാ മാസവും 13-ാം തീയതിയാണ് ബ്ലാക്ക് മാസ് നടക്കുന്നത്. മതവിശ്വാസങ്ങളെ അപമാനിക്കാനായി അവരുടെ വിശുദ്ധഗ്രന്ഥങ്ങളുമായിട്ടാണ് ആരാധകർ ചെല്ലേണ്ടത്. റൂമിന് പുറത്തെ നമ്പർ 666 ആണ്. വിദേശത്ത് നിന്നുള്ളവരാണ് മന്ത്രവാദത്തിന് നേതൃത്വം കൊടുക്കുന്നത്. ആരാധനയ്ക്കിടയിൽ സദാചാരത്തിന്റെ എല്ലാ സീമകളും ലംഘിച്ച് മയക്കുമരുന്നിന്റെ വൻ ഉപയോഗം നടക്കുന്നു. 30,000 രൂപ നൽകി മുൻകൂർ ബുക്ക് ചെയ്യുന്നവർക്ക് മാത്രമാണ് പ്രവേശനം. നഗ്ന നൃത്തം, അശുദ്ധരക്തം, ത്രികോണാകൃതിയിൽ മുറിച്ച അപ്പം, തലയോട്ടിയിൽ ശേഖരിച്ച മൂത്രം എന്നിവയൊക്കെയായി നടക്കുന്ന ബ്ലാക്ക് മാസിന്റെ ലക്ഷ്യം കച്ചവടത്തിലെ അഭിവൃദ്ധി, ശത്രുനാശം എന്നിവയാണ്. വിദേശികളും സ്വദേശികളും ഈ പരിപാടികളിൽ പങ്കെടുക്കുന്നുവെന്ന് റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു.

ആഭിചാരത്തിന് വെള്ളിമൂങ്ങ, ഇരുതലമൂരി എന്നിവയെ ഉപയോഗിക്കുന്നു. സാത്താന്യ ആരാധനയ്ക്ക് നേതൃത്വം കൊടുക്കുന്ന പരികർമ്മികളിൽ കൂടുതൽ ഇറ്റലിക്കാരാണെന്നും റിപ്പോർട്ട് എടുത്തു പറയുന്നു. കൊച്ചി പട്ടണത്തിൽ 12 ഇടത്തായി ശക്തമായി ആഭിചാരം നടക്കുന്നുണ്ടെന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ട്.

എന്നാൽ സാത്താന്യ ആരാധന കൊച്ചിയിൽ മാത്രം ഒതുങ്ങുന്നില്ല എന്നാണ് പുതിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കോട്ടയം, തിരുവല്ല തുടങ്ങിയ മദ്ധ്യതിരുവിതാംകൂർ പട്ടണങ്ങളിലും സാത്താന്യ ആരാധന ശക്തമാണ്. ശത്രുസംഹാരത്തിനുവേണ്ടിയും എതിരാളികളുടെ ബിസിനസ് നാശത്തിനുവേണ്ടിയും ധാരാളം പേർ സാത്താന്യ ആരാധകരെ സമീപിക്കുന്നുണ്ട്.

ദൈവസഭകൾക്കെതിരെയും ശുശ്രൂഷകന്മാർക്കെതിരെയും സാത്താന്യ ആരാധനക്കാർ മന്ത്രവാദവും ആഭിചാരവും നടത്തുന്നുണ്ട്. സഭ ഈ സമയം ഉണർന്നെഴുന്നേറ്റെ മതിയാകൂ. ദൈവശക്തിക്ക് മാത്രമെ സാത്താന്യ ആരാധനയ്ക്ക് തടയിടുവാൻ കഴിയുകയുള്ളു. ദൈവത്തിന്റെ സ്വന്തം നാട് സാത്താന്യ ആരാധനയുടെ കേളീരംഗമായി മാറുകയാണ്. വെളിപ്പാടു പുസ്തകത്തിൽ യോഹന്നാൻ കണ്ട ദർശനം സാക്ഷാത്ക്കരിക്കപ്പെടുകയാണ്. "പിശാച് തനിക്ക് അൽപകാലമേയുള്ളു എന്നറിഞ്ഞ് മഹാ ക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങി വന്നിരിക്കുന്നു" (വെളി.12:12).

## പാസ്റ്റർ പി.എസ്. ഫിലിപ്പ് ഏ.ജി. സൂപ്രണ്ട്


പാസ്റ്റർ പി.എസ്.ഫിലിപ്പ്


പാസ്റ്റർ കെ. ജെ. മാത്യു


പാസ്റ്റർ ബാബു ജോർജ്ജ്

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ടായി പാസ്റ്റർ പി.എസ്.ഫിലിപ്പ് തിരഞ്ഞെടുക്കപ്പെട്ടു. 2010 മാർച്ച് 9,10 തീയതികളിൽ പുനലൂർ ഏ.ജി. ആസ്ഥാനത്ത് വച്ച് നടന്ന അറുപതാമത് കോൺഫറൻസിനോടനുബന്ധിച്ച് നടത്തപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റി തെരഞ്ഞെടുപ്പിൽ അദ്ദേഹത്തെക്കൂടാതെ പാസ്റ്റർ കെ. ജെ. മാത്യു (അസിസ്റ്റന്റ് സൂപ്രണ്ട്), പാസ്റ്റർ ബാബു ജോർജ്ജ് (സെക്രട്ടറി), പാസ്റ്റർ എൻ. ക്രിസ്തുദാനം (ട്രഷറാർ), പാസ്റ്റർ തോമസ് ഫിലിപ്പ് (കമ്മിറ്റിയംഗം) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

പാസ്റ്റർ പി.എസ്.ഫിലിപ്പ് മുൻപ് 7 വർഷം ഏ.ജി.മലയാളം ഡിസ്ട്രിക്ടിന്റെ സൂപ്രണ്ടായിരുന്നിട്ടുണ്ട്. ദീർഘവർഷങ്ങളായി ബഥേൽ ബൈബിൾ കോളേജിലെ അദ്ധ്യാപകനായും 25 വർഷത്തോളം പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചിട്ടുള്ള ഇദ്ദേഹം എസ്.ഐ.എ.ജി. അസിസ്റ്റന്റ് സൂപ്രണ്ട് കൂടിയാണ്. അസിസ്റ്റന്റ് സൂപ്രണ്ടായി ഇതു രണ്ടാം തവണയാണ് പാസ്റ്റർ കെ.ജെ. മാത്യു തെരഞ്ഞെടുക്കപ്പെടുന്നത്. അറിയപ്പെടുന്ന പ്രഭാഷകനും വേദാദ്ധ്യാപകനുമാണ്. പാസ്റ്റർ ബാബു ജോർജ്ജ് രണ്ടാം തവണയാണ് മലയാളം ഡിസ്ട്രിക്ടിന്റെ സെക്രട്ടറിയാകുന്നത്. റാന്നി ഫെയ്ത്ത് സെന്റർ ഏ.ജി. ചർച്ചിന്റെ സീനിയർ പാസ്റ്ററും ഫെയ്ത്ത് ബൈബിൾ കോളജിന്റെ പ്രിൻസിപ്പലുമാണ് അദ്ദേഹം. ട്രഷറാറായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ എൻ. ക്രിസ്തുദാനം ദീർഘവർഷങ്ങൾ ദക്ഷിണമേഖലയുടെ ഡയറക്ടറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കമ്മിറ്റിയംഗമായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ തോമസ് ഫിലിപ്പ് നിരവധി വർഷങ്ങൾ നോർത്തേൺ മേഖലയുടെ ഡയറക്ടറായും, വിവിധ സെക്ഷനുകളുടെ പ്രസ്ബിറ്ററായും സേവനം ചെയ്തിട്ടുണ്ട്.

മാർച്ച് 9 ന് രാവിലെ 10 മണിക്ക് ആരംഭിച്ച കോൺഫറൻസ് 10-ാം തീയതി ഉച്ചയോടെ അവസാനിച്ചു. മേഖലാ ഡയറക്ടർമാരുടെ തെരഞ്ഞെടുപ്പും ഇതോടനുബന്ധിച്ച് നടത്തപ്പെട്ടു. ഉത്തരമേഖലയിൽ നിന്ന് ഡയറക്ടറായി പാസ്റ്റർ ബാബു വർഗീസും, മദ്ധ്യമേഖലയുടെ ഡയറക്ടറായി പാസ്റ്റർ കെ.ജോയിയും ദക്ഷിണമേഖല ഡയറക്ടറായി പാസ്റ്റർ കെ.വൈ. വിൽഫ്രഡ് രാജ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

## നോർത്തമേരിക്കൻ ശാരോൻ കോൺഫ്രൻസ്


പാസ്റ്റർ ജിജു ഉമ്മൻ


ടൈറ്റസ് മാത്യു


ചാക്കോ ജോർജ്ജ്


ജെയ് ജോൺ

**ചിക്കാഗോ:** നോർത്തമേരിക്കൻ ശാരോൻ സഭകളുടെ 11-ാം ദേശീയ സമ്മേളനം ജൂലൈ 2 മുതൽ 25 വരെ ചിക്കാഗോയിൽ നടക്കും. ഗർണിയിലുള്ള കാൽവറി ചർച്ചിലാണ് സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്. ചിക്കാഗോ ശാരോൻ ചർച്ച്, സയൺ ചർച്ച് എന്നീ സഭകളാണ് ആഥിധേയത്വം വഹിക്കുന്നത്. പാസ്റ്റർ ജിജു ഉമ്മൻ കൺവീനറായി വിപുലമായ കമ്മറ്റി സമ്മേളനത്തിന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു. ടൈറ്റസ് മാത്യു (സെക്രട്ടറി), ചാക്കോ ജോർജ്ജ് (ട്രഷറാർ), ജെയ് ജോൺ (യൂത്ത് ഡയറക്ടർ), ശോശാമ്മ മാത്യു (ലേഡീസ് കോർഡിനേറ്റർ) എന്നിവരാണ് മറ്റു ഭാരവാഹികൾ. കുട്ടികൾക്കും യുവജനങ്ങൾക്കും പ്രത്യേക മീറ്റിംഗുകൾ ഉണ്ടായിരിക്കും. ഡോ.ടി.ജി. കോശി, റവ. സി.എം.ടൈറ്റസ് എന്നിവരെ കൂടാതെ മലയാളി സമൂഹത്തിന് സുപരിചിതനായ ഉണർവ്വ് പ്രസംഗകൻ ഫേലിസ്ക് ചിവാന്ത്രേ, റവ. ജോൺ തോമസ്, റവ. മനോജ് മാത്യു തുടങ്ങിയവർ യുവജന സമ്മേളനങ്ങളിലെ മുഖ്യപ്രസംഗകരാണ്. സി.ഐ.ഏബ്രഹാമിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാ സഹകാരികൾ ഈ യോഗങ്ങൾക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥനകൾ ക്രമീകരിച്ചിട്ടുണ്ട്, മെയ് 29 ദേശീയ പ്രാർത്ഥനാ ദിനമായി ആചരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

യുഗാന്ത്യ സന്ദേശം

വാർഷിക വരിസംഖ്യ

ഇൻഡ്യയിൽ : 70രൂപ. യു.എസ്.എ. & കാനഡ : $ 25. ഇംഗ്ലണ്ട് : 15 പൗണ്ട്, ഗൾഫ് രാജ്യങ്ങൾ : 1200 രൂപ.

E-mail : ysandhesham@saintly.com

## ദൈവീക ശുശ്രൂഷ അഭിഷേകത്തിന്റെ അധികാരത്തോടെ ചെയ്യണം : പാസ്റ്റർ എം.കുഞ്ഞപ്പി


പാസ്റ്റർ എം.കുഞ്ഞപ്പി പ്രസംഗിക്കുന്നു. പാസ്റ്റർമാരായ പി.ജെ.ജെയിംസ്, റ്റി.ജി.കോശി, പി.ജി.മാത്യൂസ്, ഡോ.സി.റ്റി. ലൂയിസ് കുട്ടി, പാസ്റ്റർ ഷിബു കെ. മാത്യു എന്നിവർ സമീപം

**മുളക്കുഴ:** മൗണ്ട് സയോൺ ബൈബിൾ കോളേജിന്റെ 82-ാമത് ഗ്രാജുവേഷൻ സർവ്വീസിൽ പ്രസംഗിക്കുകയായിരുന്നു പാസ്റ്റർ എം.കുഞ്ഞപ്പി. ഒരു ശുശ്രൂഷകനെ അഭിഷേകം ചെയ്യുന്നത് ഒരു പ്രസ്ഥാനമോ ഒരു പാസ്റ്ററോ, പ്രവാചകനോ അല്ല. ഒരുവനെ ശുശ്രൂഷയ്ക്കായി അഭിഷേകം ചെയ്യുന്നത് ദൈവമാണ്. ആ അഭിഷേകത്തിൽ ഒരു അധികാരവും ഒരു നീയമനവും ഒരു വേർപാടും ഉണ്ട്. ആയതുകൊണ്ട് അഭിഷേകം ചെയ്ത ദൈവത്തോടും ആക്കിവച്ചിരിക്കുന്ന സഭയോടും ശുശ്രൂഷകന്മാർ വിശ്വസ്തത പുലർത്തണം. അങ്ങനെ വിശ്വസ്തരാകുന്നവർക്ക് പുതിയ നീയമനങ്ങൾ ദൈവം ഒരുക്കിതരും എന്ന് പാസ്റ്റർ എം.കുഞ്ഞപ്പി പ്രസ്താവിച്ചു. ദൈവസഭയുടെ ബൈബിൾ കോളേജിൽ നിന്ന് ഗ്രാജുവേറ്റ് ചെയ്യുന്ന എല്ലാ ശുശ്രൂഷകന്മാരെയും സഭയ്ക്ക് ആവശ്യമുണ്ട് എന്നും സ്വന്തമായി മിഷൻ ഫീൽഡുകൾ കണ്ടെത്തി സഭാകെട്ടുപണി നടത്തണമെന്നും മറ്റൊരാൾ കെട്ടുപണിചെയ്ത സഭയിൽ പാസ്റ്ററായിരിക്കുവാനല്ല നിങ്ങൾ ഒരുങ്ങേണ്ടതെന്നും അദ്ദേഹം പ്രസ്താവിച്ചു.

എജ്യുക്കേഷൻ ഡയറക്ടർ പാസ്റ്റർ പി.ജെ. ജെയിംസ് സമ്മേളനത്തിന് നേതൃത്വം കൊടുത്തു. പാസ്റ്റർ റ്റി.ജി.കോശി മുഖ്യപ്രഭാഷണം നടത്തി. 16 വിദ്യാർത്ഥികളാണ് ഗ്രാജുവേറ്റ് ചെയ്തത്. പാസ്റ്റർ ഈപ്പൻ ചെറിയാന്റെ പ്രാർത്ഥനയോടു തുടങ്ങിയ സമ്മേളനത്തിൽ പാസ്റ്റർ ജോൺസൺ ഡാനിയേൽ സ്വാഗതവും പാസ്റ്റർ ഷിബു കെ.മാത്യു റിപ്പോർട്ടും അവതരിപ്പിച്ചു. പാസ്റ്റർ സുജു ജോൺ ഗ്രാജുവേറ്റ്സിനെ പരിചയപ്പെടുത്തി. പാസ്റ്റർ അഭിലാഷ് കൃതജ്ഞത രേഖപ്പെടുത്തി. വിദേശത്തേക്ക് പോകുന്ന അധ്യാപകൻ പാസ്റ്റർ ലൗജി എം.ഏലിയാസിന് യാത്രയയപ്പ് നൽകി. പാസ്റ്റർമാരായ പി.ജി.മാത്യൂസ്, എം.ഓ.ഏലിയാസ്, പി.പി.കുര്യൻ, എം.ജെ. ജോൺ, പി.സി. ചെറിയാൻ, ഡോ. സി.റ്റി.ലൂയിസ്കുട്ടി, സിസ്റ്റർ ഏലിയാമ്മ വർഗീസ് എന്നിവർ ആശംസകൾ അറിയിച്ചു. വൻ ജനാവലിയാണ് ഈ പ്രാവശ്യത്തെ ഗ്രാജുവേഷൻ സർവ്വീസിന് സാക്ഷ്യം വഹിച്ചത്.

YUGANTHYA SANDHESHAM

**Chief Editor**
Rev. Shibu K. Mathew B.D. M.Th.
**Managing Editor**
Rev. J. Joseph
**Manager**
Joseph Mattathukala
**Editorial Director**
John P. Ninan
**Circulation Manager**
Jacob Itty
**Contributing Editors**
Rev. K. A. Oommen
Rev. Zack Varghese, Tulsa
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Lovegi Mathews Elias B.D.
**Overseas Editors**
Rev. John Thomas, Houston
Rev. Shaji K. Daniel, Dallas
Rev. Joe Kurian, England
Rev. P. P. Kurian
Rev. Joseph Simon, Boston
Rev. Babu M. John, Florida
Rev. Thomas C. Mathew, Kuwait
Aby Thottumkara, New York
Rev. Joy Abraham U.A.E
**Advisory Board**
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
A. V. Philipose, Dallas
George Pappy, New York
Joseph John Kolathu
K. Abraham Konni
Rev. T. Thomas
John C. Philip, Houston
Varghese George, Dubai
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese
Bro. Ninan Mathew UAE
Rev. P. C Cherian
Viju Thomas, Dallas
**Co-ordinators**
**Kuwait**: A.V. Sunny
Mathew Daniel
**Abudhabi**: Rev. P.T Prasad
Thomas Ninan
**Dubai**: Rev. Babu Cherian
Rev. Jose Mallissery
**Sharjah**: Rev. Jose George
**Doha:** Lalu Jacob
**Saudi Arabia**: C. C. Chacko
Saji Chacko
Reji C. Abraham
Philip Abraham
**England**: Rohit Joseph
Job Jacob
**Ireland**: George Mathew
**Singapore**: Manoj O. Jacob
**Canada**: Jaison Varghese
**Jamaica**: Mohan
**Florida**: Samjee Varghese
**Dallas**: Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
**Houston**: James Samuel
**Tennassee**: Thomas Chacko
**Chicago**: Alex Ninan
**Detroit**: Roy Markose
**Philadelphia**: Jacob Varghese
**New Jersy**: Rev. Rajan Skaria
**New York**:
Rev. Benchamin Thomas
Rev. Thankachan C. Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
**Boston**: Vinod
O[redacted]nn

**Yuga[redacted]ham**

P[redacted]8
M[redacted]7
E-[redacted]m

**പത്രാധിപലേഖനം**

# ദൈവസഭയും സമൂഹ്യ ബന്ധങ്ങളും

**ക**ർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തെ പാപ പ്രായശ്ചിത്ത ബലിയായി ഹൃദയത്തിൽ ഏറ്റെടുത്തു രക്ഷിക്കപ്പെടുന്നവരുടെ കൂട്ടമാണ് പുതിയനിയമ ദൈവസഭ.പ്രത്യേക ഉദ്ദേശത്തോടെ വിളിച്ചുചേർക്കപ്പെട്ടവരുടെ സമൂഹം.ലോകവും ദൈവസഭയും തമ്മിലുള്ള പ്രധാന വ്യത്യാസം ഇതുതന്നെയണ്.

സാർവ്വത്രീകം,പ്രാദേശികം എന്നിങ്ങനെ ദൈവസഭയ്ക്കു രണ്ട് ഘടകങ്ങളുണ്ട് രക്ഷിക്കപ്പെടുന്ന എല്ലാവ്യക്തികളും സാർവ്വത്രിക സഭയുടെഅംഗങ്ങളാണ്.കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു(അപ്പേ.12:47)എന്ന വാക്യം സാർവ്വത്രിക സഭയെ ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത്.ഒരാൾ രക്ഷിക്കപ്പെടുന്ന നിമിഷംതന്നെ സാർവ്വത്രികസഭയുടെ അംഗമാകുകയാണ്.ഒരുപ്രാദേശികസഭയുടെയും അംഗമല്ലാത്തയാളും സാർവത്രിക സഭയുടെ അംഗമാണ്. ആരാധനയ്ക്കും കൂട്ടായ്മയ്ക്കും ആയി തങ്ങളുടെ സ്ഥലങ്ങളിൽ കൂടി വരുന്ന  സമൂഹമാണ് പ്രാദേശികസഭ. കേവലം ആരാധനയും കൂട്ടായ്മയും മത്രമല്ല സഭയെക്കുറിച്ചു ഉദ്ദേശിക്കുന്നത്,മറിച്ച് വ്യക്തികളുടെ,കുടുംബങ്ങളുടെ,അവരുൾപ്പെട്ട സമൂഹത്തിന്റെ സമഗ്ര വളർച്ച സഭയിലൂടെ സദ്ധ്യമാക്കുകയെന്നതാണ് ദൈവീക പദ്ധതി.കർത്താവു തന്റെ ഗിരിപ്രഭാഷണത്തിലും മറ്റു സന്ദർഭങ്ങളിലെ പഠിപ്പിക്കലുകളിലും ഈ സാമൂഹ്യ പ്രതിബദ്ധത വ്യക്തമാക്കുന്നുണ്ട്. സഭയെ ഈ സമൂഹത്തിൽ തന്നെയാണ് ദൈവം ആക്കിവെച്ചിരിക്കുന്നത്.ദൈവം ലോകത്തെ(മനുഷ്യരെ) സ്നേഹിച്ചതുപോലെ നാമും നമ്മുടെ സമൂഹത്തെ സ്നേഹിക്കണം.(യോഹ.3:16).നമ്മുടെ സ്നേഹം പൂർണ്ണമാകണമെങ്കിൽ മറ്റുള്ളവരെ സഹയിക്കുവാനും കരുതുവാനും നമുക്കു കഴിയണം. ജനങ്ങളിലേക്കു ഇറങ്ങിച്ചെല്ലുവാൻ നാം തയ്യാറാവണം.

എന്നാൽ വേർപടിന്റെ പേർപറഞ്ഞ് നമ്മുടെ സാമൂഹ്യ പ്രതിബദ്ധത നാം മന:പൂർവം മറക്കുകയാണ്. സമൂഹത്തിൽ നിന്നല്ല, മറിച്ച് ദുഷിച്ച ജഡീക ലോകവ്യവസ്ഥിതിയിൽ നിന്നാണ് നാം വേർപെടേണ്ടത്.ദൈവം പാപത്തെ വെറുക്കുന്നെങ്കിലും പാപിയെ സ്നേഹിക്കുന്നു.അതാണു ക്രൂശിൽ വെളിപ്പെട്ടത്.തന്റെ സമൂഹത്തെ സ്നേഹിക്കുന്നവനു മാത്രമേ ദൈവത്തേയും സ്നേഹിക്കുവാൻ കഴിയൂ .ഇതാ തനിച്ചു പാർക്കുന്ന ജനം.ജാതികളുടെ  കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല എന്ന വാക്യം പൊടിപ്പും തൊങ്ങലുംചേർത്തു വലിച്ചുനീട്ടീ വ്യാഖ്യാനം ചെയ്ത് ലോകത്തിൽ ഒരു കൂട്ടരോടും ഇടപഴകുവാൻ പാടില്ലത്ത ഒരു കൂട്ടരായി പെന്തെക്കോസ്തുകാർ മാറി. അവിശ്വാസികളുമായി ഇണയില്ലാപിണകൂടരുത് എന്ന വാക്യം കൂടെ തപ്പിയെടുത്തു പ്രസംഗിച്ചുകഴിഞ്ഞപ്പോൾ പെന്തക്കോസ്തുകാരൻ ലോകത്തിനു മുമ്പിൽ പ്രതിബദ്ധത ഇല്ലാത്തവനായി മാറി.

മനുഷ്യ സൃഷ്ടിയിലെ ദൈവോദ്ദേശം ഗ്രഹിപ്പാൻ കഴിയാഞ്ഞ,ചില പഴയകാല പ്രവർത്തകരാണ് വിശ്വാസികളെ ലോകജനത്തിനു മുമ്പിൽ ശത്രുക്കളാക്കി മാറ്റിയത്.പെന്തക്കോസ്തുകാരൻ,പെന്തക്കോസ്തുകാരനെ മാത്രമല്ല സ്നേഹിക്കേണ്ടത്. ചുറ്റുപാടുമുള്ള സകല മനുഷ്യരേയും സ്നേഹിച്ചും,അവരുടെ സുഖദു:ഖങ്ങളിൽ പങ്കുചേർന്നും അവരോടൊത്ത് ജീവിക്കേണ്ടവരാണ് എങ്കിലേ യഥാർത്ഥ ക്രിസ്തീയ സ്നേഹം എന്തെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ നമുക്കു കഴിയൂ.സാമൂഹ്യ, രാഷ്ട്രീയ വേദികളിലേക്കു പെന്തിക്കോസ്തുകാരന് വരുവാൻ ഒരു കാലത്തു ശക്തമായ വിലക്കുണ്ടായിരുന്നതും നാം ഒറ്റപ്പെടുന്നതിനു കാരണമായി.

എന്നാൽ മെച്ചമായൊരു ജീവിത സംസ്കാരം രൂപപ്പെടുത്തുവാൻ നമുക്കു കഴിഞ്ഞുയെന്നത് വളരെ പ്രത്യേകതയുള്ള കാര്യമാണ്.നമ്മുടെ വെള്ള വസ്ത്രധാരണവും,ക്ലീൻ ഷേവും,മദ്യവർജ്ജനവും,സിനിമാ നിഷേധവും ഒക്കെ നാടിനു മാതൃകയാക്കാവുന്ന പുതിയ അനുഭവമായി മാറി.സമരം,അടിപിടി, അക്രമം,പോലീസ് കേസ് എന്നിവയൊന്നുമില്ലാത്ത ഒരു നല്ല സമൂഹമായി നം മാറിയെങ്കിലും ചുറ്റുപാടുമുള്ള മറ്റുള്ളവരുമായി ഇടപഴുകുവാൻ നമുക്കു കഴിയാതിരുന്നതിനാൽ സമൂഹത്തിൽ നം ഒറ്റപ്പെട്ടു.എന്റെ ചുറ്റുപാടുമുള്ള ഓരോ മനുഷ്യനും ശരീരവും,ആത്മാവും,വികാരവും, വേദനയും,പ്രശ്നങ്ങളും ഒക്കെയുള്ള,എന്നെപ്പോലെ തന്നെയുള്ള ആളാണെന്ന് നമ്മൾ കാണണം.

ദൈവത്തിന്റെ പ്രതിപുരുഷന്മാരായി നമ്മെ ഈ ലോകത്തിൽ ആക്കിവെച്ചിരിക്കയാൽ ഈ സമൂഹത്തിന്റെ നന്മയും ഉയർച്ചയും നമ്മുടെ കൂടെ ഉത്തരവാദിത്വമാണെയെന്ന് ഓരോ വിശ്വാസിയും മനസ്സിലാക്കേണ്ടതാണ്. നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു,ഉപ്പു കാരമില്ലാതെ പോയാൽ അതിന് എന്തെന്നുകൊണ്ട് രസം വരുത്താം (മത്താ 5:13) എന്ന യേശുവിന്റെ വാക്കുകൾക്ക് ഇവിടെപ്രസക്തിയുണ്ട്.യേശുനാഥൻ വേദനിക്കുന്നവരുടെ ഒപ്പമിരുന്ന്,അവരുടെ വിഷമങ്ങൾ കേട്ട്,അവർക്ക് ആശ്വാസം പകർന്ന് അവരിൽ ഒരാളായി മാറി.ഇന്നു നാം ലക്ഷങ്ങൾ മുടക്കി കൺവൻഷനുകൾ,ക്രൂസേഡുകൾ,ആത്മീക സംഗമങ്ങൾ തുടങ്ങിയവ നടത്തുന്നു.എന്നാൽ പാവപ്പെട്ടവന്റെ കണ്ണീരൊപ്പാൻ നമുക്കു കഴിയുന്നുണ്ടോ..ഞാൻ വിശപ്പുള്ളവനായിരുന്നു നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നില്ല,ഞാൻ ദഹിച്ചിരുന്നു നിങ്ങൾ എനിക്കു കുടിപ്പാൻ തന്നില്ല,ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ കാണ്മാൻ വന്നില്ല,ഞാൻ നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല എന്ന് ന്യായവിധി ദിവസത്തിൽ കർത്താവ് നമ്മെക്കുറിച്ച് പറയുവാൻ ഇടയാകരുത്. നമ്മുടെ അയൽക്കാരൻ ഹിന്ദുവോ,മുസൽമാനോ, ക്രിസ്ത്യാനിയോ ആരുമായിക്കോട്ടെ, കറുത്തവനോ വെളുത്തവനോ, ആദിവസിയോ ആയിക്കോട്ടെ നല്ല ശമര്യാക്കാരനെപ്പോലെ അവരെ സ്നേഹിക്കുവാൻ നമുക്കു കഴിയണം.

ആദ്യ കാലങ്ങളിൽ ഇല്ലായ്മയിൽ നിന്ന് ആരംഭിച്ചു വളർന്നുയെങ്കിലും ഇന്ന് പെന്തക്കോസ്തു സമൂഹം സാമ്പത്തീകമായി ഉന്നതിയിലെത്തിയിട്ടുണ്ട്. എന്നാൽ പെന്തക്കോസ്തുകരന്റെ പണം ഇന്നും സമൂഹത്തിന്റെ നന്മയ്ക്ക് അധികം ഉപകരിക്കപ്പെടുന്നില്ല. നമ്മുടെ സാമ്പത്തീക നന്മകൾ സമൂഹത്തിന് പ്രയോജനപ്പെടുന്ന സ്കൂൾ, കോളേജ്, ആശുപത്രി, മറ്റു ധർമ്മസ്ഥാപനങ്ങൾ എന്നിവയായി മാറേണ്ട കാലം അതിക്രമിച്ചുപോയി. ഇതെല്ലാം ലോകക്കാരുടേതാണെയെന്നും വിശുദ്ധിയ്ക്കു ചേർന്നതല്ലായെന്നും ഘോരഘോരം പ്രസംഗിച്ചിട്ട്, മക്കളെയും സ്വന്തക്കാരേയും വൻ തുക കോഴ കൊടുത്ത് ലോകക്കാരുടെ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന ആത്മീക നേതാക്കന്മാരുടെ കണ്ണുകൾ ഇനിയുമെങ്കിലും  തുറന്നിരുന്നെങ്കിൽ.

മെഡിക്കൽ,എഞ്ചിനിയറിംഗ്,കംപ്യൂട്ടർ  മേഖലകളിൽ നൂറുകണക്കിന് വിദ്യാർത്ഥികൾ നമ്മുടെ സമൂഹത്തിൽ നിന്ന് പഠിക്കുന്നുണ്ട്. ഇവരെല്ലാം എൻ.എസ്.എസ് ന്റേയും,എസ്.എൻ.ഡി.പി യുടേയും, കത്തോലിക്കരുടേയും, യാക്കോബായക്കാരുടേയും സ്ഥാപനങ്ങളിലാണ് പഠിക്കുന്നത്. ഒരു സീറ്റിനായി ഇവരുടെയൊക്കെ വാതലിൽ മുട്ടേണ്ട ഗതികേടിലാണിന്ന് നമ്മൾ. ഇതിനൊരു അറുതിയുണ്ടായേ മതിയാകൂ.നമ്മുടെയിടയിൽ നിന്ന് ഐ.പി.എസ്, ഐ.എ.എസ്, ഉദ്യോഗസ്ഥരും,ഭരണകർത്താക്കളും, ഡോക്ടർമാർ, വക്കീലമ്മാർ, പ്രൊഫസർമ്മാർ, എഞ്ചിനിയർമ്മാർ തുടങ്ങിയവരും ഉയർന്നു വരേണം.ജോലി രംഗങ്ങളിലും അഭ്യസ്തവിദ്യരായ നമ്മുടെ യുവതിയുവാക്കൾ, പെന്തക്കോസ്തുകാർ എന്ന കാരണത്താൽ പുറംതള്ളപ്പെടുകയാണ്. ഇതിനൊക്കെ പരിഹാരമായി നമുക്ക് സ്ഥാപനങ്ങൾ ഉണ്ടാകണം.


**പാസ്റ്റർ ജെ. ജോസഫ്**
മാനേജിംഗ് എഡിറ്റർ

സമൂഹത്തോട് നമുക്ക് ഇതിലൊക്കെ പ്രധാനമായി സുവിശേഷ ദൗത്യം എന്നൊരു കടമയുണ്ട്.പാപത്തിന്റെ നാശക്കുഴിയിലേക്കു വീണുകൊണ്ടിരിക്കുന്ന ചുറ്റുപാടുമുള്ള സ്നേഹിതരെ നേടുവാൻ നാം തയ്യാറാകേണം.ആത്മാക്കളുടെ ഉടയവനായ നാഥൻ കണക്ക് തീർക്കുവാൻ വരാറായി. സമൂഹത്തിലേക്കു ഇറങ്ങിച്ചെന്ന് കർത്താവ് ഏല്പിച്ച ദൗത്യം നിർവഹിക്കാം.സർവ്വശക്തൻ ഏവരേയും അനുഗ്രഹിക്കട്ടെ.


**പാസ്റ്റർ വിനോദ് ജേക്കബ്**

# ക്രൂശിന്റെ മഹത്വം

**ര**ണ്ടായിരം കൊല്ലങ്ങൾക്കു മുമ്പ് പാലസ്തീനിൽ ഗോൽഗോഥ മലമുകളിൽ മൂന്ന് ക്രൂശ് ഉയർന്നു. അതിൽ നടുവിലുള്ള കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിനെക്കുറിച്ചാണ് വിവരിക്കുവാൻ പോകുന്നത്.

യേശുവിന്റെ ക്രൂശിന്റെ യഥാർത്ഥ പ്രാധാന്യം എന്തെന്ന് മനസ്സിലാക്കാതെ ഇന്ന് ക്രൂശിന് പുറമേമോടി പിടിപ്പിക്കുന്ന രീതികൾ എവിടെയും കാണുവാൻ കഴിയും. ആയതിനാൽ ഈ ക്രൂശിന്റെ ദൂതിനെ തന്നെ ജനങ്ങൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്.

ലോകത്തിന്റെ ഹൃദയം ബ്രിട്ടൻ. ബ്രിട്ടന്റെ ഹൃദയം ലണ്ടൻ. ലണ്ടന്റെ ഹൃദയം വെസ്റ്റ് മിനിസ്റ്റർ, എന്നൊരു പറച്ചിൽ ഉണ്ടായിരുന്നു. ആയതുപോലെ ക്രിസ്ത്യാനിത്വത്തിന്റെ ഹൃദയം ബൈബിൾ, ബൈബിളിന്റെ ഹൃദയം ക്രൂശ്, ക്രൂശിന്റെ ഹൃദയം ദൈവത്തിന്റെ തിരുഹൃദയം. ഇത് പാപികൾക്കു നേരെയുള്ള ദൈവത്തിന്റെ അനുകമ്പയുള്ള ഹൃദയം. നമ്മുടെ പാപപരിഹാരത്തിനായി തകർന്നുടഞ്ഞ ഹൃദയം.

ഈ ഭയങ്കരവും, മഹത്വകരവുമായ ക്രൂശാണ് സ്വർഗ്ഗത്തിന്റെ കവാടത്തിന് അപ്പുറത്ത് മനുഷ്യനാകട്ടെ, ദൂതനാകട്ടെ കണ്ട ഒരു വസ്തു. "ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്ക് ഭോഷത്വവും, രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു (1 കൊരി 1:18).

ക്രൂശിന്റെ വചനമോ, ദൂതോ വേദപുസ്തകത്തിലെ ഒറ്റ വാക്യം കൊണ്ട് ഗ്രഹിച്ചെടുക്കുവാൻ പ്രയാസമാണ്. ഇന്ന് ക്രൂശിന്റെ വചനം എത്ര നന്നായി പ്രസംഗിക്കപ്പെട്ടാലും നശിച്ചു പോകുന്നവർക്ക് അത് ഭോഷത്വമായി തന്നെ ഇരിക്കുന്നു. ഒരുവൻ ഈ നിത്യമായ ക്രൂശിലുള്ള ദൈവത്തിന്റെ ജ്ഞാനവും, ശക്തിയും കാണുന്നില്ല എങ്കിൽ അവൻ നശിച്ചു പോകുന്നു എന്നതിന്റെ തെളിവാണത്. ക്രൂശിന്റെ വചനം ക്രൂശിനെക്കുറിച്ചുള്ള ദൈവത്തിന്റെ വചനം ആണ്. അത് ആ മഹാദൈവത്തിന്റെ മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹത്തിന്റെയും, കൃപയുടെയും ദൂതാണ്.

പാപത്തെക്കുറിച്ചും, വിശുദ്ധിയെക്കുറിച്ചും ദൈവത്തിന്റെ വചനമാണ് ക്രൂശിന്റെ വചനം. മറ്റൊരർത്ഥത്തിൽ ആ കഷ്ടപ്പെട്ട യേശുവിന്റെ വിശുദ്ധിയും, പാപത്തിന്റെ ഹീനമായ വശവും ആണ് കാണിക്കുന്നത്. യേശു പറഞ്ഞു "പാപം ചെയ്യുന്നവൻ പാപത്തിന്റെ ദാസൻ ആകുന്നു". (യോഹ:8:34). ഇതേ അദ്ധ്യായത്തിലെ 46-ാം വാക്യത്തിൽ യേശു ചോദിക്കുന്നു, "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തും". യേശുവിന്റെ പഠിപ്പിക്കൽ അനുസരിച്ച് പാപവും, ദാസ്യത്വവും തമ്മിൽ അടുത്ത ബന്ധമുണ്ട്. പാപത്തിൽ നിന്ന് വിടുതൽ ലഭിച്ചങ്കിലെ പൂർണ്ണ സ്വാതന്ത്രം ഉണ്ടാകുകയുള്ളു. കർത്താവ് പാപം ഒന്നും ചെയ്തില്ല. പാപം ചെയ്തിരുന്നു എങ്കിൽ ഈ പാപത്തിന്റ ദാസ്യത്വത്തിന്റെ കീഴിൽ ആയി പോയേനെ. ആയതു നിമിത്തം തന്റെ മശിഹാത്വവും, ഊനമില്ലായ്മയും നഷ്ടപ്പെട്ടേനേ. യേശു വിശുദ്ധനാണ്, നിരുപദ്രവകാരിയാണ്. പാപികളിൽ നിന്ന് വേർപെട്ടവനാണ്, അദൃശ്യനും, നിത്യനുമായ ദൈവത്തിന്റെ വെളിപ്പാടാണ്.

തന്റെ ശരീരത്തിൽ അവൻ നമ്മുടെ പാപങ്ങളെ വഹിച്ച്; അധർമ്മികളുടെ കയ്യാൽ അവനെ തറപ്പിച്ചു കൊന്നു (അപ്പൊ.2:23). ദൈവത്തിന്റെ വിശുദ്ധിയും മനുഷ്യന്റെ പാപപങ്കിലമായ, ഭയങ്കരമായ അവസ്ഥയും തമ്മിൽ ക്രൂശിൽ ഏറ്റുമുട്ടി. ആ ക്രൂശ് ദൈവത്തെ നന്നായി വരെച്ചു കാട്ടുന്നു. മനുഷ്യരോ അതിനെ അങ്ങേ അറ്റം വികലമായി വെളിപ്പെടുത്തി (അപ്പൊ.4:27,28). അന്ധകാരത്തിന് വെളിച്ചവുമായി കൂട്ടായ്മ ഇല്ലാത്തതുപോലെ പുതുക്കപ്പെടാത്ത മനുഷ്യഹൃദയത്തിന് ദൈവവുമായി കൂട്ടയ്മ ഇല്ല. ഈ ക്രൂശിന്റെ വചനം വിശുദ്ധിയിലേക്കുള്ള വിജയത്തിന്റെ വചനം ആണ്.

ക്രൂശ് നിമിത്തം വിശ്വാസത്താൽ ഒരുവന് അന്ധകാരത്തിൽ നിന്ന് അത്ഭുതപ്രകാശത്തിലേക്ക് കടന്നുവന്ന് പുതുസൃഷ്ടിയായി തീരുവാൻ കഴിയും. ഭൂലോകത്തെ മുഴുവനും ചുറ്റുന്ന അന്തമില്ലാത്ത ഒരു കയറുപോലെയാണ് ക്രൂശിന്റെ സ്വാധീനം. മനുഷ്യന്റെ നിസ്സഹായതയിൽ ആ കയറിന്റെ എവിടെയെങ്കിലും വിശ്വാസത്താൽ പിടിച്ചാൽ അവൻ ഉടനെ തന്നെ ദൈവപുത്രന്റെ രാജ്യത്തിലേക്ക് ഉയർത്തപ്പെടും. എവിടെയും എല്ലായ്പ്പോഴും ക്രൂശ് ഒരു ദൈവശക്തിയാണ്. സ്നേഹിതാ, ഈ ക്രൂശിന്റെ രക്ഷിക്കുന്ന ശക്തിയിലേക്ക് ഓടിവരൂ. ആ രക്ഷിക്കുന്ന ദൈവശക്തിയാൽ അഭയം കണ്ടെത്തൂ.

# 31 വെളിപ്പാടു പുസ്തകം ഒരു പഠനം

(തുടർച്ച)



പാസ്റ്റർ ഷിബു കെ. മാത്യു
B.D., M.Th.

**കുഞ്ഞാടിന്റെ കാന്ത (21:9 – 11)**

വെളി. 15:5-8 വരെയുള്ള വാക്യങ്ങളിൽ കണ്ട ദൂതന്മാർ തന്നെയാണ് ഇവിടെയും കാണുന്ന 7 ദൂതന്മാർ. 16-ാം അദ്ധ്യായത്തിൽ അവർ ക്രോധകലശങ്ങൾ ഭൂമിയിലേക്ക് ചൊരിഞ്ഞതായി നാം കാണുന്നു. അതിലൊരുവനാണ് പുതിയ യെരുശലേം കാണിക്കുവാൻ യോഹന്നാനെ കൊണ്ടുപോയത്.

ആത്മവിവശതയിലായ യോഹന്നാനെ ദൂതൻ ഉയർന്ന ഒരു മലയിലേക്ക് കൊണ്ടുപോയി. ഇത് നാലാം തവണയാണ് യോഹന്നാൻ ആത്മവിവശതയിലായി എന്ന് വെളിപ്പാടിൽ കാണുന്നത് (1:10,4:1,17:3, 21:10). ഈ നാലുഭാഗങ്ങളിലും ഇംഗ്ലീഷിലും, ഗ്രീക്കിലും ആത്മവിവശനായി എന്നല്ല ആത്മാവിലായി എന്നാണ്. അതായത് യോഹന്നാൻ ആത്മനിറവിലായി എന്നാണ്.

'ആത്മവിവശത' എന്ന പ്രതിഭാസത്തെ ഇന്നത്തെ പല ദുരുപദേശകരും ജനത്തെ മയക്കിക്കിടത്തുന്ന ഒരു പ്രതിഭാസമാമെന്നാണ് തെറ്റുധരിച്ചിരിക്കുന്നത്. തങ്ങളുടെ യോഗങ്ങളിൽ ഇവരുടെ തലയിൽ കൈതൊടുമ്പോഴെ ഇവർ പുറകോട്ട് മയങ്ങി വീഴുന്നതു പോലെ വീഴുകയും ചില മിനിറ്റുകളോ, യോഗം തീരുന്നതു വരെയോ താഴെ കിടക്കുകയും ചെയ്യും. കുറച്ചുകഴിയുമ്പോൾ ഉറക്കത്തിൽ നിന്ന് ഉണർന്നുവരുന്നതുപോലെ ഇവർ എഴുന്നേറ്റ് വരികയും ചെയ്യും ഇതല്ല ആത്മവിവശത. യോഹന്നാന് സുബോധം നഷ്ടപ്പെടുന്നില്ല. താൻ ആത്മാവിൽ ഉന്നതവും വിശാലവുമായ കാഴ്ചകൾ കണ്ടു.

തുടർന്ന് ദൂതൻ കുഞ്ഞാടിന്റെ കാന്തയെ കാണിച്ചുതരാം എന്ന് പറഞ്ഞ് പുതിയ യരുശലേം എന്ന വിശുദ്ധ നഗരമാണ് കാണിച്ചത്. കാന്തയും നഗരവും തമ്മിലുള്ള ബന്ധമെന്താണ്? പട്ടണം തന്നെയാണ് കാന്ത. അതായത് പട്ടണത്തിലെ നിവാസികളാണ് മണവാട്ടി. അതായത് പുതിയ യരുശലേം വെറും ഒരു പട്ടണത്തെയല്ല, അതിലെ നിവാസികൾ ഉൾപ്പെട്ട മണവാട്ടിയെയാണ് സൂചിപ്പിക്കുന്നത്.

ഈ പട്ടണത്തിന്റെ ജോതിസ് മിന്നിതിളങ്ങുന്നതായി തുടർന്ന് കാണുന്നു. അതായത് പുതിയ യരുശലേമിന്റെ ശോഭ ഊഹിക്കാവുന്നതിനും അപ്പുറമാണ്. അത് വരയ്ക്കുവാനോ ചായക്കൂട്ടുകൾ കൊണ്ട് അതിന്റെ ശോഭവർണ്ണിക്കുവാനോ ആർക്കും കഴിയുകയില്ല. അത്രമാത്രം ശോഭയുള്ളതും അവർണ്ണനീയവുമാണ് പുതിയ യരുശലേം. നേരിട്ട് കണ്ട യോഹന്നാന്റെ നാവിനുപോലും വർണ്ണിക്കുവാൻ കഴിയുന്നതിനപ്പുറമായിരുന്നു അതിന്റെ തേജസ്. ഈ പുതിയ യരുശലേം ആണ് കർത്താവ് തന്റെ കാന്തയ്ക്കു വേണ്ടി ഒരുക്കിയിരിക്കുന്നത്. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു എന്നുപറഞ്ഞ കർത്താവ് സ്ഥലം ഒരുക്കി തീർത്താലുടൻ തന്നെ കാന്തയായ സഭയെ ചേർക്കുവാൻ വരും. കാന്തവസിക്കുന്ന ഈ സ്ഥലമാണ് ദൈവതേജസിനാൽ നിറയപ്പെട്ടിരിക്കുന്നത്.

## വെളിപ്പാടുപുസ്തക പഠന ചോദ്യങ്ങൾ

1. ആത്മവിവശത എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്.
2. ആത്മവിവശതയെക്കുറിച്ചുള്ള തെറ്റായ ധാരണ വിവരിക്കുക.
3. കാന്തയും പട്ടണവും തമ്മിലുള്ള ബന്ധം വിശദമാക്കുക.
4. ആത്മവിവശതയിൽ യോഹന്നാൻ കണ്ട പുതിയ യരുശലേമിന്റെ ശോഭയെക്കുറിച്ച് വിവരിക്കുക.

**വെളിപ്പാടുപുസ്തകം 30-ാം പാഠത്തിൽ വിജയികളായവർ**

ഗ്രേസ് ജേക്കബ് പൂവത്തൂർ, പിങ്കി സ്റ്റാൻലി ആലുവ, സാലി തോമസ് പഴയന്നൂർ, സുജ മോൻസി തലയനാട്, ബ്ലസി സാറാ മാത്യു മാറ്റാംമ്പുറം

*വെളിപ്പാടു പുസ്തകപഠനത്തിൽ വിജയികളാകുന്നവർക്കും, ബൈബിൾക്വിസിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ ലഭിക്കുന്നവർക്കും പ്രത്യേക സർട്ടിഫിക്കറ്റുകളും, സമ്മാനങ്ങളും സമ്മേളനങ്ങൾ വിളിച്ചുകൂട്ടി നൽകുന്നതായിരിക്കും.*

*ശരി ഉത്തരങ്ങൾ എല്ലാ മാസത്തിന്റേയും 25-ാം തീയതിയ്ക്കു മുമ്പായി താഴെയുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്.*

**YUGANTHYASANDHESHAM, P.O. BOX. 66,
THIRUVALLA-689 101, KERALA**

## ബൈബിൾ ക്വിസ് 30

പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ
ഫോൺ : 9447313709



1. യഹോവയ്ക്കു വായ്പ കൊടുക്കുന്നതാര്?
2. അക്രമിക്കുവാൻ വന്നയാൾക്ക് വിരുന്നു നല്കി പറഞ്ഞയച്ചതാര്?
3. ആശിച്ചതു ഭാര്യയെ ലഭിച്ചത് മരണം ഈ അനുഭവം ഉണ്ടായ പ്രഥമ വ്യക്തി ആര്?
4. കാഴ്ചയുള്ളവരെ കുരുടാക്കുകയും നീതിമാൻമാരുടെ വാക്കുകളെ മറിച്ചു കളുകയും ചെയ്യുന്നത് എന്ത് ?
5. മന്ത്രവാദി ശ്രേഷ്ഠൻ എന്ന് വിളിക്കപ്പെട്ടതാര്?
6. പുരുഷനെ ചതിവിൽ കൊന്ന സ്ത്രീ ആര്?
7. ദുർഗ്ഗത്തിൽ പാർക്കാതെ യഹൂദ ദേശത്തേക്ക് പോകുവാൻ ദാവിദിനോട് പറഞ്ഞ പ്രവാചകൻ ആര്?
8. യഹോവയ്ക്ക് ഇഷ്ടമുള്ള വിശുദ്ധ മന്ദിരത്തെ അശുദ്ധമാക്കി അന്യദേവന്റെ മകളെ വിവാഹം കഴിച്ചതാര്?
9. ഉറങ്ങുന്ന ഇടയന്മാരും വിശ്രമിച്ചുകിടക്കുന്ന കൂലിനന്മാരും ഉള്ളതാർക്ക്?
10. 'അദ്ധ്വാനിക്കുന്ന കൃഷിക്കാരൻ ആകുന്നു ആദ്യ ഫലം അനുഭവിക്കേണ്ടത്' ഇത് പറഞ്ഞത് ആര്?

**കഴിഞ്ഞ ലക്കത്തിലെ ഉത്തരം**

1) യിശ്മായേൽ ഉല്പ 17:20, 2. യോശിയാവ് 2 രാജാ.23:11, 3. അദോനിയാവ് 2 രാജാ 2:13,15. 4. അഹിമലേക്ക് 1 ശമുവേൽ 21:9. 5. യിസ്ഹാർ സംഖ്യ 16:1. 6. അദോനി സേദെക് യോശുവ 10:1, 7. ജോസഫ് ഉല്പത്തി 39:7, 9. ഗീഹോൻ 2 ശമുവേൽ 5:8, 9. ശമുവേൽ. 10. എഫ്രയിം ഹോശയ 13:8.

**കഴിഞ്ഞ ലക്കത്തിലെ എല്ലാ ഉത്തരവും ശരിയുത്തരം അയച്ച് വിജയികളായവർ:**

സൂസമ്മ ജെയിംസ് അഹമ്മദബാദ്, സുജമോൻസി തലയനാട്,
സാറാമ്മ പാട്രിക് മണികണ്ഠേശ്വരം, ലീലാമ്മ ജോസഫ് കവിയൂർ,
ഷിജി വിനു പെരുമ്പാവൂർ,
ആലീസ് ജോയി ഐരാണിക്കുടി

*ശരി ഉത്തരങ്ങൾ എല്ലാ മാസത്തിന്റേയും 25-ാം തീയതിയ്ക്കു മുമ്പായി താഴെയുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്.*

**YUGANTHYASANDHESHAM, P.O. BOX. 66, THIRUVALLA-689 101, KERALA**

### സത്യാന്വേഷി

## ഒഴിവാക്കുക

**മു**ൻപരിചയമോ വ്യക്തമായ അറിവോ ഇല്ലാത്ത പ്രവാചകന്മാരെയും സുവിശേഷകന്മാരെയുംകുറിച്ച് അന്വേഷണം നടത്താതെ സ്വീകരിച്ച പലരും അബദ്ധങ്ങളിൽ ചെന്നുചാടുന്നു. ഒരു ദൂത് പറഞ്ഞതുകൊണ്ടോ, തലയിൽ കൈവെച്ച് നടന്ന ഒരു കാര്യം പറഞ്ഞതുകൊണ്ടോ ആണ് അനേകരും പലരെയും അന്ധമായി വിശ്വസിക്കുന്നത്. എന്നാൽ അവരുടെ ചരിത്രം ഭയാനകമായിരിക്കാം. നടന്ന ഒരു കാര്യം വ്യക്തമായി പറയുമ്പോൾ ജനം കടന്നുവിശ്വസിക്കും. എന്നാൽ സത്യാന്വേഷിക്ക് ലഭിച്ച വിവരങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. ഇങ്ങനെയുള്ളവരിൽ ഒരുവിഭാഗം പ്രവചിക്കുന്നത് സാത്താൻ സേവയിലാണ്. അടുത്തയിടെ വടക്കുള്ള ഒരു മന്ത്രവാദി പുറത്തുവിട്ട സത്യം; പലരും പ്രവചനം പഠിക്കാനും പൊടിക്കൈകൾ മനസിലാക്കാനും, സേവ ഏറ്റെടുക്കാനുമായി തന്റെ അടുക്കൽ വരുന്നു എന്നാണ്. അതുകൊണ്ട് സത്യാന്വേഷി ഒരു ബുദ്ധി ഉപദേശം തരട്ടെ. പ്രവചനം ശരിയായതുകൊണ്ടോ, ദൂത് പറഞ്ഞതുകൊണ്ടോ പ്രവാചകനോട് കൂടുതൽ അടുക്കരുത്. ദൂത് പ്രവാചകന് കൊടുത്ത ദൈവത്തോട് കൂടുതൽ അടുക്കണം. അപരിചതരായ പ്രവാചകനോ പാസ്റ്ററോ ആണെങ്കിൽ കൂടുതൽ ശ്രദ്ധിക്കണം. വ്യക്തമായി അന്വേഷിക്കണം. ആരെയെങ്കിലും ചതിച്ചിട്ടുള്ള വ്യക്തിയാണോ എന്ന് മനസിലാക്കണം. മനപൂർവ്വം കൊടുക്കുന്നതു കൂടാതെ പണം ചോദിക്കുന്നു എങ്കിൽ യാഥാർത്ഥ്യം അന്വേഷിക്കണം. അമിത സ്വാതന്ത്ര്യം കൊടുക്കരുത് ദുരുപയോഗം ചെയ്യും.

### യുഗാറിവ്

**കൊച്ചി:** മുൻനിര ബാങ്കുകളുടെ വ്യാജ വെബ്സൈറ്റിലൂടെ കോടികളുടെ തട്ടിപ്പ്. രാജ്യത്തെ ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഏറ്റവും വലിയ സ്വകാര്യ ബാങ്കായ ഐസിഐസിഐ ബാങ്ക് എന്നിവയുടേതുൾപ്പെടെ ഒരു ഡസനിലേറെ ബാങ്കുകളുടെ വ്യാജ വെബ്സൈറ്റുകളാണ് സജീവമായുള്ളത്. ചൈനീസ് ഫിഷിങ് സൈറ്റുകളാണ് ഇത്തരത്തിലുള്ള തട്ടിപ്പുകൾക്ക് പിന്നിൽ.

ഓൺലൈൻ ബാങ്കിങ്ങിലൂടെ പണമിടപാട് നടത്തുന്നവരാണ് തട്ടിപ്പിനിരയാകുന്നത്. ബാങ്കിന്റെ യഥാർത്ഥ വെബ്സൈറ്റിന്റെ തനിപ്പകർപ്പുകളാണ് ഇവ. അതിനാൽ തന്നെ ഇടപാടുകാർ വളരെ വേഗം തട്ടിപ്പിനിരയാകുന്നു.

കേരളത്തിലുൾപ്പെടെയുള്ള ഇടപാടുകാർ ഇത്തരത്തിൽ ഓൺലൈൻ തട്ടിപ്പിന് ഇരയാകുന്നുണ്ട്. സേർച്ച് എൻജിൻ വഴിയും വ്യാജ ഇ-മെയിലുകളിലൂടെയുമാണ് ഇത്തരം സൈറ്റുകൾ പ്രൊമോട്ട് ചെയ്യുന്നത്.

ഓൺലൈൻ ബാങ്കിങ് നടത്തുന്ന ഇടപാടുകാരുടെ എണ്ണം കൂടുന്നുണ്ടെങ്കിലും അവയെക്കുറിച്ച് അവബോധം കുറവാണെന്നതാണ് തട്ടിപ്പുകൾ പെരുകാൻ കാരണം.

തട്ടിപ്പിനിരയാവാതിരിക്കാൻ ബാങ്കുകളുടെ വെബ്സൈറ്റിലേക്ക് യുആർഎൽ ടൈപ്പ് ചെയ്തുതന്നെ കയറുകയാണ് വേണ്ടതെന്ന് റിസർവ് ബാങ്ക് അധികൃതർ പറഞ്ഞു. സേർച്ച് എൻജിനിലൂടെയും ഇ-മെയിലുകളിലൂടെയും സൈറ്റുകൾ ഓപ്പൺ ചെയ്യരുതെന്നും അവർ വ്യക്തമാക്കി.

ബാങ്കുകൾ ഇത്തരം തട്ടിപ്പുകൾക്ക് പ്രതിവിധിയായി ടൂൾ ബാറുകൾ അവതരിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ഇത്തരം ടൂൾ ബാറുകൾ സ്വന്തം കംപ്യൂട്ടറിൽ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. അക്കൗണ്ട് ഉള്ള ബാങ്കുകളുടെ ലിങ്ക് ഫേവറേറ്റ്സിൽ ഇടുന്നതും വ്യാജസൈറ്റുകളിലേക്ക് പോകാനുള്ള സാധ്യത തടയും.

മദ്ധ്യതിരുവിതാംകൂറിന്റെ
വിദേശയാത്ര സേവനരംഗത്ത്
വർഷങ്ങളുടെ അനുഭവസമ്പത്ത്

ഡൊമസ്റ്റിക്ക്, ഇന്റർ നാഷണൽ എയർ ടിക്കറ്റുകൾ, അമേരിക്കൻ
വിസ പ്രോസസ്സിംഗ്, കുവൈറ്റ്, സൗദിഅറേബ്യ, യു.എ.ഇ, ദോഹ
എന്നീ രാജ്യങ്ങളിലേക്കുള്ള വിസിറ്റ് വിസ, ഹോളിലാൻഡ് ടൂർ പാക്കേജ്,
സിംഗപൂർ, മലേഷ്യ ഉൾപ്പെടെ എല്ലാ രാജ്യങ്ങളിലേക്കുമുള്ള
ടൂർപാക്കേജുകൾ, പാസ്പോർട്ട്, എമിഗ്രേഷൻ തുടങ്ങി
വിദേശ യാത്രയുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങൾക്കും
വിശ്വസ്തമായ സേവനംകൊണ്ട് മികവുതെളിയിച്ച
തിരുവല്ലയിലെ ഏറ്റവും പ്രമുഖ ട്രാവൽ ഏജൻസി

അമേരിക്കൻ വിസിറ്റ് വിസ
അപ്പോയിൻമെന്റ്

COSMIC
AIR TRAVELS
FIRST FLOOR, POTHIRICANS BUILDING
NEAR K.S.R.T.C. BUS STAND,
TIRUVALLA, KERALA – 689 101
PHONE : 0469 2700230, 2730320, Res: 2730420
FAX: 0091 469 2730320. MOBILE : 94470 56320, 98470 56320, 9447156320
Email : cosmicairtravel@yahoo.com

**ഇന്ന് പെന്തെക്കോസ്ത് ലോകത്ത് ഏറ്റവും അധികം ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണ് ആഭരണം. ആഭരണത്തിനെതിരെ വേദപുസ്തകം സ്വീകരിച്ചിരിക്കുന്ന നിഷേധാത്മക നിലപാടുകളെയും ആഭരണത്തിന് എതിരായ വാക്യങ്ങളെയും ഊന്നി പെന്തെക്കോസ്ത് പിതാക്കന്മാർ ആഭരണധാരണത്തെ എതിർക്കുകയും അത് ഉപയോഗിക്കുന്നവർക്ക് സഭാംഗത്വം കൊടുക്കാതെയും സ്നാനപ്പെടുത്താതെയും തിരുമേശ കൊടുക്കാതെയും പോന്നു. അത് പെന്തെക്കോസ്തരുടെ ഒരു ഐഡന്റിറ്റി ആയിരുന്നു. എന്നാൽ 21–ാം നൂറ്റാണ്ടിലേക്കു വന്നപ്പോൾ ഏതുവിധേനയും ആളുകൂട്ടുക, സ്തോത്രക്കാഴ്ച വർദ്ധിപ്പിക്കുക എന്ന കാഴ്ചപ്പാടിലേക്ക് ചില കൂട്ടങ്ങൾ തരംതാണത് നിമിത്തം കഴിഞ്ഞ നൂറ്റാണ്ടിൽ ഒരു വിഷയമല്ലാതിരുന്ന ആഭരണം ഇന്ന് ഒരു വിഷയമായിരിക്കുകയാണ്. അതായത് മറ്റുള്ളവരുടെ മുന്നിൽ സമുദായക്കാർ ആണെന്നും, അകത്ത് പെന്തെക്കോസ്ത് അനുഭവം വേണം എന്നുള്ള ആശയത്തിൽ വേർപാടിന്റെ ഉപദേശത്തിന് വിലകൊടുക്കാൻ മനസ്സില്ലാത്തവർക്ക് കുട പിടിക്കുന്ന അവസ്ഥയിലേക്ക് ന്യൂ ജനറേഷൻ സഭകളെപ്പോലെ പല പെന്തെക്കോസ്തു സഭകളും നിലവാരം താഴ്ന്നുപോയ അവസ്ഥയിലാണ്. യുഗാന്ത്യ സന്ദേശം എന്നും പെന്തെക്കോസ്തു മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. സത്യാന്വേഷികളായ ഒരുകൂട്ടം ദൈവമക്കളെ ഉദ്ദേശിച്ച് 'ആഭരണധാരണം' എന്ന വിഷയത്തെ ആസ്പദമാക്കി ആരംഭിച്ച ഈ ലേഖന പരമ്പര ഈ ലക്കം അവസാനിക്കുകയാണ്.**

# ആഭരണമോ? എന്തിന്



**പാസ്റ്റർ തോമസ് മാത്യു സി. (തമ്പി ശങ്കരമംഗലം)കുവൈറ്റ്**

*ലേഖകൻ പ്രസിദ്ധനായ ബൈബിൾ പണ്ഡിതനാണ്. തന്റെ ബൈബിൾ ക്ലാസ്സുകളിലൂടെ രക്ഷാനിർണ്ണയം പ്രാപിച്ചവർ കുവൈറ്റിലും കേരളത്തിലും ലോകത്തിന്റെ പല ഭാഗങ്ങളിലും ഉണ്ട്. അദ്ദേഹം സ്ഥാപിച്ച സഭയാണ് നാനൂറോളം അംഗങ്ങളുള്ള കുവൈറ്റ് അഹമ്മദിയിലുള്ള ഫാഹേയിൽ ചർച്ച് ഓഫ് ഗോഡ് ഇപ്പോൾ അബ്ബാസിയിലുള്ള കുവൈറ്റ് ചർച്ച് ഓഫ് ഗോഡിന്റെ പാസ്റ്ററാണ് ലേഖകൻ*

കഴിഞ്ഞലക്കം തുടർച്ച

**ഈ** ലേഖനം ഈ ലക്കത്തിൽ അവസാനിക്കുകയാണ്. ഈ തുടർലേഖം വായിച്ച് ചിലരുടെ മുഖം പ്രകാശിച്ചും, ചിലരുടെ കറുത്തും കാണും. ഒരിക്കൽ വിരൂപനായ ഒരുവൻ തന്റെ മുഖം ദർശിച്ച നിലക്കണ്ണാടി തല്ലിപ്പൊട്ടിച്ചതായി കേട്ടിട്ടുണ്ട്. അവന്റെ മുഖം വിരൂപമായതിനു കണ്ണാടി എന്തു പിഴച്ചു? പ്രിയ വായനക്കാരാ. നിങ്ങളുടെ മുഖം കറുക്കാതെ, ഹൃദയത്തിൽ പ്രഥമസ്ഥാനം പിടിച്ചിരിക്കുന്ന ആഭരണഭ്രമത്തെ ഉപായംകൊണ്ടു കഷായം ചെയ്യാതെ, കർശനമായി നീക്കം ചെയ്ത് ദൈവത്തോടു മനഃസാക്ഷി പാലിച്ച് വേർപാടും വിശുദ്ധിയും പ്രാപിച്ച് വിശ്വാസികൾക്കു നല്ല മാതൃക കാട്ടുക. എങ്കിൽ നിങ്ങളുടെ ജീവിതം എത്ര ധന്യമായിരിക്കും. സാത്താൻ പട്ടുനൂൽകൊണ്ട് കെട്ടുന്നവനാണ്; അതിനാൽ പെട്ടെന്നു തിരിച്ചറിയുകയില്ല. ദൈവദാസന്മാരെ, തോട്ടം സൂക്ഷിപ്പാനും അതിൽ വേലചെയ്യുവാനും ദൈവം നമ്മെ ഭരമേല്പ്പിച്ചിരിക്കുന്നു. എത്ര കഠിനാദ്ധ്വാനം തേട്ടത്തിൽ ചെയ്താലും തോട്ടം സൂക്ഷിച്ചില്ലെങ്കിൽ പ്രയത്നം വ്യഥാവായിപ്പോകും. ചില കറുത്ത ശക്തികൾ വിഷവിത്തുമായി സഭയിൽ കയറിക്കൂടാൻ ഈ അന്ത്യനാളുകളിൽ ശ്രമിക്കുന്നു. ആട്ടിൻകൂട്ടം ദൈവത്തിന്റെ വകയെങ്കിലും നമ്മേ ഭരമേല്പ്പിച്ചിരിക്കുകയാണ്.ഇടയശ്രേഷ്ഠൻ പ്രത്യക്ഷപ്പെടാറായി. ഉപദേശ- ജീവിതവിശുദ്ധിക്കു എതിരായി വരുന്ന എല്ലാറ്റിനേയും എതിർത്തു തോല്പിക്കണം. അപ്പോൾ ദുരുപദേശങ്ങൾ അവരുടെ ഉപദേഷ്ടാക്കളോടൊപ്പം ഓടിമറയും.

കേരളത്തിന്റെ വെളിയിൽ സകല ക്രിസ്ത്യാനികളും ആഭരണം ധരിക്കുന്നുവെന്നിരിക്കട്ടെ, അതുകൊണ്ട് ആ നടപടി ശരിയാകണമെന്നില്ല. ഭൂരിപക്ഷം പേരും ചെയ്യുന്നു എന്നതിനാൽ അതു ശരിയാകണമെന്നില്ല. തമിഴ്നാട്ടിലെയോ സായിപ്പിന്റെയോ സംസ്കാരമല്ല, വചനം വെളിപ്പെടുത്തിയ സ്വർഗീയ സംസ്കാരമാണു വേണ്ടത്. കേരളക്കാർക്കു ചേർച്ചയില്ലാത്തതെന്നല്ല; വിശുദ്ധന്മാർക്കു ചേർച്ചയില്ലാത്തതു പാടില്ലയെന്നതാണ് വചനം.

കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ വളർച്ചയോടുകൂടി ലക്ഷക്കണക്കിനാളുകൾ പെന്തെക്കോസ്തു സഭയിലേക്കു ഇരച്ചുകയറി. അതോടെ പല പെന്തക്കോസ്തു സഭകളും ആഭരണനിരോധനത്തിൽ വിട്ടുവീഴ്ച വരുത്തി. ആധുനിക പെന്തക്കോസ്തുനേതാക്കന്മാർ മെഗാചർച്ചുകൾ നിർമ്മിക്കുന്ന ധൃതിയിലാണിപ്പോൾ. പണ്ടു പറഞ്ഞിരുന്ന ദൂതുകളും പ്രമാണിച്ചിരുന്ന വ്യവസ്ഥകളും മറന്ന് 'പരമവിളിയുടെ ലാക്കിനു' പകരം 'പരവതാനിയുടെ ലാക്കിലേക്ക്' ഓടുകയാണിപ്പോൾ. ആത്മബലത്തെക്കാൾ ആൾബലത്തിന് മുൻതൂക്കം നല്കുന്ന ഇവർ ഇടുക്കവും ഞരക്കവുമുള്ള വഴികൾ വെട്ടിത്തുറന്നു ഏതുടീമിനും നടന്നുകയറാവുന്ന ഹൈവേ നിർമ്മിക്കുന്ന ശുശ്രൂഷയിലാണ്. ജാഗ്രത പാലിക്കുക! സാത്താന്റെ എഞ്ചിനിയർമാരാണ് ഈ വിശാല വഴിയുടെ പിന്നിൽ പ്രവർത്തിക്കുന്നവർ.'ശുഭതുറമുഖമല്ല വിശ്വാസ സമൂഹത്തിന്റെ അഗാധ ഗർത്തത്തിലേക്കുള്ള പതനമാണ് ഈ വഴിയുടെ അന്ത്യം!!" (പ്രൊഫ. ഏഴംകുളം സാം കുട്ടി). സഭയിലേക്കു പ്രവേശിക്കുന്ന പെരുത്ത മീൻകൂട്ടത്തെ കണ്ടു ഹാ ലാഭവും തൃപ്തിയുമായി എന്നു പറഞ്ഞു സ്വാഗതം ചെയ്യാതെ വചനവാളിനാൽ അതിന്റെ ചെതുമ്പലും വാലും ചിറകും ഉള്ളിലെ അഴുക്കും എല്ലാം വേർപെടുത്തി വൃത്തിയാക്കുക. അകത്തുവരുന്ന മത്സ്യം അതേപടി വെട്ടിനുറുക്കി പാകപ്പെടുത്തിയാൽ ആകെ കുഴപ്പമാകും.

ചിലരെ കുഴയ്ക്കുന്ന പ്രശ്നം ഇതാണ്. ആഭരണധാരിയുടെ കൈയ്യാൽ അത്ഭുതങ്ങൾ നടക്കുന്നു. ദൈവം അവരിലൂടെ ഇപ്രകാരം എന്തുകൊണ്ടു പ്രവർത്തിക്കുന്നു? രക്ഷയെപ്പോലെതന്നെ വരങ്ങളും ദാനമാണ്. ഈവിധ വരപ്രാപ്തർ പൂർണ്ണവിശുദ്ധരാണെന്ന് ചിന്തിക്കുന്നത് ശുദ്ധഭോഷത്വവും അപകടവുമാണ്. അത് അറിയുവാൻ പലരുടെയും ജീവിതവും പഠിപ്പിക്കലും നിരീക്ഷിച്ചാൽ മതി. വേർപാടും വിശുദ്ധിയും അവർ പ്രസംഗിക്കാറില്ല. അവരുടെ ഭാവിയെപ്പറ്റി കർത്താവു പറയുന്നു:" കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും.... ചെയ്തില്ലയോ" എന്നു പലരും ആ നാളിൽ എന്നോടു പറയും.... "അന്നു ഞാൻ അവരോട് ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല..." (മത്തായി 7:22,23). വീടുപണികൾ വിശാലമായ മണൽപ്പരപ്പിൽ ആകർഷണീയമായ നിലയിൽ തന്നെ ഗംഭീരമായി നടക്കുന്നു. വിശുദ്ധിയും വേർപാടും ഇല്ലെങ്കിലും യേശുവിന്റെ നാമത്തിൽ വലിയ അത്ഭുതങ്ങൾ സ്റ്റേജിൽ നടക്കുന്നു. പക്ഷേ വ്യവസ്ഥിതിയിൽ പണിയാത്തതിനാൽ മേല്പ്പറഞ്ഞതുപോലെ ആട്ടിപ്പുറത്താക്കപ്പെടും. സ്വർണ്ണബിംബത്തെ നമസ്കരിക്കയില്ലെന്നു മൂന്നു എബ്രായബാലന്മാർ അന്നു തീരുമാനിച്ചെങ്കിൽ ഇന്നു സ്വർണ്ണമാകുന്ന ബിംബത്തെ വീണു നമസ്കരിപ്പാനും അണിഞ്ഞു ഡംഭം കാട്ടുവാനും ഒരുകൂട്ടം പെന്തെക്കോസ്തുകാർ തയ്യാർ. എന്തൊരു വിരോധാഭാസം.

ജഡികനായ, ലോകസ്നേഹിയായ ദേമാസ് ആത്മീകനായ പൗലൊസിനെ വിട്ടുപോയി. ആത്മീയലോകത്തിന്റെ പവിത്രതയെ നശിപ്പിക്കുന്ന ഒരു വിപത്താണ് ലോകമയത്വം. വിശ്വാസി ഈ ലോകത്തിനു അനുരൂപനാകരുത്. വിശ്വാസി വേർപെട്ടവനായിരിക്കണം. അതായത് ലോകം വിശ്വാസിയെ തിരിച്ചറിയണം. ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു. ബാഹ്യാലങ്കാരം വിട്ടു ആത്മീയലങ്കാരങ്ങൾ കൊണ്ടു ധന്യരാകുവാൻ ശ്രദ്ധിച്ചിരുന്ന മുൻകാല ഭക്തന്മാരിൽനിന്നും വ്യത്യസ്തരായി പരിഷ്കൃതവിശ്വാസികൾ പലരും കാഴ്ചപ്പാടു നഷ്ടപ്പെട്ട് ഛർദ്ദിച്ചതിന്നെ തിരികെ എടുക്കുവാനുള്ള ബദ്ധപ്പാടിലാണ് 'സ്തോത്രം' പറഞ്ഞ് ആഭരണം അണിയുവാൻ ആരംഭിച്ചിട്ടുണ്ട്. സ്തോത്രത്തോടെ എല്ലാമാകാം എന്നാണല്ലോ വചനം. ഇനിയും സ്തോത്രം പറഞ്ഞു സിഗററ്റുവലിയും കള്ളുകുടിയും തുടങ്ങുകയില്ലെന്നാർക്കു പറയാൻ പറ്റും!! എന്നാൽ ഇന്നു വചനാനുസരണം ആഭരണം നീക്കാൻ മടിക്കുന്നവർ ഒരുദിവസം സകലവും ഊരും, അല്ലെങ്കിൽ വേണ്ടപ്പെട്ടവർ ഊരും. എന്നിട്ടു തനി പെന്തക്കോസ്തായി ലേകം വിട്ടുപോകും. കത്താവിൽ പ്രിയരെ! ഈ മായാലോകത്തിൽ സത്യമായവ, ഘനമായവ, സൽക്കീർത്തി, സൽഗുണം എന്നിവയെ പിൻതുടരുക. 'ലോകം അവർക്കു യോഗ്യമായിരുന്നില്ല' . യഥാർഥ ഭക്തന് ഈലോകം ഒരിക്കലും യോഗ്യമല്ല. അതിനാൽ യഥാർത്ഥഭക്തി വിട്ടു ലോകക്കാരനാകുന്നത് എത്രയോ അപകടകരം! കർത്താവു വരാറായി. കറയും ചുളുക്കവും വാട്ടവും മാലിന്യവും ഇല്ലാത്തവരായി നമുക്കു യേശുവിനെ കാത്തിരിക്കാം. അങ്ങനെയുള്ളവരെ ചേർക്കുവാനാണ് കർത്താവു വരുന്നത്. ആ ഗണത്തിൽ കാണപ്പെടുവാൻ കർത്താവ് എല്ലാവരെയും സഹായിക്കട്ടെ.

പ്രകൃതിയുടെ മടിത്തട്ടിൽ ആധുനികതയുടെ സൗകര്യങ്ങളുമായി ഒരു ക്രൈസ്തവ ടൗൺഷിപ്പ്.
31 British Designer Super Luxury Villas & Plots in 12, 10, 7, 5.5, 3.75 cents
BOOKING STARTED : 25 Studio Homes for Senior Citizens
Health Tourism · Smart City neighbourhood · Smart Home
Recurring income at an absolute Faithcity spiritual atmosphere
Exchange OFFER VILLAS & PLOTS
കൊച്ചി ഇന്റർനാഷണൽ എയർപ്പോർട്ടിന്റെ സമീപെ ജി. സി. ഡി. എ. പരിധിക്കുള്ളിൽ നിർമ്മാണത്തിലിരിക്കുന്ന പുതിയ പാലത്തോടു ബന്ധിച്ച് എയർപ്പോർട്ട്– കോട്ടയം റോഡും എറണാകുളം– പെരുമ്പാവൂർ റോഡും ആലുവ– മൂന്നാർ റോഡും ചേരുന്ന പ്രകൃതിരമണീയമായ പോഞ്ഞാശേരിയിൽ വിശ്വാസികൾക്കു മാത്രമായി ഒരു ടൗൺഷിപ്പ് ഒരുങ്ങുന്നു. അനുദിനം മൂല്യം വർധിക്കുന്ന സുരക്ഷിത നിക്ഷേപവും SBI Life ബോണ്ടും!
SBI Life BOND ensures - (i) 100% Returns on the current Purchase Value; (ii) Life insured; (iii) Medi Claim.
BY THE TIME VILLA IS READY FOR OCCUPATION IN 18 MONTHS, THE NEW 3RD BRIDGE ACROSS PERIYAR RIVER COMPLETED
AND YOUR VILLA PROPERTY VALUE DOUBLED DUE TO INTERNATIONAL AIRPORT VICINITY OF 5.5Km DISTANCE AND TOURISM CONNECTIVITY.
ഉദ്ദേശിച്ചത്രയും തുക തികയുന്നില്ല, തികഞ്ഞ ആത്മീയാന്തരീക്ഷം വാഞ്ചിക്കുന്നു, എങ്കിൽ നിങ്ങളുടെ പഴയ വീടോ, വസ്തുവോ ഞങ്ങളുടെ അതിനൂതന സാങ്കേതിക മികവു പുലർത്തുന്ന വില്ലകളോ, പ്ലോട്ടുകളോ, സീനിയേഴ്സ് ഹോംസ് ആയോ കൈമാറ്റത്തിനുള്ള സുവർണ്ണാവസരം
SBI Life's 100% Money Return Plan
PRIME VILLAS AT 3 PAYMENT OPTIONS
VILLA OF YOUR CHOICE IN THE RESIDENTIAL RETREAT CENTRE
SPECIAL OFFER TILL 31.03.2010
ATTRACTIVE PAYMENT SUBSIDIZATIONS



തികഞ്ഞ പ്രാർത്ഥനാന്തരീക്ഷത്തിൽ അൽപം മാത്രം ബാക്കിയുള്ള വില്ല പ്ലോട്ടുകൾ; 3 / 4 / 5 ബെഡ് റൂം വില്ലകൾ; സീനിയേഴ്സ് ഹോമുകൾ; റിട്രീറ്റ് സെന്റർ; തൊഴിലധിഷ്ഠിത ബൈബിൾ സെമിനാരി; വിദേശ മെഡിക്കൽ വിദ്യാഭ്യാസം ലക്ഷ്യമാക്കിയുള്ള ഹൈപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ സൊലൂഷൻസ്.
RARE EXCHANGE OFFER • 30,000SQFT. FOR BIBLE CONFERENCE • DELIVERY IN 18 MONTHS • BANK HOME LOANS
Board of Consultant Directors are renowned Professionals and eminent Men of God from major Christian Churches.
"Unless the LORD builds the house, its builders labour in vain" (Ps. 127:1)



for immediate booking Call or E-mail:
M/s GOODYEAR BUILDERS & ENGINEERS PTE. LTD
Engineers • Builders • Township Developers • Project Investors
Victory Park · JOINT VENTURE WITH · SBI Life INSURANCE With Us, You're Sure
POST BOX No: 2295 :: CRA/197, PALARIVATTOM, COCHIN - 682 025 :: INDIA.
Phone: (O) 91-484-2345846, 2330200, ® 91-484-2343956 Fax: 91-484-2345163, 2343956
Mob: 91-9447250583 Visit At: www.goodyearenterprises.com
Email: goodyear83@rediffmail.com info@goodyearenterprises.com

ECONOMY VILLAS
in 3.80cents
2 Storied, 3 Bed, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 66.14 M2
PORCH - 7.80 M2
FIRST FLOOR AREA - 47.50 M2
TOTAL FLOOR AREA - 121.44 M2
(1305.00 SQFT)

STANDARD VILLAS
In 5.5 cents
2 Storied - 3 Bed,1 Consultation Room, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 111.72 M2
PORCH - 11.34 M2
FIRST FLOOR AREA - 58.24 M2
TOTAL FLOOR AREA - 181.30 M2
(1950.79 SQFT)

LUXURY VILLAS
in 7 cents
2 Storied, 3 Bed, 1 Consultation Room, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 113.50 M2
PORCH - 16.60 M2
FIRST FLOOR AREA - 76.23 M2
TOTAL FLOOR AREA - 206.33 M2
(2220.11 SQFT)

SUPER LUXURY VILLAS
in 10 cents
2 Storied, 4 Bed, 1 Consultation Room, 6 Baths
(Inclusive of wood - works)



GROUND FLOOR AREA - 153.82 M2
PORCH - 25.94 M2
FIRST FLOOR AREA - 75.65 M2
TOTAL FLOOR AREA - 255.41 M2
(2748.21 SQFT)

SUPER LUXURY VILLAS
in 12 cents
2 Storied, 4 Bed, 1 Servant Room, 1 Consultation Room, 7 Baths
(Inclusive of wood - works)



GROUND FLOOR AREA - 174.65 M2
PORCH - 23.00 M2
FIRST FLOOR AREA - 109.05 M2
TOTAL FLOOR AREA - 306.70 M2
(3300.00 SQFT)

• HEALTH TOURISM • FIRE SAFETY • FLOOD LIGHTS • MINI SHOPPING CENTRE • CAFETERIA • DAY & NIGHT SECURITY •

## യുഗവിചാരണ

# വിവാഹം : അന്നും ഇന്നും

പണ്ടൊക്കെ നമ്മുടെ നാട്ടിലെ വിവാഹങ്ങൾ കൂട്ടായ്മയുടെയും സഹകരണത്തിന്റെയും ആഘോഷങ്ങൾ ആയിരുന്നു. രണ്ടു പതിറ്റാണ്ട് മുമ്പൊക്കെ വിവാഹപ്പന്തൽ മുതൽ ഭക്ഷണ കാര്യങ്ങൾ വരെ അയൽവാസികളും കൂട്ടുകാരും ഏറ്റെടുക്കുകയായിരുന്നു. കല്യാണത്തലേന്ന് കുറെ ആൾക്കാർ ഉണ്ടാകും. പക്ഷെ തിന്നു മുടിപ്പിക്കാനും കല്യാണം കലക്കാനും വേണ്ടിയായിരുന്നില്ല അവർ വന്നിരുന്നത്, സ്വന്തം വീട് പോലെ കരുതി ഒരു പവിത്രമായ കാര്യത്തിന്റെ വിജയവും ഭംഗിയായ പര്യവസാനവും ഉറപ്പുവരുത്താനായിരുന്നു. ഒരു വീട്ടുകാരന്റെ മനസ്സിലെ സർവ്വ ആശങ്കകളും നിറഞ്ഞ ആത്മാർത്ഥയും എല്ലാവർക്കും ഉണ്ടായിരുന്നു. മതത്തിന്റെയോ കക്ഷിരാഷ്ട്രീയത്തിന്റെയോ വേലിക്കെട്ടുകൾ അവരെ യാതൊരു വിധത്തിലും, പരസ്പര സഹകരണത്തിൽ നിന്ന് മാറ്റിയിരുന്നില്ല. വിശ്വാസവും സ്നേഹവുമായിരുന്നു അവരുടെ മുഖമുദ്ര.

ഇന്ന് കാര്യങ്ങൾ ഏറെ മാറി. പണ ധൂർത്തിന്റെയും ആർഭാടങ്ങളുടെയും കൂത്തരങ്ങുകളായി പവിത്രമായ ചടങ്ങുകൾ മാറി. ഒരു വ്യക്തിയുടെ ജീവിതത്തിലെ അതിപ്രധാനമായ ഒരു കാര്യത്തിന്റെ നാന്ദിയായി വളരെ ആദരവോടെയും അർഹിക്കുന്ന ബഹുമാനത്തോടെയും സമീപിക്കേണ്ട വിവാഹങ്ങൾ ഗൗരവം ഇല്ലാത്ത ചടങ്ങുകളായി മാറി. പകരം പല കാര്യങ്ങളും കല്യാണ വീടുകളിൽ കയറികൂടി.

മദ്യം വിളമ്പുന്നതിൽ ഒരു സ്വകാര്യത പുലർത്തിയിരുന്നു പണ്ടൊക്കെ, എന്നാൽ പിതാവും മകനും ഒന്നിച്ചിരുന്നു മദ്യം കഴിക്കുന്നതിൽ യാതൊരു സങ്കോചവും പ്രകടിപ്പിക്കാത്ത സമൂഹത്തിലാണ് ജീവിക്കുന്നത് എന്നോർക്കണം. അത്രയും തരമുള്ളവർ അത്രമേൽ പരസ്യമായ ഒരു മദ്യ സല്ക്കാരമായി വിവാഹ തലേന്ന് പാർട്ടി സജ്ജീകരിക്കുന്നു. ചിലർ അല്പം സ്വകാര്യത പുലർത്തി രഹസ്യ മദ്യ പാർട്ടികൾ സംഘടിപ്പിക്കുന്നു. ഇതിനൊന്നും കഴിയാത്തവർ എവിടെയെങ്കിലും പോയി സൗകര്യപൂർവ്വം കുടിക്കാനായി പണം നല്കുന്നു. എന്തായാലും കല്യാണ തലേന്ന് അല്പം അടിച്ചു പൂസാവൽ യുവാക്കൾക്കിടയിൽ ഒരു ചടങ്ങായി മാറിയിരിക്കുന്നു എന്ന് വേണം പറയാൻ. ഒത്തിരി കാര്യങ്ങൾ ചെയ്യാനുള്ള ഒരു വിവാഹ വീട്ടിലെ അവസ്ഥ മനസ്സിലാക്കാനോ കഴിയുന്ന സഹകരണങ്ങൾ ചെയ്യാനോ യുവതലമുറയിലെ ആരെയും കാണില്ല എന്നത് സത്യമല്ലേ? വയറു നിറച്ചു ഭക്ഷണം കഴിക്കും വരെ എല്ലാവരെയും കാണും. പിന്നെ ചെറു സംഘങ്ങളായി ഏതെങ്കിലും തരമുള്ള സ്ഥലം കണ്ടെത്തി മദ്യ ലഹരിയിൽ ആർമാദിക്കാനുള്ള സമയം! ഇതാണ് ഇടത്തരം വീടുകളിൽ കല്യാണ തലേന്ന് സംഭവിക്കുന്നത്.

മൂക്കറ്റം മദ്യം കഴിച്ചു ലെക്കു കെട്ടു കല്യാണ വീടുകളിൽ വന്നു സ്ത്രീകളെ ഉപദ്രവിക്കുന്ന സംഭവങ്ങൾ വരെ പലയിടങ്ങളിലും നടക്കുന്നു എന്നതാണ് ഏറെ ദുഃഖകരം. ഇങ്ങനെയൊക്കെ നടന്നിട്ടും പലപ്പോഴും സ്വന്തം മക്കളെ നിയന്ത്രിക്കാൻ മാതാപിതാക്കൾക്കോ കാരണവന്മാർക്കോ സാധിക്കാതെ പോകുന്നു. ചുറ്റുപാടുമുള്ള തിന്മകളോട് പ്രതികരിക്കാൻ ചങ്കൂറ്റമുള്ള ഒരു തലമുറയുടെ അഭാവം സമൂഹത്തിന്റെ സന്തുലിത അവസ്ഥയെ സാരമായി ബാധിക്കുന്നു എന്ന് പറയാതിരിക്കാൻ വയ്യ. മക്കളെ പേടിച്ചു കൊണ്ടാണ് പല മാതാപിതാക്കളും ജീവിക്കുന്നത്. സ്വന്തം എന്ന സ്വാർത്ഥതയുടെ പൈശാചികതയാണ് പൊതുവേ ജനങ്ങളെ നിയന്ത്രിക്കുന്നത്. ഇടപെടൽ എന്ന സ്വഭാവം പിൻവലിയുന്ന അവസ്ഥയാണ് കാണുന്നത്.

ചുറ്റുപാടുമുള്ള ലോകത്തെ മിഥ്യയായ ഭാവങ്ങളെ കൈ കുമ്പിളിൽ കൊണ്ട് വരാനായി ശ്രമിക്കുന്ന യുവ തലമുറയാണ് കൂടുതലും. മദ്യത്തിന്റെയും ഡ്രഗ്സിന്റെയും ലോകത്തെയാണ് ഇതിനായി കൂട്ട് പിടിക്കുന്നത്, നന്മയും തിന്മയും, സത്യവും അസത്യവും, നല്ലതും ചീത്തയും ഇതൊക്കെ അപേക്ഷികമാണെന്നാണ് ഇവരുടെ വാദം. ആത്മീയത ജീവിതത്തിൽ നിന്ന് പാടെ അകന്നു പോയി. ഏത് മതമായാലും മത തത്വങ്ങളെ ബഹുമാനിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യുന്ന തലമുറ കുറഞ്ഞുവരുന്നു എന്നതു സത്യമാണ്. ബോളിവുഡ് ഹോളിവുഡ് സിനിമകളിലെ മത്തു പിടിപ്പിക്കുന്ന രംഗങ്ങൾ വികാര തീവ്രതയോടെ മനസ്സിൽ കൊണ്ട് നടക്കുന്ന ഒരു വിഭാഗത്തിൽ നിന്ന് കാര്യമായി ഒന്നും പ്രതീക്ഷിക്കുക വയ്യ. അവർ ഭാവനകളെയും ഭാവങ്ങളെയും നല്ലത് ചീത്ത എന്ന് നോക്കാതെ യാഥാർത്ഥ്യം ആക്കാൻ ശ്രമിക്കുകയാണ്. മാത്രമല്ല വിവാഹത്തിന് തയാറെടുക്കുന്ന യുവതീയുവാക്കൾ വിവാഹജീവിതത്തിനുവേണ്ടി തയാറെടുക്കുന്നതിനെക്കാൾ സമയം വിവാഹത്തിനുവേണ്ടി ഒരുങ്ങുന്നതിന് എടുക്കുന്നു. ഇതിന്റെ പ്രതികരണമായി ഭവിക്കുന്നത് മറ്റൊന്നുമല്ല, ഒരു ജനതയുടെ, ഒരു സംസ്കാരത്തിന്റെ അപചയമാണ്.!! വിവാഹമോചനം പെരുകുന്നു. വേദപുസ്തക മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന ദൈവമക്കളുടെ ഭവനങ്ങൾ ഇതിനൊരപവാദമായി തീരട്ടെ.

# സ്വർണ്ണംതേടി മരണത്തിലേക്ക്

**ഡോ.മാത്യു കോശി**

ഏറ്റവും കൂടുതൽ പാരിസ്ഥിതിക പ്രശ്നങ്ങൾ വരുത്തിവയ്ക്കുന്ന ഒന്നാണ് സ്വർണ്ണഖനനം. നവദമ്പതികൾക്ക് അണിയുവാൻ ഒരു ജോഡി സ്വർണ്ണമോതിരം സൃഷ്ടിക്കുവാൻ 6 അടിതാഴ്ചയും 10 അടി നീളവുമുള്ള ഒരു കുഴിയുടെയത്രയും വ്യാപ്തം അയിരു(*ore*)വേണം. ഭയങ്കര വിഷമായ സയനൈഡ് (*cyanide*) ഉപയോഗിച്ചുള്ള പ്രക്രിയയിലൂടെയാണ് സ്വർണ്ണം സംസ്കരിക്കുന്നത്. ഒരുടൺ സ്വർണ്ണം ലഭിക്കുവാൻ മൂന്നുലക്ഷം ടൺ അയിരു സംസ്കരിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ ദശകത്തിൽ സ്വർണ്ണഖനനത്തിന് വ്യാപകമായി ഉപയോഗിച്ചത് സയനൈഡ് ലായിനി ഉപയോഗിച്ചുള്ള പ്രക്രിയയാണ്. ഈ പുറത്തള്ളുന്ന വിഷദ്രാവകം ഗുരുതരമായ പാരിസ്ഥിക പ്രശ്നങ്ങളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. രണ്ടുശതമാനം വീര്യമുള്ള ഒരു ടീസ്പൂൺ സയനൈഡ് അകത്തു ചെന്നാൽ 40 സെക്കൻഡിനുള്ളിൽ ആൾ മരിക്കും. 2000 ജനിവരിയിൽ റുമേനിയായിൽ 130 ദശലക്ഷം ലിറ്റർ സയനൈഡി ലായിനി സ്വർണ്ണ ഖനനകേന്ദ്രത്തിൽ നിന്നും ഒഴുകി നദികളിലൂടെ അത് ബ്ലാക്ക് സീയിൽ(കരിങ്കടൽ) എത്തുകയും ചെയ്തു. ഒരു നദിയുടെ ജീവൻ നശിപ്പിച്ച ഈ സംഭവം ചെർണോബിലിനു ശേഷമുള്ള യൂറോപ്പിലെ ഭീകര പരിസ്ഥിതി ദുരന്തമാണ്. ഇതിനു സമാനമായ സംഭവം 1992-ൽ അമേരിക്കയിൽ കൊളറാഡോ നദിയിലും ഉണ്ടായി. നദിയിലേക്ക് സയനൈഡ് ലായിനി വന്നുചേരുവാനിടയായ ദുരന്തങ്ങളാണിത്. മറിച്ച് കരയിൽതന്നെ അനവധി ജീവജാലങ്ങളെ കൊന്നൊടുക്കിക്കൊണ്ടിരിക്കുകയാണ്. ഒരു പവൻ രൂപപ്പെട്ടുവരുന്നത് സ്വർണ്ണഖനനത്തിനുപയോഗിക്കുന്ന മറ്റൊരു സാങ്കേതികവിദ്യ മെർക്കുറി ഉപയോഗിച്ചുള്ളതാണ്. ആമസോണിലെ സ്വർണ്ണഖനനക്കാർ ഓരോവർഷവും രണ്ടു ലക്ഷംപൗണ്ട് മെർക്കുറിയാണ് പരിസ്ഥിതിയിലേക്കു തള്ളുന്നത്.ഒരു ടീസ്പൂൺ മെർക്കുറിക്ക് 25 ഏക്കർ വിസ്തൃതിയുള്ള തടാകത്തിലെ മത്സ്യസമ്പത്തിനെ ഭക്ഷ്യയോഗ്യമല്ലാതാക്കാൻ സാധിക്കും. പ്രകൃതിക്ക് ഏറ്റവും വിനാശകരമായി സയനൈഡും മെർക്കുറിയുംഉപയോഗിച്ചാണ് സ്വർണ്ണം ഉല്പാദിപ്പിക്കുന്നത്. ഒരു പവൻ സ്വർണ്ണം രൂപപ്പെടുവാൻ അനവധി ജീവനാണ് പൊലിയുന്നത്. ഇന്നു ഏറ്റവും കൂടുതൽ പരസ്യം നല്കുന്നത് സ്വർണ്ണക്കടക്കാരാണ്. ടി.വി. യിലും പത്രങ്ങളിലും ഇവർ മായാപ്രപഞ്ചം തന്നെ സൃഷ്ടിക്കുകയാണ്. സ്വർണ്ണത്തോടുള്ള കമ്പം അനുദിനം വർദ്ധിച്ചുവരികയാണ്. ഇവരാണ് നാളത്തെ സംസ്കാരവും ധാർമ്മികതയും തീരുമാനിക്കുക.

## കൗൺസിലിങ്ങ് കോർണർ ആരംഭിക്കുന്നു

**യുഗാന്ത്യസന്ദേശത്തിൽ അടുത്തലക്കം മുതൽ കൗൺസിലിങ്ങ് കോർണർ ആരംഭിക്കുന്നു. ചർച്ച് ഓഫ് ഗോഡ് കൗൺസിലിങ്ങ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ റവ. ജോൺസൺ ഡാനിയേൽ നിങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നു.**

**വരിസംഖ്യ പുതുക്കാത്തവർക്കും വിദേശത്തേക്ക് അയയ്ക്കുവാനുള്ള ഭാരിച്ച ചെലവ് നിമിത്തവും വരിസംഖ്യ അടയ്ക്കാത്തവർക്ക് അടുത്തലക്കം മുതൽ യുഗാന്ത്യസന്ദേശം അയയ്ക്കുവാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു. വരിസംഖ്യ അടയ്ക്കുവാൻ താല്പര്യമുള്ളവർ യുഗാന്ത്യസന്ദേശം പി.ഒ.ബോക്സ് – 66, തിരുവല്ല എന്നവിലാസത്തിൽ അയയ്ക്കുക. ഫോൺ : 9446747100.**

**വരിസംഖ്യ : ഇൻഡ്യയിൽ 70 രൂപ, വിദേശരാജ്യങ്ങളിൽ 1200 രൂപ**


# ഇത്രത്തോളം ഉയർത്തിയ ദൈവത്തിന് മഹത്ത്വം

## ഓൾ ഇന്ത്യാ ലെവലിൽ 15–ാം റാങ്കിൽ
## 6th സെഞ്ചൂറിയൻ – തിരുവനന്തപുരം ഡിവിഷൻ

**TOT (Top of the Table), Corporate Club Member (MDRT + MDRT), ചെയർമാൻ ക്ലബ്ബ് മെമ്പർ, നേടുന്ന കേരളത്തിലെ ആദ്യത്തെ വനിത**

എൽ.ഐ.സി.യുടെ കൊട്ടാരക്കര ബ്രാഞ്ചിൽ 2007 - 2008 സാമ്പത്തിക വർഷത്തിൽ റിക്കാർഡുകൾ സൃഷ്ടിച്ച് കൊണ്ട് 600 പോളിസികളിൽ 6 കോടിയിൽ പരം ബിസിനസ് കരസ്ഥമാക്കി. രണ്ടര കോടി രൂപയുടെ ആദ്യ പ്രീമിയം ശേഖരിച്ച് തിരുവനന്തപുരം, കൊട്ടാരക്കര ഡിവിഷനിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഏക ഏജന്റ്, സോണലിൽ നാലാം സ്ഥാനത്തും ആകുന്നതിന് സഹായിച്ച ദൈവത്തിനും, സീനിയർ ബ്രാഞ്ച് മാനേജർ, അസി. മാനേജേഴ്സ്, ഡവലപ്പ്മെന്റ് ഓഫീസേഴ്സ്, ബ്രാഞ്ചിലെ എല്ലാ ജീവനക്കാർക്കും, ഇന്ത്യയിലും, യു.എസ്.എ, ഇംഗ്ലണ്ട്, യൂറോപ്പ്, ഗൾഫ്, ആസ്ത്രേലിയ, സിങ്കപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങളിലുള്ള എല്ലാ പോളിസി ഉടമകളോടുമുള്ള ഞങ്ങളുടെ നന്ദിയും സ്നേഹവും അർപ്പിക്കുന്നു.

ബ്രദർ സി. ജി സാംകുട്ടി, ഇന്ത്യാ ദൈവസഭ കേരളാ സ്റ്റേറ്റ് സൗത്ത് സോൺ സെക്രട്ടറി, സ്റ്റേറ്റ് ബോർഡ് എക്സിക്യൂട്ടീവ് മെമ്പർ,അടൂർ നോർത്ത് ഡിസ്ട്രിക്റ്റ് ട്രഷറർ, ഏനാത്ത് സഭാ സെക്രട്ടറി എന്നീ പദവികളിൽ പ്രവർത്തിച്ചു വരുന്നു. മക്കൾ ജെമി സാം, ജെം സാം. തുടർന്നും ഏവരുടേയും സഹായസഹകരങ്ങൾ ഞങ്ങൾ പ്രതീക്ഷിക്കുന്നു.



**സി. ജി. സാംകുട്ടി & സാറാമ്മ സാംകുട്ടി**

**Head office:**
**LIC of India, Jeevan Jyothi**
**Policy Service Centre, Unity Tower**
**Opp. Pvt. Bus Stand, Pulamon, Kottarakkara**
**Branch Office:**
ജീവൻ ജ്യോതി LIC പോളിസി സർവ്വീസ് സെന്റർ,
ഏനാത്ത് പാലം, കുളക്കട പി.ഒ., കൊല്ലം
Ph: 04734 325341
**Mob: 9447192916, 9446185886**
**RESIDENCE:** ഗിൽഗാൽ ജെം ഭവൻ, ഏനാത്ത് പി.ഒ.,
പത്തനംതിട്ട - 691 526. Res: 04734 - 212916, 210795

**എൽ.ഐ.സി.യുടെ പോളിസി സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും ഈ ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്.**

**എൽ.ഐ.സി. ഓഫ് ഇന്ത്യ അഭിമാനപുരസരം അവതരിപ്പിക്കുന്നു....**
**നിങ്ങൾ ഏറെക്കാലമായി കാത്തിരുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി....!!**

## എൽ.ഐ.സി. യുടെ ഹെൽത്ത് പ്ലസ് (T901)

### എന്തുകൊണ്ട് Health Insurance?

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ജീവിതക്രമത്തിൽ വിദഗ്ധ ചികിത്സയുടെ ആവശ്യകത വർദ്ധിച്ചുവരികയാണ്. ഏതുതരം മുന്തിയ ചികിത്സാ സൗകര്യങ്ങളും ഇന്നു നമ്മുടെ രാജ്യത്ത് ലഭ്യമാണ്. എന്നാൽ ചികിത്സാ ചിലവുകൾ ഭീമമായി വർദ്ധിക്കുന്നു എന്നത് യാഥാർത്ഥമാണ്. ഇതു നമ്മുടെ സാമ്പത്തിക ആരോഗ്യ സുരക്ഷിതത്വത്തെ അപകടത്തിലാക്കും. എൽ.ഐ.സി.യുടെ ഹെൽത്ത് പ്ലസ് നിങ്ങളുടെയും, കുടുംബത്തിന്റെയും ആരോഗ്യസുരക്ഷയും സാമ്പത്തിക സുരക്ഷയും ഉറപ്പാക്കുന്നു.

**സവിശേഷതകൾ:**

- ഒരു യൂണിറ്റ് ലിങ്ക്ഡ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി allocated premium ത്തിന്റെ പത്ത് ശതമാനം മുതൽ അമ്പത് ശതമാനം വരെ ഓഹരി വിപണിയിൽ നിക്ഷേപിക്കുന്നു.
- ചേരാവുന്ന പ്രായം 18 മുതൽ 55 വരെ, പോളിസ് കാലാവധി പ്രിൻസിപ്പൽ ഇൻഷ്വേർഡിന് 65 വയസ് എത്തുന്നതുവരെ.
- പോളിസിയിൽ ആവശ്യമെങ്കിൽ ഭർത്താവ് /ഭാര്യ, പ്രായപൂർത്തിയാക്കാത്ത കുട്ടികൾ (3 മാസം മുതൽ 17 വയസുവരെ) എന്നിവരെക്കൂടി ഉൾപ്പെടുത്താവുന്നതാണ്. ചില പ്രധാനപ്പെട്ട ഡെപ്പോസിറ്റ് സ്കീമുകൾ നിർത്തലാക്കുന്നതിനാൽ ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക

**എൽ.ഐ.സി കൊട്ടാരക്കര ബ്രാഞ്ചിൽ ഇൻഷുറൻസ് അഡ്വൈസറെ (ഏജന്റ്) ആവശ്യമുണ്ട്.**

മിനിമം വിദ്യാഭ്യാസ യോഗ്യത
**എസ്.എസ്.എൽ.സി പാസ്സായിരിക്കണം.**
ഉടൻ ബന്ധപ്പെടുക. **Mob: 9447192916, 9446185886**

**പുതിയ പോളിസികൾ എടുക്കുന്നതിന് ചുരുങ്ങിയ കാലയളവിൽ വലിയ ലാഭം കിട്ടുന്ന ഡിപ്പോസിറ്റ് സ്കീമുകളിൽ ചേരുവാനും ഞങ്ങളെ സമീപിക്കുക**

## സഭാ ഹോൾ ഉദ്ഘാടനം



ഇടമൺ സഭാ ഹോളിന്റെ ഉദ്ഘാടനം പാസ്റ്റർ എം.കുഞ്ഞപ്പി നിർവ്വഹിക്കുന്നു. പാസ്റ്റർ പി.എൻ. ഫിലിപ്പ് സമീപം.

**ഇടമൺ :** ചർച്ച് ഓഫ് ഗോഡ് ഇടമൺ സഭയ്ക്കുവേണ്ടി പണിത സഭാഹോളിന്റെയും ഓഡിറ്റോറിയത്തിന്റെയും ഉദ്ഘാടനം സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി നിർവഹിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ പി.എൻ.ഫിലിപ്പ് ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി.ജി.മാത്യൂസ്, കൗൺസിൽ സെക്രട്ടറി പാസ്റ്റർ എം.ഓ.ഏലിയാസ് എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. സ്റ്റേറ്റ് ബോർഡ് വൈസ് പ്രസിഡന്റ് ബ്രദർ കെ.ജോണും, സ്റ്റേറ്റ് ഓഫീസ് സെക്രട്ടറി ബ്രദർ ജോൺ പിനൈനാനും ആശംസകൾ അറിയിച്ചു.

## വി.ബി.എസ്.കിറ്റ് ഉദ്ഘാടനം



**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ് പുറത്തിറക്കിയ വെക്കേഷൻ ബൈബിൾ സ്കൂൾ കിറ്റിന്റെ ഉദ്ഘാടനം സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി കൊട്ടരക്കര ഡിസ്ട്രിക്ട് പാസ്റ്റർ പി. ജി. ശാമുവേലിന് കൊടുത്ത് നിർവഹിക്കുന്നു. പാസ്റ്റർമാരായ എം.ഓ. ഏലിയാസ്, പി.ജി.മാത്യൂസ്, ജോസ് ബേബി, ഈപ്പൻ ചെറിയാൻ, ജെ ജോസഫ്, ബ്രദർ ഏബ്രഹാം ഫീലിപ്പോസ്, കുര്യൻ കെ. രാജു എന്നിവർ സമീപം.

## സഭാ ഹോൾ ഉദ്ഘാടനം



എടത്വ സഭാ ഹോളിന്റെ ഉദ്ഘാടനം പാസ്റ്റർ എം.കുഞ്ഞപ്പി നിർവ്വഹിക്കുന്നു. പാസ്റ്റർ തോമസ് ജോർജ് സമീപം.

**എടത്വ:** ചർച്ച് ഓഫ് ഗോഡ് എടത്വ സഭാ ഹോളിന്റെ ഉദ്ഘാടനം സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നിർവഹിച്ചു. ഡിസ്ട്രിക്ട് പാസ്റ്റർ തോമസ് ജോർജ് ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. കൗൺസിൽ സെക്രട്ടറി പാസ്റ്റർ എം.ഓ.ഏലിയാസ്, പാസ്റ്റർ വിനോദ് ജേക്കബ് തുടങ്ങി അനേക കർത്തൃദാസന്മാരും വിശ്വാസികളും ശുശ്രൂഷയിൽ സംബന്ധിച്ചു. പാസ്റ്റർ തോമസ് കുട്ടി ഏബ്രഹാം ഇവിടെ ശുശ്രൂഷിക്കുന്നു.

## റൈറ്റേഴ്സ് ഫെലോഷിപ്പ് ശിൽപശാല

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ 2010 മാർച്ച് എട്ടിന് തിരുവല്ലാ ശാന്തിനിലയത്തിൽ വച്ച് ശിൽപശാല നടന്നു. ജോർജ് കോശി മൈലപ്ര, ജോജി ഐപ്പ് മാത്യൂസ് എന്നിവർ ക്ലാസുകൾ നയിച്ചു. പാസ്റ്റർമാരായ പി.ജി. മാത്യൂസ്, ജെ.ജോസഫ്, പി.പി.കുര്യൻ എന്നിവർ ശിൽപശാലയ്ക്ക് നേതൃത്വം കൊടുത്തു. ചർച്ച് ഓഫ് ഗോഡിലെ എഴുത്തുകാരും പ്രസാധകരും, ഇതര പ്രസ്ഥാനങ്ങളിലെ എഴുത്തുകാരും ശിൽപശാലയിൽ പങ്കെടുത്തു. പാസ്റ്റർമാരായ ഷാജി ഇടുക്കി, സണ്ണി പി. ശാമുവേൽ എന്നിവർ ചർച്ചയ്ക്ക് നേതൃത്വം കൊടുത്തു.

www.dofic.net
DIRECTORY OF INDIAN CHRISTIANS
TOUCH THE WORLD THROUGH THE DOFIC
e-mail: doficja@gmail.com
mob: 9656408750, 9656408744

## സഹായ വിതരണം നടത്തി



കേരളാ സ്റ്റേറ്റിന്റെ സഹായം റീജിയൻ ഓവർസിയർക്ക് കൈമാറുന്നു. റീജിയൻ ഓവർസിയർ സഹായവിതരണം നടത്തുന്നു.



കേരളാ സ്റ്റേറ്റിന്റെ വകയായുള്ള വിവാഹസഹായങ്ങൾ കൊടുക്കുന്നു.

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ചാരിറ്റി & വെൽഫെയർഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ വിവാഹസഹായം വിതരണം ചെയ്തു. കേരളാ റീജിയനിൽ നിന്ന് മൂന്ന് പേർക്കും കേരളാ സ്റ്റേറ്റിൽ നിന്ന് രണ്ട്പേർക്കുമാണ് സഹായവിതരണം നടത്തിയത്. കേരളാ റീജിയൻ ഓവർസിയർ പാസ്റ്റർ തോമസ് ജോണും, കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പിയും ചേർന്നാണ് സഹായവിതരണം നടത്തിയത്. കേരളത്തിലെ ദൈവസഭയുടെ ചരിത്രത്തിൽ ആദ്യമായാണ് കേരളാ സ്റ്റേറ്റിൽ നിന്നുള്ള ജീവകാരുണ്യ സഹായങ്ങൾ കേരളാ റീജിയന് നൽകുന്നത്. ബ്രദർ ജേക്കബ് ഇട്ടി ചാരിറ്റി & വെൽഫയർ ഡിപ്പാർട്ട്മെന്റ് ഡയറക്ടറായും ബ്രദർ ഏബ്രഹാം ഫീലിപ്പോസ് സെക്രട്ടറിയായും പ്രവർത്തിക്കുന്നു. പാസ്റ്റർമാരായ പി.ജി.മാത്യൂസ്, എം.ഓ.ഏലിയാസ്, ഈപ്പൻ ചെറിയാൻ, ജെ.ജോസഫ് തുടങ്ങി അനേക കർത്തൃദാസന്മാരും ഡിപ്പാർട്ടുമെന്റുകളുടെ ചുമതലവഹിക്കുന്നവരും ഡിസ്ട്രിക്ട് പാസ്റ്റേഴ്സും ശുശ്രൂഷകളിൽ സംബന്ധിച്ചു.



മാങ്കുളങ്ങര ഹോം സ്റ്റേയുടെ 5-ാമത്തെ യൂണിറ്റിന്റെ ഉദ്ഘാടനം പാസ്റ്റർ എം. കുഞ്ഞപ്പി നിർവഹിക്കുന്നു പാസ്റ്റർമാരായ പി.പി.കുര്യൻ, ഷിബു കെ.മാത്യു, ജോസ് ബേബി, ഇവാ. ജോസഫ് ജോൺ, മാത്യൂസ് ഏബ്രഹാം മാങ്കുളങ്ങര എന്നിവർ സമീപം. സ്റ്റാർ ഹോട്ടൽ ഫിനിഷിങ്ങുള്ള റൂമുകളാണ് മാങ്കുളങ്ങര ഹോംസ്റ്റേയുടേത്



## ഇൻഡോ - അമേരിക്കൻ മിഷൻ മീറ്റിങ്ങ്

**ഡാളസ്:** ചർച്ച് ഓഫ് ഗോഡ് ഇൻഡോ അമേരിക്കൻ മിഷൻ മീറ്റിങ്ങ് ഈസ്റ്റ് ഡാളസ് ചർച്ച് ഓഫ് ഗോഡിൽ വച്ച് സീനിയർ പാസ്റ്റർ റ്റി. തോമസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷനെ പ്രതിനിധീകരിച്ച് റവ. എ.ഐ.വൂൾവർ മീറ്റിങ്ങിൽ സംബന്ധിക്കുകയും ഹെയ്തിയിൽ ചർച്ച് ഓഫ് ഗാഡ് വേൾഡ് മിഷൻ ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുകയും തുടർന്നും ഹെയ്തിയെ സഹായിക്കുവാൻ വേണ്ടി പ്രബോധിപ്പിക്കുകയും ചെയ്തു.

ദൗത്യ നിർവഹണത്തിൽ ഇൻഡോ അമേരിക്കൻ സഭകളുടെ ചുവടുവയ്പുകളെ അഭിനന്ദിച്ച റവ. വൂൾവർ ഇൻഡോ അമേരിക്കൻ സഭകളുടെ പ്രതിനിധിയായി ചർച്ച് ഓഫ് ഗോഡ് വേൾഡ്മിഷൻ അംഗീകരിച്ച പ്രൊഫ സുശീൽ മാത്യുവിനെ അഭിനന്ദിക്കുകയും തദ്ദേശമിഷൻ പ്രതിനിധികളെ തങ്ങളുടെ മിഷൻ പ്രവർത്തനങ്ങൾ പ്രൊഫ. സുശിൽ മാത്യുവിൽകൂടി വേൾഡ് മിഷനിൽ എത്തിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. 1950ൽ ഇൻഡ്യയിൽ മിഷനറിയായി പ്രവർത്തിച്ച റവ. വില്യം പോസ്പിസിലിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച് ഓഫ് ഗോഡ് വേൾഡ് മഷൻ പുറത്തിറക്കിയ ഡോക്കുമെന്ററി സമ്മേളനത്തിൽ പ്രദർശിപ്പിച്ചു.

## ഡിസ്ട്രിക്ട് പാസ്റ്റേഴ്സ് സമ്മേളനം



മുളക്കുഴയിൽ നടന്ന ഡിസ്ട്രിക്ട് പാസ്റ്റേഴ്സ് സമ്മേളനം

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഡിസ്ട്രിക്ട് പാസ്റ്റേഴ്സ് സമ്മേളനം സഭാ ആസ്ഥാനമായ മുളക്കുഴയിൽ നടന്നു. കേരളത്തിലെ 75 സെന്ററുകളുടെ ചുമതലവഹിക്കുന്ന സെന്റർ പാസ്റ്റേഴ്സ് സമ്മേളനത്തിൽ സംബന്ധിച്ചു. ദൈവസഭയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തുകയും ഭാവിപദ്ധതികളെക്കുറിച്ച് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി വിവരിക്കുകയും ചെയ്തു. പാസ്റ്റർമാരായ പി.ജി. മാത്യൂസ് (അസിസ്റ്റന്റ് ഓവർസിയർ), എം.ഓ.ഏലിയാസ് (കൗൺസിൽ സെക്രട്ടറി), ഈപ്പൻ ചെറിയാൻ (ഫീൽഡ് സെക്രട്ടറി), ജെ. ജോസഫ് (ജോയിന്റ് കൗൺസിൽ സെക്രട്ടറി) എന്നിവർ നേതൃത്വം കൊടുത്തു. ശുശ്രൂഷകന്മാരുടെ സ്ഥലമാറ്റങ്ങൾ സുഗമമായി നടക്കുവാനും, ഓഫീസ് കോംപ്ലക്സിന്റെയും, ബൈബിൾ കോളേജ് കെട്ടിടത്തിന്റെയും പണികളെ ഓർത്തും ഏപ്രിൽ 16 വെള്ളിയാഴ്ച ഡിസ്ട്രിക്ട് ആസ്ഥാനങ്ങളിൽ ഉപവാസപ്രാർത്ഥന ക്രമീകരിക്കുവാൻ തീരുമാനിച്ചു.

## സുവിശേഷമഹായോഗം



പാസ്റ്റർ മാത്യു കെ. ഫിലിപ്പ് പ്രസംഗിക്കുന്നു.

**തൃശൂർ:** യൂണീറ്റി ഓഫ് ക്രിസ്റ്റ്യൻ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ഒളരി ലിറ്റിൽ ഫ്ളവർ ചർച്ചിനു മുൻവശത്തുള്ള കോർപ്പറേഷൻ ഗ്രൗണ്ടിൽ വെച്ച് മാർച്ച് 5,6 തീയതികളിൽ സുവിശേഷ മഹായോഗം നടന്നു.

പാസ്റ്റർമാരായ മാത്യു കെ. ഫിലിപ്പ്, ബാബു ജോർജ് പത്തനാപുരം എന്നിവർ ദൈവവചനം പ്രസംഗിച്ചു.

പാസ്റ്റർ അബ്രഹാം പി.യു, പാസ്റ്റർ പി.എൽ.ജോൺസൺ, ബ്രദർ സി.കെ.ദേവസ്സി എന്നിവർ നേതൃത്വം നൽകി. വിറ്റ്നസ് ഗോസ്പൽ വോയ്സ് തൃശൂർ സംഗീതശുശ്രൂഷ നിർവ്വഹിച്ചു.

## കാസർഗോഡ് ഡിസ്ട്രിക്ട് കൺവൻഷൻ

**കാസർഗോഡ്:** ചർച്ച് ഓഫ് ഗോഡ് കേരളാസ്റ്റേറ്റ് കാസർഗോഡ് ഡിസ്ട്രിക്ട് കൺവൻഷൻ ഏപ്രിൽ 15, 16,17,18 തീയതികളിൽ പയ്യന്നൂർ ചാരിറ്റബിൾ സൊസൈറ്റി ഹാളിൽ വച്ച് നടക്കും. ഡിസ്ട്രിക്ട് പാസ്റ്റർ പി.വി.മാത്യു നേതൃത്വം കൊടുക്കുന്ന കൺവൻഷനിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി, പാസ്റ്റർമാരായ പി.ജെ.ജെയിംസ്, പി.സി. ചെറിയാൻ എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. എബനേസർ വോയ്സ് ഗാനശുശ്രൂഷ നിർവഹിക്കും.

## മാസയോഗം

**ചിറ്റാർ:** ചർച്ച് ഓഫ് ഗോഡ് ചിറ്റാർ ഡിസ്ട്രിക്ട് മാസയോഗം പന്നിയാർ കോളനി സഭയിൽവച്ച് ഡിസ്ട്രിക്ട് പാസ്റ്റർ പി.വി. ചെറിയാന്റെ അദ്ധ്യക്ഷതയിൽ നടന്നു. ദൈവസഭ ഫീൽഡ് സെക്രട്ടറി പാസ്റ്റർ ഈപ്പൻ ചെറിയാൻ ദൈവവചനം ശുശ്രൂഷിച്ചു.

## പാസ്റ്റർ സജി സഖറിയ യാത്രയായി



**പന്തളം:** ഇൻഡ്യാ ദൈവസഭാ ശുശ്രൂഷകനായ തുണ്ടിയിൽ ബഥേലിൽ പാസ്റ്റർ സജി സഖറിയ (47) മഹത്വത്തിൽ പ്രവേശിച്ചു. ചർച്ച് ഓഫ് ഗോഡ് തിയോളജിക്കൽ സെമിനാരിയുടെ (ഐ.സി.റ്റി.എസ്, തിരുവല്ല) രജിസ്ട്രാറായി 2008ൽ പാസ്റ്റർ എം.കുഞ്ഞപ്പി അദ്ദേഹത്തെ നിയമിച്ചു. 1992 മുതൽ മൗണ്ട് സയോൺ ബൈബിൾ കോളജ് അദ്ധ്യാപകനായിരുന്ന പാസ്റ്റർ സജി സഖറിയ ബാംഗ്ലൂർ, ഇടനാട്, കാരയ്ക്കാട്, പന്തളം ടൗൺ എന്നിവിടങ്ങളിൽ ദൈവസഭയുടെ സഭകൾ സ്ഥാപിച്ചിട്ടുണ്ട്. ശവസംസ്ക്കാര ശുശ്രൂഷ അനേക കർത്തൃദാസന്മാരുടെയും വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നടത്തി. ശുശ്രൂഷകൾക്ക് എഡ്യുക്കേഷൻ ഡയറക്ടർ പാസ്റ്റർ പി.ജെ. ജെയിംസ്, പന്തളം ഡിസ്ട്രിക്ട് പാസ്റ്റർ പി.ജി. സാമുവേൽ എന്നിവർ നേതൃത്വം കൊടുത്തു . ഭാര്യ: ഷൈനി. മക്കൾ : ഷാരൺ, സ്റ്റെഫിൻ.

## മൗണ്ട് സയോൺ ബൈബിൾ കോളേജ് ഗ്രാഡുവേഷൻ ചില ദൃശ്യങ്ങൾ






ഡോ. ടി.ജി. കോശി



പാസ്റ്റർ പി.ജെ. ജെയിംസ്









പാസ്റ്റർ പി.പി.കുര്യൻ, പാസ്റ്റർ പി.എ.വി.സാം, സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു. പാസ്റ്റർ പി.ജി. മാത്യൂസ്









പാസ്റ്റർ ലൗജിയെ ആദരിക്കുന്നു. പാസ്റ്റർ എം.ഒ. ഏലിയാസ്, പാസ്റ്റർ ഈപ്പൻ ചെറിയാൻ, പാസ്റ്റർ ഷിബു കെ. മാത്യു.

## ഐ.പി.സി. എഡ്യൂക്കേഷണൽ സൊസൈറ്റിക്ക് പുതിയ ഭരണസമിതി

**കോട്ടയം :** ഐ.പി.സി. എഡ്യൂക്കേഷണൽ & വെൽഫയർ സൊസൈറ്റിയുടെ പുതിയ ഭരണസമിതി നിലവിൽവന്നു. 2010 ഏപ്രിൽ മുതൽ പുതിയ ഭരണസമിതി നിലവിൽ വരും. പുതിയ കമ്മറ്റിയിൽ പാസ്റ്റർ വി.ജെ. തോമസ് പ്രസിഡന്റായും, പാസ്റ്റർ ഇ.എ.മോസസ് വൈസ് പ്രസിഡന്റായും, ബ്രദർ വർക്കി ഏബ്രഹാം കാച്ചാണത്ത് ഹോണററി വൈസ് പ്രസിഡന്റായും, ബ്രദർ സജി പോൾ സെക്രട്ടറിയായും, പാസ്റ്റർ മോനി ചെന്നിത്തല ട്രഷററായും, ബ്രദർ ജേക്കബ് റ്റി. ഏബ്രഹാം എസ്റ്റേറ്റ് മാനേജരായും സേവനമനുഷ്ടിക്കും. കമ്മിറ്റി അംഗങ്ങളായി പാസ്റ്റർമാരായ കെ.ഇ. തോമസ്, കെ.സി. ചെറിയാൻ, എ.റ്റി. ജോർജ്, റ്റി.സി. കോശി എന്നിവരും ബ്രദർ ജോസഫ് താന്നിക്കൽ, ബ്രദർ ജോയി താനുവേലിൽ, ബ്രദർ കുര്യൻ ജോസഫ്, ബ്രദർ പി.എം. ചെറിയാൻ, ഡോ. ഇടിച്ചെറിയാ നൈനാൻ, ബ്രദർ എബി പീറ്റർ എന്നിവരെയും തെരഞ്ഞെടുത്തു.

# ഇതാ ഞാൻ പുതിയതൊന്നു ചെയ്യുന്നു

**ലോകപ്രശസ്ത സുവിശേഷകൻ റവ. ഷോൺ ടീലിന്റെ ലേഖന പരമ്പര തടരുന്നു.**



റവ. ഷോൺ ടീൽ

**ഇ**പ്പോഴോ യാക്കോബേ നിന്നെ സൃഷ്ടിച്ചവനും, യിസ്രയേലേ നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. ഭയപ്പെടെണ്ട ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു. ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എനിക്കുള്ളവൻ തന്നെ നീ വെള്ളത്തിൽ കൂടി കടക്കുമ്പോൾ ഞാൻ നിന്നോട് കൂടെ ഇരിക്കും നീ നദികളിൽ കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവിയുകയില്ല. നീ തീയിൽ കൂടി നടന്നാൽ വെന്തു പോകയില്ല അഗ്നി ജ്വാല നിന്നെ ദഹിപ്പിക്കയുമില്ല. ദൈവം നമ്മെ തിരഞ്ഞെടുത്ത് നമ്മുടെ പേർ വിളിച്ചാണ്. എത്ര കഠിനമായ പ്രതികൂല സാഹചര്യത്തിലാണ് നാമെങ്കിലും നമ്മെ പേർ ചൊല്ലി വിളിച്ച ദൈവം അതിൽ നിന്നും മടക്കി കൊണ്ടുവന്ന് നമ്മെ ഉയർത്തുന്ന ദൈവമാണ്. നമ്മുടെ ഏത് പ്രതികൂലത്തിൽ നമ്മെ കൈവിടാതെ എത്ര കെട്ടപ്പെട്ടതെങ്കിലും അതിൽനിന്ന് മടക്കി കൊണ്ടുവരുവാൻ ദൈവം വിശ്വസ്തനാണ്. യെശയ്യ 43:7 എന്റെ നാമത്തിൽ വിളിച്ചും എന്റെ മഹത്വത്തിനായി സൃഷ്ടിച്ച് നിർമ്മിച്ചു ഉണ്ടാക്കിയും ഇരിക്കുന്ന ഏവരെയും കൊണ്ടുവരിക എന്ന് ഞാൻ കല്പിക്കും.

ഒരു താഴ്ചയ്ക്കുവേണ്ടി വിളിയ്ക്കപ്പെട്ടവരല്ല നാം. മറിച്ച് ഒരു ഉയർച്ചയ്ക്കുവേണ്ടി വിളിക്കപ്പെട്ടവരാണ്. നാം അനുഗ്രഹത്തിനായി വിളിക്കപ്പെട്ടവരാണ്. നമ്മുടെ യാത്രകൾ, കരങ്ങൾ, തലമുറകൾ എല്ലാം അനുഗ്രഹിക്കപ്പെട്ടതാകണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവം നമ്മോട് പറയുന്നത് നീ കഷ്ടങ്ങളിൽകൂടി കടന്നുപോകുന്നു എന്ന് നീ നിരാശപ്പെടേണ്ട, നിന്നെ വിളിച്ചിരിക്കുന്നത് തന്റെ മഹത്വത്തിനായിട്ടാണ്. ഇവിടെ ദൈവം ഒരു പുതിയ പ്രവൃത്തിക്കുവേണ്ടി തയ്യാറെടുത്തുകൊണ്ടിരിക്കുന്നു. (യെശ.43:18). മുമ്പുള്ളവയെ നിങ്ങൾ ഓർക്കേണ്ട, ചുറ്റും നടക്കുന്ന കാര്യങ്ങൾ നാം ശ്രദ്ധിക്കേണ്ടതില്ല. നമ്മുടെ ശ്രദ്ധ ദൈവം തുടങ്ങുവാൻ ആഗ്രഹിക്കുന്ന മറ്റു കാര്യങ്ങളിലേക്ക് കൊണ്ടുവരാം. നമ്മുടെ സാഹചര്യം നാം കാണാതെ ദൈവത്തെ നോക്കണം. നാം ദൈവത്തോട് നമ്മുടെ പ്രശ്നങ്ങൾ എത്രയോ വലുതാണ് എന്ന് പറയുന്നതിലുപരി നമ്മുടെ പ്രശ്നത്തോട് നമ്മുടെ ദൈവം എത്രവലുതാണ് എന്ന് പറയുന്നതിന് നമുക്ക് കഴിയണം.

ദൈവം പറയുന്നു ദൈവം ഒരു പുതിയ കാര്യം ചെയുവാൻ പോകുന്നു. എന്താണ് അത് ദൈവം പറയുന്നത് നീ നിന്റെ കഴിഞ്ഞ കാല അനുഭവങ്ങളിൽ നിന്ന് കഷ്ടങ്ങളിൽ നിന്നും എഴുന്നേല്ക്കുക, അതിനെ മറക്കുക. ചരിത്രത്തിൻ മേൽ സ്വാധിനമുള്ള ദൈവത്തിന് നമ്മുടെ ഒരു ചരിത്ര പഠനം ആവശ്യമില്ല. നാം ആയിരുന്ന സ്ഥാനത്തു നിന്ന് നമ്മെ മുമ്പോട്ടു കൊണ്ടുവന്നത് ആ ദൈവം ആണ്. നമ്മുടെ ഭാവിയെ സുഗമമാക്കുന്നത് ആ ദൈവം ആണ്. ദൈവത്തിന് നമ്മെ എപ്പോൾ അനുഗ്രഹിക്കണം എന്നു തോന്നിയാൽ ആ സമയം അനുഗ്രഹിക്കാം. ദൈവത്തിന് നമ്മെ സൂക്ഷിക്കണം എന്ന് തോന്നിയാൽ ആ നിമിഷം സൂക്ഷിക്കാം. കാരണം എബ്ര 13:8 പറയുന്നു യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നേ. ഒരു മാറ്റവും ഇല്ലാതെ ഇന്നും സൗഖ്യം നല്കുന്നു. വിടുവിക്കുന്നു. അത്ഭുതവും അടയാളങ്ങളും നടത്തുന്നു. കുനിഞ്ഞിരുക്കുന്നവരുടെ തല ഉയർത്തുന്നു ഇന്നും മാറ്റമില്ലാതെ തുടരുന്നു.

നാം എവിടെ നിന്ന് വന്നു എന്ന് ദൈവത്തെ ഓർമ്മിപ്പിക്കേണ്ട. കാരണം ദൈവത്തിനറിയാം നാം എവിടെ ആയിരുന്നു എന്നത്. പുതിയ കാര്യം ചെയ്യും എന്ന് ദൈവം പറഞ്ഞാൽ ഇതുവരെ ആരും കാണാത്തത് ആണ് അത്. നാം ഒരു സെക്കന്റ് ഹാന്റ് കാർ വാങ്ങിയാൽ ആ കാറ് നമുക്ക് പുതിയത് എന്നാൽ സത്യത്തിൽ അത് പുതിയതല്ല ആയിരക്കണക്കിന് കിലോമീറ്റർ ഓടിയതാണത് എന്നതു പോലെ കഴിഞ്ഞ കാല വാഗ്ദത്തിന്റെ മേൽ ദൈവം നിലകൊണ്ട് അതിനെ ഉറപ്പിക്കുന്നു. നാം അത് വിശ്വസിക്കുകയും ചെയ്തു കാരണം അരുളിയത് ദൈവം ആയതുകൊണ്ട്. അനേകർ നമ്മോട് പറഞ്ഞ പല വാഗ്ദാനങ്ങളിലും നാം യാതൊരു പ്രതിക്ഷയും അർപ്പിച്ചില്ല കാരണം അത് പറഞ്ഞ വ്യക്തിയെ നമുക്ക് അറിയാം എന്നാൽ ദൈവം തന്റെ വാഗ്ദത്തത്തിൽ ഉറച്ചു നിൽക്കുന്നു. ഏറ്റവും വലിയ വാഗ്ദാനം എന്നത് ഒരു നാൾ ആകാശവിതാനങ്ങളെ കീറി – തന്റെ മണവാട്ടി സഭയെ ചേർക്കുവാൻ പ്രത്യക്ഷ്യപ്പെടും എന്നതാണ്. നാം യേശുവിന്റെ വാക്കുകളെ വിശ്വസിച്ച് യേശുവിന്റെ വരവിനായ് ഇതുവരെ കാണാത്ത ഒരു പുതിയ പ്രവൃത്തിക്ക് പ്രത്യാശയോടെ കാത്തിരിക്കാം ദൈവം അനുഗ്രഹിക്കട്ടെ.

*തുടരും*



# ദാവിദിന്റെ മനോവേദന

**ഭാവന – പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ**

**“യ**ഹോവേ എന്റെ വൈരികൾ എത്ര പെരുകിയിരിക്കുന്നു എന്നോട് എതിർക്കുന്നവർ അനേകർ ആകുന്നു”.

നേരം പുലർന്നു വരുന്നതെ ഉണ്ടായിരിന്നുള്ളു. കിഴക്ക് വെള്ള കീറി ഉദിച്ചുയർന്ന സൂര്യകിരണങ്ങൾ പതിയെ അരിച്ചിറങ്ങി ദാവിദിന്റെ ഇരിപ്പിടത്തേ പ്രകാശമാനമാക്കുവാൻ തുടങ്ങി. പക്ഷേ ദാവീദിന് അതൊന്നും ശ്രദ്ധിക്കുവാൻ കഴിയുന്നില്ല. ഉറക്കെമുണർന്നു എങ്കിലും തന്റെ ചിന്തകളിൽ നിന്നും ഇതുവരെ ഉണർന്നില്ല. ഒന്നാലോചിച്ചാൽ ശമുവേൽ പ്രവാചകൻ തന്നെ അഭിഷേകം ചെയ്തതു മുതൽ എന്നും തനിക്ക് ജീവിതത്തിൽ തോരാത്ത വേദനകൾ മാത്രമായിരുന്നു. എല്ലാം സഹിക്കുമായിരുന്നു പക്ഷേ ഏറ്റവും വേദനകരമായത് താൻ സ്നേഹിച്ചവർ തനിക്ക് നല്കി തന്ന വേദനകൾ; ഏറ്റവും ഒടുവിൽ സിംഹാസനത്തിൽ നിന്ന് താഴെയിറക്കി ഒരു ഭീരുവിനെപ്പോലെ സ്വന്ത ജീവന് വേണ്ടി ഓടേണ്ടി വന്നത് ഏറ്റവും സ്നേഹിച്ചവൻ നല്കി തന്ന തിക്താനുഭവങ്ങൾ ആണ്.

യിസ്രായേലിന്റെ രാജസിംഹാസനം, അധികാരത്തിന്റെ ഇടനാഴികൾ ഒരിക്കലും ആഗ്രഹിച്ചതല്ല, ആവശ്യപ്പെട്ടതല്ല തന്നെ തേടി വന്നതാണ്. അധികാരം എനിക്ക് ഒരിക്കലും ലഹരി ആയിരുന്നില്ല. അത് ദൈവം ഏല്പിച്ച ശ്രുശ്രൂഷയായി മാത്രമേ ഞാൻ അതിനെ കരുതിയിരുന്നുള്ളു. സ്വന്തം സഹോദരനെ കൊന്ന് പ്രാണരക്ഷാർത്ഥം ഓടിയവൻ മടങ്ങി യരുശലേമിലേക്ക് വന്നത് അധികാരത്തിന്റെ സോപാനത്തിന് വേണ്ടിയായിരുന്നു എന്നതാണ് സത്യം. തന്നെയും യിസ്രായേൽ രാജ്യത്തെയും തകർത്തു കളയുവാൻ തന്റെ ശത്രുക്കളും പിശാചും എഴുന്നേല്പിച്ച വ്യക്തിയാണ് അബ്ശാലോം. ആത്മീയതയെ കച്ചവടചരക്കാക്കുന്നവന്റെ ആൾരൂപം. അധികാരത്തിനുവേണ്ടി രാജസിംഹസനം ലഭിക്കുന്നതിന് ദൈവീക ശ്രുശ്രൂഷയെ സ്വയം ഉയർച്ചക്കുള്ള രാഷ്ട്രിയ തന്ത്രതയുടെ ഏണിപ്പടവുകളാക്കി മാറ്റി– എന്തും ചെയ്യുവാൻ മടിയില്ലാത്തവനായി മാറി. എത്ര സമർത്ഥവും തന്ത്രപരവുമായാണ് അവൻ ആളുകളെ ചുംബിച്ചത്. പാവം ജനത അവർ അബ്ശാലോമിന്റെ ചുംബനത്തിൽ വീണുപോയി ഒരിക്കലും അവരെ കുറ്റം പറയുവാൻ കഴിയില്ല കാരണം എല്ലാം ആത്മാർത്ഥമാണെന്ന് ഏവരും കരുതി സ്വന്ത കാര്യം നടത്തുവാൻ തനിക്ക് ജയ് വിളിക്കുവാൻ ആജ്ഞാനുവർത്തികളായി ഒരു പറ്റം പിണിയാളുകളെ സമ്പാദിക്കുവാൻ അവന്റെ പണത്തിനു കഴിഞ്ഞു. ഒന്നു മറിയാതിരുന്ന പരാമാർത്ഥികൾ ആയ 200 പേരെ അബ്ശാലോം തന്റെ വിരുന്നിന് ക്ഷണിച്ച് തന്റെ വിശ്വസ്ത മന്ത്രിയുമായി ആലോചനയിൽ ആഗ്രഗണ്യനുമായ ഗിലോന്യനുമായ അഹിഥോഫേലിനെ അടക്കം വശികരിച്ചു. എന്നത് എങ്ങനെ സഹിക്കാനാവും. അവന്റെ വാക്കുകൾ കർണ്ണരസമാകുമാറുള്ളതും ഏതു വ്യക്തിയെയും പിടിച്ചിരുത്താൻ കഴിവുള്ളതായിരുന്നു. അതാണ് അവന്റെ ഉയർച്ചയുടെ കാരണവും. വെണ്ണയെക്കാൾ മൃദുവായി സംസാരിച്ചതും ഓരോ ചുംബനവും ആസ്വദിച്ച ജനം. തങ്ങളുടെ കാര്യങ്ങൾ രാജസന്നിധിയിൽ സംസാരിക്കുവാൻ ഒരാളെ കിട്ടുമല്ലോ എന്നോർത്ത് ആശ്വസിച്ചു സന്തോഷിച്ചു. എന്നാൽ ഓരോ ചുംബനവും സ്വാർത്ഥ ലക്ഷ്യത്തിലേക്കുള്ള ഏണിപ്പടികൾ ആയിരുന്നു.

ആത്മികതയുടെ കാര്യത്തിൽ ദൈവത്തെ വഞ്ചിച്ചു. ആത്മീകത കപടതയുടെ ആൾരൂപമായി മാറി. ആരാധനയും യാഗവും എല്ലാം അധികാരത്തിനു വേണ്ടിയുള്ള പ്രഹസമാക്കി മാറ്റി. ഒരു തരത്തിലും തനിക്ക് അറിയുവാൻ കഴിഞ്ഞില്ല ഭക്തിയുടെ പേരിൽ ആത്മികത കച്ചവട ചരക്കാക്കിയത്. അതാ ഒരാൾ ഓടി വരുന്നല്ലോ. എത്ര ശോചനിയമായ വാർത്ത എങ്ങനെ ഞാനിത് സഹിക്കും. ദൈവം ഉയർത്താതെ സ്വയം ഉയരുവാൻ ശ്രമിച്ചവൻ ആയുസ്സിന്റെ മദ്ധ്യത്തിൽ നശിച്ചുപ്പോയല്ലോ.

“നീ എന്റെ ശത്രുക്കളുടെ ഒക്കെയും ചെകിട്ടത്തടിച്ചു നീ ദുഷ്ടന്മരുടെ പല്ല് തകർത്തു കളഞ്ഞു’.

## യൂഗാരോഗ്യം



# സൂര്യതാപം : എടുക്കേണ്ട മുൻകരുതലുകൾ

**ക**നലുപോലെ പൊള്ളുന്ന വേനലിന് സൂര്യതാപവും സൂര്യാഘതവും ഭീഷണിയാവുകയാണ്. എല്ലായിടത്തും ചൂട് ദിനംപ്രതി കൂടുകയാണ്. വരുംദിവസങ്ങളിൽ ചുട്ടുപൊള്ളുമെന്ന് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അധികൃതർ മുന്നറിയിപ്പ് നല്കുന്നു. ഒന്നു ശ്രദ്ധിച്ചാൽ വേനൽച്ചൂടിൽ നിന്നും രക്ഷപ്പെടാം.

**മുൻകരുതലുകൾ**

പകൽ 12നും ഉച്ചയ്ക്ക് 3നും ഇടയ്ക്ക് വെയിലത്ത് പണിയെടുക്കാതിരിക്കുക. ഇതിനനുസരിച്ച് ജോലിസമയം ക്രമീകരിക്കണം. പൊതുസ്ഥലങ്ങളിൽ വെയിലേറ്റ് പണിയെടുക്കുന്നവർ രാവിലെ ജോലിതുടങ്ങി വെയിൽ കനക്കുന്ന സമയത്ത് അവസാനിപ്പിക്കണം.

ജോലിസമയം ക്രമീകരിക്കാനാവുന്നില്ലെങ്കിൽ ഒരു മണിക്കൂർ ജോലിക്കിടെ 10 മിനിട്ട് വിശ്രമിക്കണം.

ശുദ്ധജലവും പ്രകൃതിപാനീയങ്ങളും കുടിക്കുന്നത് ശരീരത്തിലെ നിർജലീകരണം ഒഴിവാക്കും. ഉരുളക്കിഴങ്ങ്, വെള്ളരിക്ക എന്നിവ അരച്ചു തേയ്ക്കുന്നതും തണുത്തപാല്, മോര് എന്നിവ പുരട്ടുന്നതും നല്ലതാണ്.

പഴച്ചാറുകൾ കുടിക്കുകയാണെങ്കിൽ പഞ്ചസാര ഒഴിവാക്കുക തന്നെ വേണം. ബോട്ടിൽ പാനീയങ്ങൾ ഗുണത്തേക്കാളേറെ ദോഷം ചെയ്യും.

വെയിലത്ത് നടക്കുകയോ, പണിയെടുക്കുകയോ ചെയ്ത ശേഷം ഏറെ തണുപ്പിച്ച വെള്ളം കുടിക്കുന്നത് ഒഴിവാക്കണം. ഇത് ശരീരോഷ്മാവിനെ പ്രതികൂലമായി ബാധിക്കും.

കുട്ടികൾ, വൃദ്ധർ, പ്രമേഹരോഗികൾ എന്നിവർ വെയിലത്തുനടക്കുമ്പോൾ സൂക്ഷിക്കണം.

അയഞ്ഞതും ഇളം നിറത്തിലുമുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കണം.

**ലക്ഷണങ്ങൾ**

ക്ഷീണം, കടുത്തദാഹം, സംഭ്രമം, തളർച്ച, ബോധക്ഷയം എന്നിവയാണ് പ്രധാനലക്ഷണങ്ങൾ. തളർന്നുവീഴുന്ന ആളിന് പൊള്ളുന്ന ചൂട് അനുഭവപ്പെടും. തളർന്നുവീണ് സെക്കന്റുകൾക്കുള്ളിൽ തൊലിപ്പുറത്ത് കരുവാളിപ്പോ ചുവന്ന പാടുകളോ ഉണ്ടാകാം.

**പ്രാഥമിക ചികിത്സ**

വെയിലേറ്റ് തളർന്നുവീഴുന്ന യാളിനെ ഉടൻ തണലത്തേക്ക് മാറ്റിക്കിടത്തി വൈദ്യസഹായം ലഭ്യമാക്കണം. ശരീരത്തിൽ പൊള്ളലേറ്റ പാടുകൾ ഉണ്ടെങ്കിൽ ഉടനടി ആശുപത്രിയിലെത്തിക്കണം. ശുദ്ധജലം, ഒരുനുള്ള് ഉപ്പും പഞ്ചസാരയും ചേർത്തവെള്ളം എന്നിവ നല്കാം. തണുത്ത വെള്ളം കൊടുക്കരുത്. ശരീരം ശുദ്ധജലം കൊണ്ട് കഴുകുകയോ മുഖത്ത് വെള്ളംതളിക്കുകയോ വേണം. തണുപ്പിച്ചവെള്ളം ഉപയോഗിക്കരുത്.

# വനിതാ സംവരണബില്ലും വുമൺസ് ഓർഡിനേഷനും



ജെയ്സ് പാണ്ടനാട്

ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിന്റെ ചരിത്രത്തിലെ നാഴികക്കല്ലാണ് പാർലമെന്റിന്റെ ഉപരിസഭയായ രാജ്യസഭ പാസ്സാക്കിയ വനിതാ സംവരണബിൽ. ലോകസഭയിലും സംസ്ഥാന നിയമസഭകളിലും 33 ശതമാനം സീറ്റ് വനിതകൾക്ക് സംവരണം ചെയ്യുന്ന ഈ നിയമ നിർമ്മാണം പാർലമെന്ററി ജനാധിപത്യത്തിൽ സ്ത്രീകൾക്കും അംഗീകാരം ഉറപ്പുവരുത്തുന്നതിനുപകരിക്കും. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു ദീർഘകാല സ്വപ്നമാണ് സാക്ഷാത്ക്കരിക്കപ്പെട്ടത്.

33 ശതമാനം സ്ത്രീ സംവരണത്തിനുളളിൽ ദളിതുകൾക്കും ന്യൂനപക്ഷങ്ങൾക്കും പ്രത്യേക സംവരണം നൽകണമെന്ന് വാദിക്കുന്നവരാണ് ബിൽ പാസ്സാക്കുന്നത് തടയാൻ ശ്രമിച്ചത്. ഇതിനോടകം ലോകത്ത് നൂറോളം രാജ്യങ്ങളിൽ വനിതാ പ്രാതിനിധ്യം നിയമം മൂലം ഉറപ്പാക്കിയിട്ടുണ്ട്. ശക്തമായ അടിയൊഴുക്കുകളെ ഉറച്ച നിലപാടിലൂടെ മറികടന്ന് ഗവൺമെന്റ് നിശ്ചയദാർഢ്യം കാണിച്ചു. ഏതായാലും അധികാരവേദികളിൽ കൂടുതൽ സ്ത്രീകൾ കടന്നുവരുന്നത് സ്ത്രീ ശാക്തീകരണത്തിലേക്കുള്ള വലിയ ചുവട് വെപ്പായിരിക്കും. എന്നാൽ സഹോദരിയെയും, സഹധർമ്മണിയേയും കളത്തിൽ ഇറക്കി പിൻസീറ്റിൽ ഇരുന്ന് അധികാരം നിയന്ത്രിക്കാൻ പുരുഷൻ തയ്യാറായാൽ നിയമം പ്രയോജനമുണ്ടാവില്ല. വനിതാസംവരണബില്ലിന്റെ പശ്ചാത്തലത്തിൽ പുതിയ നിയമസഭയിൽ വിശേഷാൽ പ്രാദേശിക സഭകളോടുള്ള ബന്ധത്തിൽ ആത്മീക ശുശ്രൂഷകളിലുള്ള വനിതകളുടെ പങ്കാളിത്തവും നിയോഗ ശുശ്രൂഷയും പരിശോധിക്കുകയാണ് ഉദ്യമം. ആദിമ സഭയിലെ ശുശ്രൂഷകളെ പ്രധാനമായി രണ്ടായി തിരിക്കാവുന്നതാണ്. ഒന്ന്, ആകമാന സഭയ്ക്കുവേണ്ടിയുള്ള പൊതുശുശ്രൂഷകൾ. ഇത് പൊതുവെ സഞ്ചരിച്ച് നിർവ്വഹിക്കാവുന്നതും കൃപാവരങ്ങളുടെ പ്രത്യക്ഷീകരണങ്ങൾക്ക് കൂടുതൽ ഊന്നൽ നല്കപ്പെടുന്നവയുമാണ്. രണ്ടാമത്തേത്, പ്രാദേശികസഭകൾക്ക് വേണ്ടിയുള്ളതാണ്. ഈ വിഭാഗത്തിൽപ്പെടുന്നവർ പ്രാദേശികവും തിരഞ്ഞെടുക്കപ്പെടുന്നവരുമായി (Local and Elected) കാണുന്നു.

ആകമാന സഭയ്ക്കുവേണ്ടിയുള്ള ശുശ്രൂഷകൾ എഫേസ്യലേഖനം 4:11 മുതൽ 16 വരെയുള്ള വാക്യങ്ങളിൽ പരാമർശിക്കപ്പെടുന്നവയാണ്. ഈ അഞ്ചുവിധ ശുശ്രൂഷകളാണ് ദൈവസഭയുടെ ഔദ്യോഗിക സ്ഥാനികളായ അദ്ധ്യക്ഷ നിരകൾ. പ്രാദേശിക സഭയുള്ള ശുശ്രൂഷകന്മാരാണ് മുപ്പന്മാർ അഥവാ അദ്ധ്യക്ഷന്മാർ. 'അദ്ധ്യക്ഷനും', 'മൂപ്പനും' (Bishop, Presby-tor) ഒരേ ശുശ്രൂഷാസ്ഥാനത്തിന്റെ രണ്ട് വ്യത്യസ്ത നാമങ്ങളാണ്. (പ്രവൃ: 20:17, തിത്തോ: 1:5, 1 തിമൊ: 3;1–7 5:17). ഭരണം, പരിപാലനം, ഉപദേശം എന്നിവ ഇവരുടെ ചുമതലകൾ ആണ്. ലോക്കൽ സഭയിൽ ഡീക്കൺസിന്റെ സേവനവും നിർവ്വചിച്ചിട്ടുണ്ട്. പഴയനിയമത്തിലോ യഹൂദാ പാരമ്പര്യത്തിലോ ഡീക്കൺമാരെക്കുറിച്ച് പരമാർശിക്കുന്നില്ല. മേശമേൽ ശുശ്രൂഷിക്കുവാൻ നിയമിക്കപ്പെട്ട ഏഴുവർ സംഘമാണ് (പ്രവൃ: 6:1–6) സഭയിലെ ആദ്യ ഡീക്കൺമാർ എന്ന ചിന്തയുണ്ട്. ഡീക്കൺ എന്ന പദം മേൽപറഞ്ഞ വേദഭാഗത്തിൽ പറഞ്ഞിട്ടില്ല എന്നും ഇതൊരു താൽക്കാലിക ക്രമീകരണം മാത്രമായിരുന്നു എന്നും വാദമുണ്ട്. മൂപ്പന്മാരുടെയോഗ്യതകൾക്ക് അനുബന്ധമായി ശുശ്രൂഷകന്മാരുടെ യോഗ്യതകൾ തിമൊഥെയോസിന്റെ ഒന്നാം ലേഖനത്തിൽ പൗലോസ് വ്യക്തമാക്കിയിട്ടുണ്ട് (1 തിമൊ:3:8 –13). ആദിമ സഭയിൽ ശുശ്രൂഷക്കാരത്തി (Deaconesses) എന്ന സ്ഥാനം ഉണ്ടായിരുന്നു എന്ന സൂചനയുണ്ട്. (റോമ: 16:1,2, തിമൊ: 3:11) മൂന്നാം നൂറ്റാണ്ടിലെ സഭാ ചരിത്ര രേഖകളനുസരിച്ച്, സ്ത്രീകളുടെ സ്നാനശുശ്രൂഷാസമയങ്ങളിൽ സഹായിക്കുക, സ്ത്രീകൾ തനിയെ സഭയിൽ വരുന്ന ഭവനങ്ങളിൽ സന്ദർശനം നടത്തുക, രോഗിണികളെ സഹായിക്കുകയും ശുശ്രൂഷിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക, വനിതകളെ വചന പഠനത്തിൽ സഹായിക്കുക തുടങ്ങിയവയായിരുന്നു ശുശ്രൂഷക്കാരത്തിയുടെ ചുമതലകൾ.

ആദിമ സഭയിൽ വിധവമാരുടെ ശുശ്രൂഷയും നിർവ്വചിച്ചിരുന്നു. 1 തിമൊ: 5:9 മുതലുള്ള വാക്യങ്ങളിൽ പ്രസ്തുത പരാമർശം കാണാം. അറുപത് വയസ്സിൽ കുറയാത്ത പ്രായം, ശുശ്രൂഷാ മനോഭാവം, സൽപ്രവൃത്തികൾ തെളിയിച്ച ജീവിതം തുടങ്ങിയവ ഇവരുടെ യോഗ്യതകളായിരുന്നു. പ്രായം കുറഞ്ഞ വിധവമാർക്ക് പുനർവിവാഹ സാദ്ധ്യത ഉള്ളതുകൊണ്ട് അവരെ തിരഞ്ഞെടുത്തിരുന്നില്ല. (1തിമൊ: 5: 11–14). അനാഥരായ കുഞ്ഞുങ്ങളെ ശ്രദ്ധിക്കുന്ന ശുശ്രൂഷയാണെന്നാണ് ചിലരുട അഭിപ്രായം.

1960 –കളോടടുത്ത് പാരമ്പര്യ സഭകളിൽ സ്ത്രീകളുടെ ശുശ്രൂഷ അംഗീകരിക്കുന്ന ഒരു ദൈവശാസ്ത്ര ധാരണ ഉരിത്തിരിഞ്ഞു വന്നിട്ടുണ്ടെങ്കിലും, കഴിഞ്ഞ നൂറ്റുണ്ടുകളിൽ സ്ത്രീകളെ ശുശ്രൂഷാവൃത്തത്തിന് പുറത്തു നിർത്തിയിരുന്നു. എന്നാൽ ആരംഭകാലം മുതൽ പെന്തെക്കോസ്തർ സ്ത്രീകളെ ആദരിക്കുകയും ശുശ്രൂഷകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. സ്വതന്ത്ര സഭകളുടെ ആദ്യരൂപങ്ങളും, സെപ്പറേഷനിസ്റ്റ് വിഭാഗങ്ങളിൽ പലതും സ്ത്രീകളെ ഒതുക്കിയിരുന്നു. അവരുടെ പിൻതുടർച്ചക്കാരായ ബ്രദറൺ സഭകൾ ഇന്നും അതേ നയം തുടരുന്നു. 1901–ൽ ആധുനിക പെന്തെക്കോസ്തുണർവ്വിന്റെ ആരംഭം കുറിച്ചുകൊണ്ട് ആഗ്നസ് ഓസ്മാൻ അന്യഭാഷകളിൽ സംസാരിച്ചപ്പോൾ അതിനെ ചോദ്യം ചെയ്യാതെ അംഗീകരിക്കുവാൻ കഴിഞ്ഞു. ആഗ്നസിന് വളരെക്കാലം മുമ്പ് 1831–ൽ ലണ്ടനിലെ പ്രസ്ബിറ്റേറിയൻ കൂട്ടായ്മയിൽ മേരി ക്യൂബൽ എന്നൊരു വനിത അന്യഭാഷ പറഞ്ഞതും അംഗീകരിക്കപ്പെട്ടു. ലൂസിഫാരോ, മേരി ബർജ്ജസ്, ലൂസി ലതർമാൻ, മരിയവുഡ് വേർത്ത് എറ്റർ എന്നീ വനിതകളെല്ലാം പെന്തെക്കോസ്ത് ഉണർവ്വ് ചരിത്രത്തിൽ ഇടം നേടിയവരാണ്. 1919–ൽ അസംബ്ലീസ് ഗോഡിന്റെ ഓർഡിനേഷൻ നേടിയ വനിതയാണ് എമിസെബിൾ മക്ഫേഴ്സൺ. മിസ് ബൗൺസിൽ, മിസ് ആൻഡ് പിങ്കിൾ, മിസിസ് മേരി ചാപ്മാൻ എന്നീ വനിതകളെ ചരിത്രം മറക്കുമോ?

വനിതാ പൗരോഹിത്യം ഇന്ന് പരക്കെ അംഗീകരിക്കപ്പെടുകയാണ്. കോൺഗ്രിഗേഷണൽ ബാപ്റ്റിസ്റ്റ് വിഭാഗങ്ങൾ വനിതകൾക്ക് കൂടുതൽ അവസരം നല്കി വന്നു. സാൽവേഷൻ ആർമിയുടെ തുടക്കം മുതൽ വനിതകൾക്ക് ഔദ്യോഗിക സ്ഥാനങ്ങൾ അലങ്കരിക്കുവാൻ അവസരങ്ങളുണ്ടായി. 1780 മുതൽ ആരംഭിച്ച ആധുനിക സണ്ടേസ്കൂൾ പ്രസ്ഥാനത്തിൽ വനിതാശുശ്രൂഷാ അംഗീകരിക്കപ്പെട്ടിരുന്നു. 1950 മുതൽ വിവിധ പ്രൊട്ടസ്റ്റന്റ് സഭകളിൽ ശുശ്രൂഷാരംഗത്ത് വനിതകൾക്ക് അംഗീകാരം നല്കുന്നതിനെക്കുറിച്ച് ഗണ്യമായ ചർച്ചകൾ നടക്കുകയും തൽഫലമായി പല സഭകളും വനിതകൾക്ക് ഓഡിനേഷൻ നല്കിത്തുടങ്ങുകയും ചെയ്തിരിക്കുന്നു. ഭാരതത്തിൽ സി.എസ്.ഐ, സി.എൻ.ഐ. സമൂഹങ്ങൾ വനിതാ പൗരോഹിത്യം അംഗീകരിച്ചു കഴിഞ്ഞു.

മെതഡിസ്റ്റ്, പ്രെസ്ബിറ്റീറിയൻ, ആംഗ്ലിക്കൻ തുടങ്ങിയ സഭകൾ പട്ടത്വം സ്ത്രീകൾക്ക് നല്കിക്കഴിഞ്ഞു. അസംബ്ലീസ് ഓഫ് ഗോഡ് സഭ വളരെ മുമ്പു തന്നെ പല വനിതകൾക്കും ശുശ്രൂഷ നടത്തുവാനുള്ള അംഗീകാരം നല്കി. ഐമി മക്പേഴ്സൺ, കാതറിൻ തുടങ്ങിയവർ ശുശ്രൂഷാ ഗണത്തിൽ പെടുന്നവരാണ്. കൽക്കത്തയിലെ അസംബ്ലീസ് ഓഫ് ഗോഡ് സഭയിലെ പാസ്റ്ററായിരുന്ന മിസ്സസ്. ബണ്ടയിൻ ഓർഡിനേഷൻ ലഭിച്ച വ്യക്തിയാണ്. അസംബ്ലീസ് ഓഫ് ഗോഡിന്റെ 20 അംഗ പരമാധികാരസംഘമായ ജനറൽ പ്രസ്ബറ്ററിയിലേക്ക് ബ്രത്ഗ്രാന്റ് എന്ന വനിതയെ കഴിഞ്ഞ വർഷമാണ് നിയമിച്ചത്. എ.ജി. സഭയുടെ ശുശ്രൂഷകനിരയിൽ 18 ശതമാനത്തോളം വനിതകളാണ്. ചർച്ച് ഓഫ് ഗോഡ് ഇംഗ്ലണ്ടിൽ വനിതാ ബിഷപ്പുമാരെ നിയമിക്കാൻ നടപടിയാകുന്നു.

കേരളത്തിലെ പെന്തെക്കോസ്തു സഭകളിൽ പ്രസംഗം, പ്രവചനം, അദ്ധ്യാപനം, പ്രാർത്ഥന എന്നി ആത്മീക ശുശ്രൂഷകളിൽ മാത്രമേ അനുവാദം നല്കിയിട്ടുള്ളു. ഐ.പി.സി. സഭയിൽ ആദ്യകാലങ്ങളിൽ ചില വനിതകൾക്ക് ഓർഡിനേഷൻ ലഭിച്ചിരുന്നു. സിസ്റ്റർ. അന്നമ്മ മാമ്മൻ, മിസ്സിസ് റാഹേലമ്മ സാമുവേൽ തുടങ്ങിയവർ ആ ഗണത്തിൽ പെടുന്നു. പെണ്ണമ്മ സന്യാസിനി, ശോശാമ്മ സന്യാസിനി തുടങ്ങിയവരും ശുശ്രൂഷയിൽ സജീവമായിരുന്നു. ഇന്ന് സിസ്റ്റർ. മേരി കോവൂർ, അന്ന കണ്ടത്തിൽ, ശാലിനി നമ്പ്യാർ, പത്മ മുതലിയാർ, അഞ്ജലി പോൾ, റംല തോമസ്, വരദ നായർ തുടങ്ങിയവർ പ്രസംഗ വേദികളിൽ സജീവമാണ്. പെണ്ണെഴുത്തിലും ചുരുക്കം ചിലരുണ്ട്. സ്ത്രീ സമാജങ്ങൾ വലിയ മുന്നേറ്റമാണ്.

വനിതകളുടെ ശുശ്രൂഷാ പങ്കാളിത്തം ഇന്ന് ഒരു സജീവ ചർച്ചാവിഷയമാണ്. ദൈവശാസ്ത്ര മേഖലകളിൽ വ്യത്യസ്തമായ ചിന്താപീഠങ്ങൾ ഇന്ന് നിലനിൽക്കുന്നു. സ്ത്രീകൾക്ക് ഓർഡിനേഷൻ കൊടുക്കണം എന്ന് വാദിക്കുന്ന വിമോചന ചിന്താധാര നമ്മുടെ ഇടയിൽ സജീവമാണ്. ബൈബിൾ സ്ത്രീ സമത്വം അംഗീകരിക്കുന്നു. എല്ലാവരും ദൈവത്തിന്റെ മുമ്പിൽ തുല്യരാണ്. കെംക്രയിലെ ഫേബ, ഫിലിപ്പ്യയിലെ സുന്തുകയും ലുവോദ്യയും, യോഹന്ന, ശൂശന്ന തുടങ്ങിയവരെയെല്ലാം ഇവർ ഉയർത്തിക്കാണിക്കുന്നു. 19–ാം നൂറ്റാണ്ടിൽ ആരംഭിച്ച വനിതാ വിമോചന പ്രസ്ഥാനത്തിന്റെ സ്വാധീനവും, 1963 ൽ ബെറ്റി ഫ്രീഡൽ എഴുതിയ 'ദ ഫെമിനിൻ മിസ്റ്റിക്ക്' എന്ന വിവാദ ഗ്രന്ഥവുമായിരുന്നു അമേരിക്കയിൽ ഫെമിസ്റ്റ് പ്രസ്ഥാനത്തിന് പ്രചോദനമായത്. പാശ്ചാത്യ ഫെമിനിസ്റ്റ് കാഴ്ചപ്പാട് ഇന്റർനാഷണൽ സഭകളെ സ്വാധീനിച്ചിട്ടുണ്ട്. യേശുക്രിസ്തു ശിഷ്യന്മാരെ തിരഞ്ഞെടുത്തപ്പോൾ സ്ത്രികൾ ഉൾപ്പെട്ടിരുന്നില്ല എന്നും സഭാ ചരിത്രത്തിൽ ശുശ്രൂഷകന്മാരോ, പുരോഹിതന്മാരോ ആയി വനിതകളെ നിയമിച്ചിരുന്നില്ല എന്നും വനിതാ ഓർഡിനേഷനെ എതിർക്കുന്നവർ പറയുന്നു.

സ്ത്രീകളെക്കുറിച്ചുള്ള വേദപുസ്തക പരാമർശങ്ങളിലും സഭാ ചരിത്രത്തിലെ പ്രകടമായ മൗനത്തിലും കാര്യങ്ങൾ വ്യക്തമാണ്. പൊതു യോഗങ്ങളിൽ സ്ത്രീകൾ പാലിക്കേണ്ട അച്ചടക്കം പൗലോസ് വ്യക്തമാക്കുന്നുണ്ട്. (1 കൊരി: 14: 34,35). എന്നാൽ വരങ്ങൾ പ്രകടിപ്പിക്കാൻ വിലക്ക് കല്പിക്കപ്പെട്ടിട്ടില്ല (1 കൊരി:11:5). വേദപുസ്തകം നിർവ്വചിച്ചിട്ടുളള ഓർഡെയ്ന്റ് മിനിസ്ട്രി വനിതകൾക്ക് നല്കിയിട്ടില്ല. ഇന്ന് സ്ത്രീകൾ നേതൃത്വം വഹിക്കുന്ന സഭകളും, സഹോദരിമാർ സെക്രട്ടറിമാരായിരിക്കുന്ന സഭകളും ഉണ്ട്. ചിലയിടങ്ങളിൽ സഹോദരിമാരുടെ പിൻസീറ്റ് ഡ്രൈവിംഗും ഉണ്ട്. സഹോദരിമാർ സഹോദരിമാരെ സ്നാനപ്പെടുത്തുന്ന, സഹോദരിമാർക്ക് സഹോദരിമാർ കർത്തൃമേശ കൊടുക്കുന്ന സഭകളും ഉണ്ട്. അത് വചനാനുസരണമല്ല. അദ്ധ്യക്ഷന്റെ/മൂപ്പന്റെ ഇടം (Space) സഹോദരിമാർ കൈകാര്യം ചെയ്യാൻ പാടില്ല.

ഉത്തര ആധുനികതയുടെ കാലഘട്ടം സ്ത്രൈണ ആത്മീകതയുടെ കാലമാണ്. റാഡിക്കൽ ഫെമിനിസ്റ്റ് ചിന്താഗതികൾ ഉയർന്നുവരുന്ന കാലഘട്ടം. ഇപ്പോൾ ഫെമിനിസ്റ്റ് തിയോളജി തന്നെ രൂപപ്പെട്ടുവന്നിട്ടുണ്ട്. ഇക്കോ ഫെമിനിസവും ദളിത് ഫെമിനിസ്റ്റ് തിയോളജിയും ഇന്ന് ചർച്ച ചെയ്യപ്പെടുന്നു. ദളിത് സ്ത്രീകളുടെ സംഘർഷവും നിലവിളിയും പ്രത്യാശയും ഉൾക്കൊളളുന്ന ദൈവാനുഭവം വേദപുസ്തക വ്യാഖ്യാനത്തിന് പുത്തൻ പരിപ്രേക്ഷ്യങ്ങൾ നൽകുന്ന കാലഘട്ടമാണിത്. ഇന്ത്യൻ സമൂഹത്തിലെ എല്ലാ അധീശത്വ പ്രത്യയശാസ്ത്രങ്ങളുടെയും ഘടനകളുടെയും പ്രാഥമിക ഇരകളായ ദളിത് സ്ത്രീകളുടെ അനുഭവങ്ങൾ ഇന്ത്യൻ ദൈവശാസ്ത്ര വ്യവഹാരത്തിൽ പുത്തൻ മാനങ്ങൾ സൃഷ്ടിക്കുന്ന ചർച്ചയുടെ മണ്ഡലം ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്. ആധുനിക കാലത്തിന്റെ രാഷ്ട്രീയ കാര്യപരിപാടിയിൽ പ്രമുഖ സ്ഥാനം നേടുന്ന ദർശനങ്ങളാണ് സ്ത്രീവാദവും പരിസ്ഥിതിവാദവും. സ്ത്രീയും, പ്രകൃതിയും വർഷങ്ങളായി ചൂഷണത്തിന്റെ എണ്ണമറ്റ പീഢനങ്ങൾ അനുഭവിച്ച് ദുരന്തത്തിന്റെ ഘനീരൂപങ്ങളായി മാറിയിരിക്കുകയാണ്. ഇത് രണ്ടും സംരക്ഷിക്കപ്പെടാതെ ലോക ആവാസ വ്യവസ്ഥയ്ക്ക് നിലനില്ക്കാനാവില്ല. ഈ അറിവിനെ സിദ്ധാന്തവൽക്കരിക്കുന്ന ആശയമാണ് ഇക്കോ ഫെമിനിസം. ഈ പരിസ്ഥിതിക കാഴ്ചപ്പാടിൽ നിന്നും, ഫെമിനിസ്റ്റ് ആത്മീയതയിൽ നിന്നുമാണ് അമ്മ ദൈവങ്ങൾ പോലും ഉയർന്നുവരുന്നത്.

അവസാനമായി, വനിതകൾക്ക് ശുശ്രൂഷയിൽ പങ്കാളിത്വം ഉണ്ട്. എന്നാൽ അദ്ധ്യക്ഷസ്ഥാനം ഇല്ല. അഞ്ചുവിധ ശുശ്രൂഷകളിൽ നിർവ്വചിച്ചിരിക്കുന്ന ഓർഡെയ്ന്റ് മിനിസ്ട്രി അനുവദിച്ചിട്ടില്ല. കാരണം ബൈബിൾ അത് പറയുന്നില്ല; മാനദണ്ഡം ബൈബിളാണ്. സമത്വം ക്രിസ്തുവിലാണ്. രക്ഷാവിജ്ഞാനിയത്തോടുള്ള ബന്ധത്തിൽ വീണ്ടെടുപ്പിന്റെ വ്യവസ്ഥയിലാണ് തുല്യത. ഈ തുല്യത ശുശ്രൂഷയിലില്ല. അതുകൊണ്ട് ഇവിടെ സംവരണം പ്രശ്നമല്ല. സഹോദരന്മാരുടെ സംവരണതോത് വർദ്ധിപ്പിച്ചാൽ ചിലർക്കു കൂടി അവസരം കിട്ടും. മാനേജ്മെന്റ് ക്വാട്ടയും പേയ്മെന്റ് സീറ്റും ഇല്ലാതാകും.


AGAPE BIBLE COLLEGE

Accredited by IATA

A Theological Institution of Agape full Gospel Ministries

Invites applications from born again, dedicated young men for the following courses

| Course | Duration | Medium | Qualification |
|---|---|---|---|
| B.Th | 3 Yrs. | English/Malayalam | +2 Pass |
| G.Th | 3 Yrs. | English/Malayalam | Matriculation Pass |
| Dip.Th | 2 Yrs. | English/Malayalam | Matriculation Pass |
| C.Th | 1 Yr. | English/Malayalam | Matriculation Pass |

Special Features

❖Ministry opportunities ❖ Developing personal skills ❖ Experienced and qualified faculty

❖Excellent spiritual and peaceful atmosphere ❖ Campus with beautiful buildings and Play ground

FREE FOOD AND ACCOMEDATION

Classes will begins on 7th June 2010

For Application form sent Rs-50 M.O /D.D to

wanted faculty M.Div/B.D



The Registrar

Agape Center, Njakkunilam P.O ,V-Kottayam Pathanamthitta, Kerala, India - 689 656

Ph. 0468-2306665, 09447860910, 09447241228 , abcagape@gmail.com, www.agapeministry.org

ജോൺസ് പി.മാത്യൂസ്, ടെന്നസി

# അറുപതിലും പതറാതെ വിശ്വാസ വീഥിയിൽ വീറോടെ... റവ.സി.വി. ആൻഡ്രൂസ്

ക്രിസ്തു കേന്ദ്രിതമായ ജീവിത വീക്ഷണവും അതിനാധാരമായി നിൽക്കുന്ന ആദർശസംഹിതയും ഭക്തിയും സമഞ്ജസമായി സമ്മേളിച്ചിരിക്കുമ്പോൾ തന്റെ സുവിശേഷ ജീവിത വിജയത്തിന്റെ അന്തർധാരയും അതു തന്നെയായിരുന്നു. എങ്ങനെയും ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുക എന്ന ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നതിനായി ഈ അറുപതാം വയസ്സിലും തികഞ്ഞസമർപ്പണത്തോട് സുവിശേഷദൗത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുകയും ഒരു മിന്നൽ പിണർ പോലെ ജ്വലിച്ച് വിളങ്ങി ക്രൈസ്തവദൈവശാസ്ത്രത്തിന്റെ അന്തസത്ത ഉൾകൊണ്ട കർതൃദാസനാണ് റവ.സി.വി. ആൻഡ്രൂസ്. ക്രൈസ്തവ സുവിശേഷകർക്ക് തികച്ചും ഒരു മാതൃക.

അറ്റ്ലാന്റാ ചർച്ച് ഓഫ് ഗോഡിന്റെ സീനിയർ പാസ്റ്റർ വേൾഡ് വൈഡ് ഗോസ്പൽ മിനിസ്ട്രിയുടെ ഡയറക്ടറുമായ റവ. ആൻഡ്രൂസ് കഴിഞ്ഞ ജനുവരിയിൽ 60 വയസ്സ് പൂർത്തീകരിച്ചപ്പോൾ കഴിഞ്ഞ 42 വർഷത്തെ സുവിശേഷ ജീവിതത്തിൽ ഒട്ടേറെ ത്യാഗങ്ങളുടെയും കഷ്ടതയുടേയും അനവധി നന്മകളുടേയും അനുഭവങ്ങൾ പങ്ക് വെയ്ക്കുമ്പോൾ അത് പുതുതലമുറകൾക്ക് പ്രചോദനമാകുകയാണ്. ലോറൻസ് വില്ല ചർച്ച് ഓഫ് ഗോഡിൽ വെച്ച് ജനുവരി 3-ാം തീയതി ഞായറാഴ്ച സഭാവിശ്വാസികളും ബന്ധുമിത്രാതികളും സുഹൃത്തുക്കളും സംഘടിപ്പിച്ച അനുമോദന യോഗത്തിൽ കഴിഞ്ഞ അറുപത് വർഷത്തോളം ദൈവം കരങ്ങളിലെടുത്തുപയോഗിച്ച ദൈവീക കരുണയെ സ്മരിക്കുകയുണ്ടായി. സുവിശേഷവേലയിൽ സഹധർമ്മിണി തങ്കമ്മ ആൻഡ്രൂസും തങ്ങളുടെ രണ്ട് മക്കളും താങ്ങായി നിന്നത് അദ്ദേഹത്തിന് വിസ്മരിക്കാതിരിക്കാനായില്ല. അതെ, തന്റെ കുടുംബത്തിന്റെ പിന്തുണയും ക്രിസ്തുവിലുള്ള അമിതവിശ്വാസവും ത്യാഗപൂർണ്ണമായ സഹനശക്തിയും ഈ ധീഷണശാലിയെ സുവിശേഷവയലിൽ ക്രിസ്തുവിന്റെ സ്ഥാനാപതിയാക്കി മാറ്റി.

ശാരീരികമായി 60 വയസ് തികഞ്ഞെങ്കിലും സുവിശേഷ വേലയിൽ യൗവനത്തിന്റെ ചുറുചുറുക്കോടെ ജ്വലിച്ചുനിൽക്കുന്നു എന്നതിന് ഉദാത്ത തെളിവാണ് വേൾഡ് വൈഡ് ഗോസ്പൽ മിനിസ്ട്രി എന്ന സംഘടന. പ്രഭാഷകരുടെ പ്രസംഗങ്ങൾ റിക്കോർഡ് ചെയ്ത് സി.ഡിയിലാക്കി അക്രൈസ്തവരുടെ ഇടയിൽ തികച്ചും സൗജന്യമായി എത്തിക്കുകയും ബൈബിൾ പ്രഭാഷണത്തിലൂടെ ക്രിസ്തുവിന്റെ നിത്യാന്ത മോഹനസന്ദേശങ്ങൾ വെബ്സൈറ്റിലൂടെയും മറ്റും ജനങ്ങളിലെത്തിക്കുക എന്ന ശ്രമകരമായ ദൗത്യം അനേകരെ ക്രിസ്തുവിങ്കലേക്കടുപ്പിക്കുവാൻ കാരണമായി.

റവ.സി.വി.ആൻഡ്രൂസ് ശ്രദ്ധേയനായ വേദ പണ്ഡിതനും പ്രഭാഷകനും എഴുത്തുകാരനും സംഘാടകനും വേദധ്യാപകനും ആണ്. ഓൺലൈൻ ബൈബിൾ സ്കൂൾ എന്ന നാമകരണത്തിൽ തികച്ചും സൗജന്യമായി ലഭിക്കുന്ന ഓൺലൈൻ ബൈബിൾ ക്ലാസ്സ് എന്ന സമഗ്രപാഠ്യപദ്ധതിയിലൂടെ ബൈബിൾ പഠനത്തിന്റെ വാതായനങ്ങൾ തുറക്കുകയാണ് ചെയ്തത്. ഇന്റർനെറ്റിലൂടെ ലോകത്താദ്യമായി സൗജന്യബൈബിൾ ക്ലാസ്സ് എന്ന സംരംഭത്തിന്റെ സാരഥിയുമാണ് റവ. സി. വി. ആൻഡ്രൂസ്.



റവ. സി.വി. ആൻഡ്രൂസും, ഭാര്യ തങ്കമ്മയും

55 വർഷത്തിനു മുൻപ് ക്ഷയരോഗിയായ തന്റെ പിതാവിനെ മെഡിക്കൽ കോളേജിൽ നിന്നും തള്ളിയപ്പോൾ അമേരിക്കയിൽ നിന്നും വന്ന രൂത്ത് എന്ന ദൈവദാസിയുടെ പ്രാർത്ഥനയാൽ പിതാവിന് സൗഖ്യം ലഭിക്കുകയും അത് തന്റെ ജീവിതത്തെ മാറ്റിമറിച്ച അനുഭവമായി തീരുകയും ചെയ്തു. ഇതുൾക്കൊണ്ട ആൻഡ്രൂസ് പിന്നെ ആലോചിച്ചില്ല, സുവിശേഷ വേലയ്ക്ക് വേണ്ടി സമർപ്പിക്കപ്പെടുകയായിരുന്നു. മാതാപിതാക്കളായ കോട്ടയം മീനടം ചക്കാലകുഴിയിൽ സി.സി. വർക്കിയും തങ്കമ്മ വർക്കിയും തങ്ങളുടെ മകന്റെ തീരുമാനത്തിന് ഉറച്ച പിന്തുണ നൽകിയത് വലിയൊരാശ്വാസമായി. തുടർന്ന് മുളക്കുഴ ബൈബിൾ കോളജിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദം നേടുകയും അതിന് ചിലനാളുകൾ കഴിഞ്ഞ് കീക്കൊഴൂർ, ജഗദൽപൂർ, ദുർഗ്ഗാപൂർ, നാഗ്പൂർ, ഭോപ്പാൽ, ബോംബെ, ഡൽഹി തുടങ്ങിയ പ്രദേശങ്ങളിൽ ശുശ്രൂഷിപ്പാൻ ദൈവം അവസരം നല്കി. പതിനൊന്ന് വർഷകാലം ഫ്ളോറിഡ ലേക്‌ലാന്റ് ചർച്ച് ഓഫ് ഗോഡിലെ പാസ്റ്ററായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ അറ്റ്ലാന്റാ ലോറൻസ് വില്ല ചർച്ച് ഓഫ് ഗോഡിലെ സീനിയർ പാസ്റ്ററായി ചുമതലയനുഷ്ഠിക്കുന്നു. ഡൽഹിയിലായിരുന്നപ്പോൾ അനേകം സഭകൾ സ്ഥാപിപ്പാനും ഈ കർതൃദാസനെ ദൈവം കരങ്ങളിലെടുത്തുപയോഗിച്ചു. അങ്ങനെ അവിടേയും ആത്മീയതയുടെ പുതിയ ചക്രവാളം കാണുവാൻ ദൈവം സഹായിച്ചു. അനന്ത സ്രോതസിനിയായ സുവിശേഷ സംസ്കാരം ലോകത്തെവിടെയും പ്രതിഫലിപ്പിക്കുന്നതിനായി ഒരുനാളും തിരിഞ്ഞ് നോക്കേണ്ടി വന്നിട്ടില്ല.

ചർച്ച് ഓഫ് ഗോഡിന്റെ ഡൽഹി നോർത്ത് സോണിന്റെ ഡിസ്ട്രിക്ട് ഓവർസിയർ, നോർത്ത് ഇന്ത്യ കൗൺസിൽ മെമ്പർ, ഫ്ളോറിഡയിലെ ഇന്ത്യൻ ചർച്ച് സ്റ്റേറ്റ് കോർഡിനേറ്റർ, നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡിന്റെ പ്രസിഡന്റ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തന്റെ പ്രവർത്തനങ്ങളേയും ദീർഘകാല ശുശ്രൂഷകളേയും മാനിച്ച് കാനഡ ക്രിസ്ത്യൻ ബൈബിൾ കോളജ് ഡോക്ടറേറ്റ് നൽകി ആദരിച്ചു. കഴിഞ്ഞ പത്ത് വർഷകാലം വളരെ വിശ്വസ്തതയോടെ ശ്രേഷ്ഠകരമായ നിലയിൽ അറ്റ്ലാന്റ ചർച്ച് ഓഫ് ഗോഡിനെ നയിച്ചതിന് സഭാവിശ്വാസികൾ ഫലകം നൽകി ആദരിക്കുകയും ചെയ്തു.


പത്താമത്തെ വയസിൽ ജലസ്നാനം സ്വീകരിച്ച റവ. ആൻഡ്രൂസ് കഴിഞ്ഞ 42 വർഷത്തെ വിശ്വാസവീഥിയിൽ ദൈവം ചെയ്ത അത്ഭുതങ്ങളേക്കുറിച്ച് സംസാരിച്ചപ്പോൾ ദൈവീക വിടുതലിന്റെ പ്രാധാന്യത്തെ ഊട്ടി ഉറപ്പിക്കുന്ന ഒന്നായിമാറി. റവ. ആൻഡ്രൂസും സഹധർമ്മിണിയും നോർത്ത് ഇന്ത്യയിൽ പട്ടിണികിടന്ന് തങ്ങളുടെ മക്കളെ വളർത്തിയ അനുഭവങ്ങൾ വിവരിച്ചപ്പോൾ പലരുടേയും ഹൃദയങ്ങളെ അത് തൊട്ടുണർത്തുന്നതായിരുന്നു. കുടുംബം നയിക്കുന്നതിൽ പിതാവിന്റെ കാഴ്ചപ്പാടും നേതൃപാടവവും ശരിയായ ദശാംശം കൊടുക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത മനോഭാവവും തങ്ങൾക്ക് ഉത്തമ മാതൃകയാണെന്ന് മകൻ ബ്ലസ്സൻ ആൻഡ്രൂസ് തന്റെ പിതാവിനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നു.

മകൻ ബെന്നി ആൻഡ്രൂസിന്റെ ഗാനത്തോട് കൂടി ആരംഭിച്ച യോഗത്തിൽ സഭാ സെക്രട്ടറി അനിൽ ബാലചന്ദ്രൻ അസിസ്റ്റന്റ് പാസ്റ്റർ തോമസ് മാത്യു, റവ. ഷിബു ചെറിയാൻ, കോളിൻസ് ചാക്കോ, ജോജി തോമസ്, ഷാജി സാമുവേൽ തുടങ്ങിയവർ സംസാരിച്ചു.

ആത്മീയതയുടെ വിശ്വാസ സംസ്കാരമുള്ള തന്റെ ഉദാത്തമായി ശൈലി വിശ്വാസ വീഥിയിൽ മഹത്തായ നിലയിൽ വിനിയോഗിക്കുന്നതിൽ ഈ കർതൃദാസൻ എന്നും പ്രതിജ്ഞാബദ്ധനാണ്.

# നിത്യതയിൽ

## പാസ്റ്റർ റ്റി.റ്റി. ജോസഫ്




**ബാംഗ്ലൂർ:** അരനൂറ്റാണ്ടിലധികം കർത്തൃശുശ്രൂഷ ചെയ്ത ഐ.പി.സി. കർണ്ണാടക റീജിയൻ സ്ഥാപക പ്രസിഡന്റും കർണ്ണാടക സ്റ്റേറ്റ് ഐ.പി.സി. സീനിയർ ജനറൽ മിനിസ്റ്ററുമായിരുന്ന പാസ്റ്റർ ടി.ടി. ജോസഫ് മഹത്വത്തിൽ പ്രവേശിച്ചു.


ഹെഡ്ക്വാർട്ടേഴ്സിൽ നടന്ന ശുശ്രൂഷകളിൽ പാസ്റ്റർമാരായ റ്റി. എസ്.ഏബ്രഹാം, റ്റി.ഡി. തോമസ്, പി.സി. ജോസഫ്, എം.എ.വർഗീസ്, തോമസ് കുര്യൻ, എം.ഐ.ഈപ്പൻ, ജോൺ ജോസഫ്, കെ.സി. ഉമ്മൻ, പി.ജി. പോൾ, പോൾ തങ്കയ്യ, ബാബു ഏബ്രഹാം, എം.സി. ചാക്കോ, ഇ.എൻ.സക്കറിയ, ഡോ. ജോസ് താന്നിക്കൽ, ഡോ. ഏ.സി. ജോർജ്, ഡോ. ഇടിച്ചെറിയ നൈനാൻ, റ്റി. തങ്കരാജ്, സേവ്യർ ജെയിംസ്, റ്റി. റ്റി. തോമസ് എന്നിവർ സംസാരിച്ചു. കർണാടക ഐ.പി.സി പ്രസിഡന്റ് പാസ്റ്റർ സാം ജോർജ് ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.


ഭാര്യ : പരേതയായ അന്നമ്മ. മക്കൾ : ടോം ജോസഫ്, ഏബ്രഹാം ജോസഫ്, ബോബി ജോസഫ്, ജോയ്സ്, ഫേബ. സഹോദരൻ : ടി.ടി. തോമസ് (പ്രസിഡന്റ്, ഐ.പി.സി. ബഹറിൻ). 1966ൽ ബഹറിൻ പെട്രോളിയം കമ്പനിയിൽ എൻജിനീയറായി എത്തിയ ടി.ടി. ജോസഫ് ബഹറിനിലെ പ്രമുഖ പെന്തക്കോസ്ത് സഭയായ ഇന്ത്യൻ പെന്തക്കോസ്തൽ ചർച്ചിന്റെ സ്ഥാപകനാണ്.

**തിരുവല്ല:** കൈപ്പള്ളിമാലിൽ പാസ്റ്റർ കെ.പി.ജോണിന്റെ ഭാര്യ ഏലിയാമ്മ ജോൺ (67) നിത്യതയിൽ പ്രവേശിച്ചു. തിരുവല്ല സിറ്റി ചർച്ച് ഓഫ് ഗോഡ് സഭാംഗമായിരുന്നു. ശവസംസ്കാര ശുശ്രൂഷ സഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നടത്തി. സഭാ ശുശ്രൂഷകൻ പാസ്റ്റർ ഷിബു കെ. മാത്യു, ഡിസ്ട്രിക്ട് പാസ്റ്റർ ജോസ് ബേബി എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ തോമസ് ജോർജ്, പി.പി.കുര്യൻ വിനോദ് ജേക്കബ്, കെ.എ. ഉമ്മൻ, സജു പി.തോമസ് തുടങ്ങി അനേക കർത്തൃദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചന സന്ദേശങ്ങൾ അറിയിക്കുകയും ചെയ്തു. മക്കൾ : ജെയ്സി, ജെൻസി, ജോളി, ജിൻസി. മരുമക്കൾ : തമ്പി (സൗദി), ഫെയ്ത്ത്, മനോജ് (സൗദി), ബോബി (ബാംഗ്ലൂർ).




**തിരുവല്ല:** ശൂരനാട് കിഴക്കേ അറ്റത്തേതിൽ ജി.ജോർജ്ജ് (94) നിത്യതയിൽ പ്രവേശിപ്പിച്ചു. സംസ്ക്കാര ശുശ്രൂഷ ചർച്ച് ഓഫ് ഗോഡ് ടൗൺ സഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നടത്തി. ശുശ്രൂഷകൾക്ക് ഡിസ്ട്രിക്ട് പാസ്റ്റർ ജോസ് ബേബി നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ പി.പി.കുര്യൻ, ഷിബു കെ. മാത്യു, സജു പി. തോമസ് തുടങ്ങി അനേകം കർത്തൃദാസന്മാർ ശുശ്രൂഷകളിൽ സംബന്ധിച്ചു. മക്കൾ കുഞ്ഞുമോൾ, മോനി, പരേതയായ തങ്കമ്മ, പൊന്നമ്മ. മരുമക്കൾ : പി. പി. മത്തായി, കുഞ്ഞുമോൾ, ജോണി, ജോസ്.







**മുണ്ടുകോട്ടയ്ക്കൽ:** കണിപ്പറമ്പിൽ പാസ്റ്റർ എം. ഐ.അലക്സിന്റെ (പയ്യനാമൺ സഭാ ശുശ്രൂഷകൻ) ഭാര്യയും ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് എൽ.എം. ബോർഡ് മെമ്പറുമായ കുഞ്ഞമ്മ അലക്സ് (68) നിത്യതയിൽ പ്രവേശിച്ചു. ശവസംസ്കാര ശുശ്രൂഷ ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി മുണ്ടുകോട്ടയ്ക്കൽ സഭാ സെമിത്തേരിയിൽ നടത്തി. ശുശ്രൂഷകൾക്ക് സഭാ ശുശ്രൂഷകൻ പാസ്റ്റർ തോമസ് ജോർജ്ജും, പത്തനംതിട്ട ഡിസ്ട്രിക്ട് പാസ്റ്റർ ജി. അലക്സും നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ കെ.സി.ജോൺ, പി.ജി.മാത്യൂസ്, ഈപ്പൻ ചെറിയാൻ, ജോസ് ബേബി, കെ.റ്റി.വർഗീസ്, ഷിബു കെ.മാത്യു, റ്റി.സി.ചെറിയാൻ, എം. എ.ജോൺ തുടങ്ങി അനേക കർത്തൃദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. മക്കൾ : സൂസൻ, ഗ്രേസൻ, ജോൺസൺ, മാത്യൂസ് പി. അലക്സ്, ജാൻസി, ബിൻസി. മരുമക്കൾ : തങ്കച്ചൻ, ബാബുക്കുട്ടി, സൂസൻ, സജി, സുനിൽ.




**നാരകത്താനി:** കീച്ചേരിൽ ജോൺ തോമസ് (ബേബിക്കുട്ടി, 67) നിത്യതയിൽ പ്രവേശിച്ചു. പെരുമ്പ്രാവ് ദൈവസഭാംഗമായിരുന്നു. ശവസംസ്ക്കാര ശുശ്രൂഷ പെരുമ്പ്രാവ് സഭാ സെമിത്തേരിയിൽ പാസ്റ്റർ എൻ.സി. ചാക്കോ നിർവഹിച്ചു. ശുശ്രൂഷകൾക്ക് പാസ്റ്റർ പി.സി. ജോസഫ് നേതൃത്വം കൊടുത്തു. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി ഭവനത്തിൽ ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർമാരായ പി.ജി.മാത്യൂസ്, ജോസ് ബേബി, പി.പി.കുര്യൻ, ജോസഫ് സാം തുടങ്ങി അനേക കർത്തൃദാസന്മാർ ദൈവവചനം ശുശ്രൂഷിച്ചു. മക്കൾ : ബിജു, ബിനു, ബിജി, മരുമക്കൾ: റീന, സിന്ധു, ബിജു.



**കടുവാക്കുളം:** പ്ലാമൂട്ടിൽ മോട്ടി ജേക്കബിന്റെ ഭാര്യയും കഞ്ഞിക്കുഴി ദൈവസഭാംഗവുമായ മേഴ്സി (33) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരശുശ്രൂഷ സഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നടത്തി. പാസ്റ്റർമാരായ പി. ജെ.ജെയിംസ്, ജോസ് ബേബി, ഷിബു കെ.മാത്യു, വിനോദ് ജേക്കബ്, തോമസ് പുളിവേലിൽ തുടങ്ങിയ അനേക കർത്തൃദാസന്മാർ ശുശ്രൂഷകളിൽ സംബന്ധിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. സഭാ പാസ്റ്റർ ബി. എസ്. ജോൺസൺ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. മക്കൾ : സേറ, ജോഷ്വ.



**കോട്ടയം :** തുണ്ടിൽ ക്യാപ്റ്റൻ ഡോ. ജോൺ ജേക്കബിന്റെ ഭാര്യ മീറ ജോൺ ജേക്കബ് (81) നിത്യതയിൽ ചേർക്കപ്പെട്ടു. പുളിക്കൽ പരേതനായ അച്ചോച്ചിയുടെ മകളാണ്. ശവസംസ്ക്കാര ശുശ്രൂഷ വാകത്താനം ടാബർനാക്കിൾ സഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നടത്തി. പാസ്റ്റർമാരായ പി. ജി.മാത്യൂസ്, ജോൺ ഫിലിപ്പ്, സജു പി.തോമസ് തുടങ്ങി അനേക കർത്തൃദാസന്മാർ ശുശ്രൂഷകളിൽ സംബന്ധിച്ചു. മക്കൾ : സൂസൻ, ജ്യോതി. മരുമക്കൾ : ജേക്കബ് ചെറിയാൻ (കോടിയാട്ട്), ഡോ. മാത്യു ഏബ്രഹാം (പാതിയപ്പള്ളിൽ).



**ഓതറ:** തപ്പുപുരയ്ക്കൽ പരേതനായ ഏബ്രഹാം വർഗീസിന്റെ ഭാര്യയും ഓതറ ദൈവസഭാംഗവുമായ സാറാമ്മ ഏബ്രഹാം നിത്യതയിൽ ചേർക്കപ്പെട്ടു. ശവസംസ്ക്കാര ശുശ്രൂഷ സഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നടത്തി. സഭാ ശുശ്രൂഷകൻ പാസ്റ്റർ വിനോദ് ജേക്കബും ഡിസ്ട്രിക്ട് പാസ്റ്റർ തോമസ് ജോർജും ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ ഡിപ്പാർട്ടുമെന്റുകളുടെ ചുമതല വഹിക്കുന്നവർ തുടങ്ങി അനേക കർത്തൃദാസന്മാർ അനുശോചനം അറിയിച്ചു. മക്കൾ: പാസ്റ്റർ റ്റി.എം.വർഗീസ് (ചർച്ച് ഓഫ് ഗോഡ് പൈനുംമൂട്), കുഞ്ഞൂഞ്ഞമ്മ, ഓമന, വത്സമ്മ, റ്റി.എ.കുര്യൻ (ബഹ്റൈൻ). മരുമക്കൾ : കുഞ്ഞമ്മ, അച്ചൻകുഞ്ഞ്, രാജു, ചിന്നമ്മ.

# അടി ഉറച്ച വിശ്വാസത്തോടെ ഇന്നും...

**93** വയസ്സു പ്രായമുണ്ടെങ്കിലും, കണ്ണിന്റെ കാഴ്ച ശക്തി കുറഞ്ഞെങ്കിലും വിശ്വാസത്തിൽ ഇന്നും ചുറുചുറുക്കോടെ നില്ക്കുന്ന പത്തനംതിട്ട മുള്ളമൂട്ടിൽ കുഞ്ഞമ്മ ഏബ്രഹാമിനെ കാണുവാൻ തന്റെ രണ്ടാമത്തെ മകൻ പാസ്റ്റർ എം.എ. ബേബിയുടെ ഭവനത്തിൽ ചെന്നപ്പോൾ സ്നേഹനിർഭരമായ സ്വീകരണം ലഭിച്ചു. യുഗാന്ത്യസന്ദേശം മാസികയ്ക്കുവേണ്ടി അമ്മച്ചിയുടെ വിശ്വാസജീവിതം റിപ്പോർട്ടു ചെയ്യുവാനാണ് ചെന്നത് എന്നു പറഞ്ഞപ്പോൾ ഓർമ്മ ശക്തിക്ക് ഒരു കുറവും വരാത്ത അമ്മച്ചി തന്റെ ഓർമ്മയുടെ ചെപ്പുകൾ തുറന്നു.

**ചോദ്യം :- അമ്മച്ചിയുടെ ജനനവും, മാതാപിതാക്കളുടെയും, ഭവനത്തെക്കുറിച്ചും ഒന്നു വിവരിക്കാമോ?**

ഉത്തരം :- മുണ്ടുകോട്ടയ്ക്കൽ കുടുംബത്തിൽ ഇടിച്ചാണ്ടി ജോസഫിന്റെയും മറിയാമ്മ ജോസഫിന്റെയും മകളായി കൊല്ല വർഷം 1092ൽ (1917) പത്തനംതിട്ട മുണ്ടുകോട്ടയ്ക്കലിൽ ജനിച്ചു. മാതാപിതാക്കൾ ഈ സമയത്തു യാക്കോബായ സംഭാംഗങ്ങളായിരുന്നു. കൊല്ലവർഷം 1105ൽ കായംകുളത്തു കാരനായ ഒരു സന്യാസി (ഈഘവ സമുദായത്തിൽപ്പെട്ടത്) പത്തനംതിട്ടയിലും, മൈലപ്രയിലും മുണ്ടുകോട്ടയ്ക്കലും മാനസാന്തര ദൂതുമായി കടന്നുവന്നു. മാനസാന്തരത്തിന്റെയും വീണ്ടും ജനനത്തിന്റെയും ആവശ്യകതയെപ്പറ്റി കവലകൾ തോറും ഭവനങ്ങൾ തോറും കയറി ഇറങ്ങി പറയുമായിരുന്നു. അങ്ങനെ മാതാപിതാക്കൾ രക്ഷിക്കപ്പെടുവാനും തുടർന്ന് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിൽ അംഗങ്ങളായി.

**ചോദ്യം :- അമ്മച്ചി എന്നാണ് രക്ഷിക്കപ്പെട്ടത്?**

ഉത്തരം :- എന്റെ പതിനഞ്ചാമത്തെ വയസ്സിൽ രക്ഷിക്കപ്പെടുവാനും തുടർന്ന് ഞാനും സ്നാനപ്പെട്ട് ബ്രദറൺ സഭാംഗമായി.

**ചോദ്യം :- വിവാഹം, കുടുംബജീവിതം എന്നിവയെപ്പറ്റി?**

ഉത്തരം :- 17-ാമത്തെ വയസ്സിൽ മുണ്ടുകോട്ടയ്ക്കൽ മുള്ളമൂട്ടിൽ എം.ജി. ഏബ്രഹാമുമായുള്ള വിവാഹം ബ്രദറൺ ദൈവസഭാ മന്ദിരത്തിൽ വച്ചു നടന്നു. ഭർത്താവിന്റെ കുടുംബവും ബ്രദറൺ വിശ്വാസികളായിരുന്നു. ദൈവം ഞങ്ങൾക്ക് 5 ആൺമക്കളെയും ഒരു പെൺകുഞ്ഞിനെയും ദാനമായി തന്നു. ഇപ്പോൾ എനിക്ക് 15 കൊച്ചുമക്കളും (ഇവരിൽ 10 പേരുടെ വിവാഹം കഴിഞ്ഞു) 20 പേരക്കുട്ടികളും ഉണ്ട്. മൂത്തമകൻ തന്റെ വേല തികച്ച് അക്കരെ നാട്ടിൽ പോയി.

**ചോദ്യം :- മുണ്ടുകോട്ടയ്ക്കൽ ദൈവസഭ എങ്ങനെയാണ് ആരംഭിച്ചത്?**

ഉത്തരം :- മുണ്ടുകോട്ടയ്ക്കൽ ബ്രദറൺ കൂട്ടായ്മയിൽ മുള്ളമൂട്ടിൽ കുടുംബത്തിൽപ്പെട്ട സഹോദരന്മാരായ എം.എം. ജോൺ, എം.ജി. തോമസ് (പിന്നീട് ദൈവസഭയുടെ ശുശ്രൂഷകനായി) ഡേവിഡ് എന്നിവർ പെന്തെക്കോസ്തു ഉപദേശമാണ് ഏറ്റവും ശരിഎന്നു മനസ്സിലാക്കി മുളക്കുഴയിൽ വന്ന് കുക്കുസായിപ്പിനെയും പാസ്റ്റർ റ്റി.എം. വർഗീസിനെയും കാണുകയും അങ്ങനെ മുണ്ടുകോട്ടയ്ക്കലിൽ ദൈവസഭ സ്ഥാപിതമായി.

**ചോദ്യം :- അമ്മച്ചി എങ്ങനെയാണ് ബ്രദറൺ കൂട്ടായ്മയിൽ നിന്നും പെന്തെക്കോസ്തു വിശ്വാസത്തിൽ വന്നത്?**

ഉത്തരം :- മുണ്ടുകോട്ടയ്ക്കലിൽ ദൈവസഭാ പ്രവർത്തനം എന്റെ ഭർത്താവിന്റെ കുടുംബത്തിൽപ്പെട്ടവർ മുഖേന ആരംഭിച്ചു എങ്കിലും, എന്റെ ഭർത്താവോ, എന്റെ മാതാപിതാക്കളോ പെന്തെക്കോസ്തു അനുഭവത്തിലേക്ക് ആകർഷിക്കപ്പെട്ടില്ല. അവർ ബ്രദറൺ വിശ്വാസത്തിൽ തന്നെ ഉറച്ചു നിന്നിരുന്നു. എന്റെ ഭർത്താവിന് മുണ്ടക്കയത്തായിരുന്നു ജോലി. ഭവനത്തിൽ ഞാനും ആറു മക്കളുമായി കഴിയുകയായിരുന്നു. വചനം കേൾക്കുവാനും നല്ലത് അംഗീകരിക്കുവാനുമുള്ള ഒരു നല്ല മനസ്സ് എനിക്കുണ്ടായിരുന്നു. അങ്ങനെ മുണ്ടുകോട്ടയ്ക്കൽ ദൈവസഭാ മന്ദിരത്തിൽ നടക്കുന്ന പ്രത്യേക യോഗങ്ങളിൽ ഞാനും മക്കളും പോയി സംബന്ധിക്കുമായിരുന്നു. ഒരിക്കൽ കുക്ക് സായിപ്പ് മുണ്ടുകോട്ടയ്ക്കലിൽ നടന്ന ഒരു മീറ്റിംഗിൽ അപ്പോസ്തോലിക ഉപദേശത്തെപ്പറ്റി സവിസ്തരമായി പ്രസംഗിക്കുകയുണ്ടായി. അപ്പോഴാണ് ബ്രദറൺ കൂട്ടായ്മയിലെ പോരായ്മ ഞാൻ മനസ്സിലാക്കിയത്. തുടർന്ന് ഈ കാര്യം ബ്രദറിലെ ഞങ്ങളുടെ മൂപ്പന്മാരുമായി സംസാരിച്ച് വാദിക്കുമായിരുന്നു.

ഈ സമയത്ത് ഒരു ദൈവഭൃത്യൻ മുണ്ടുകോട്ടയ്ക്കലിൽ വന്ന് മൂന്നു ദിവസം ഉപവാസപ്രാർത്ഥന നടത്തുവാൻ തീരുമാനിക്കുകയും എന്നെ ഈ മീറ്റിംഗിൽ ചെന്ന് സംബന്ധിക്കുവാൻ ക്ഷണിക്കുകയും ചെയ്തിരുന്നു. ഈ മൂന്നു ദിവസവും നടന്ന ഉപവാസ പ്രാർത്ഥനയിൽ വിശുദ്ധ ജീവിതത്തെപ്പറ്റിയും പരിശുദ്ധാത്മാഭിഷേകത്തിന്റെ ആവശ്യകതയെപ്പറ്റിയും വിശദമായി സംസാരിച്ചു. രാത്രി 10ന് പൊതുയോഗം അവസാനിച്ചശേഷം പിന്നീട് നേരം വെളുക്കുന്നതുവരെ പരിശുദ്ധാത്മാഭിഷേകത്തിനായുള്ള പ്രത്യേക പ്രാർത്ഥന ഉണ്ടായിരുന്നു. അങ്ങനെ ഉപവാസപ്രാർത്ഥയുടെ രണ്ടാമത്തെ ദിവസം രാത്രി 2.30ന് കർത്താവ് തന്റെ ആത്മാവിനാൽ എന്നെ നിറയ്ക്കുകയും ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ പ്രത്യേക ദർശനം എനിക്ക് തരികയും ചെയ്തു. നേരം വെളുക്കുന്നതു വരെ ഞാൻ ആത്മാവിനാൽ നൃത്തം ചെയ്തു കൊണ്ടിരുന്നു.

**ചോദ്യം :- പെന്തെക്കോസ്തു അനുഭവത്തിലേക്ക് വന്നതു നിമിത്തം എന്തെല്ലാം കഷ്ടതകൾ ഉണ്ടായി?**

ഉത്തരം :- എന്റെ പിതാവ് ബ്രദറിലെ ഒരു അടിയുറച്ച വിശ്വാസിയായിരുന്നു. തനിക്ക് ഇത് ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. അതുനിമിത്തമായി എന്നെ ഇതിൽ നിന്ന് പിന്തിരിപ്പിക്കുവാൻ പല വിധത്തിൽ ശ്രമിച്ചുകൊണ്ടിരുന്നു. ഒടുവിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: എനിക്ക് ഇങ്ങനെ ഒരു മകൾ ഇല്ല, ഞാൻ നിന്റെ അപ്പനുമല്ലായെന്ന് പറഞ്ഞ് ബന്ധം വിച്ഛേദിച്ചു. കൂടാതെ പെന്തെക്കോസ്തിലെ സ്ത്രീകൾ ഭർത്താവിനെ അനുസരിക്കാതെ പാസ്റ്ററുമാരുടെ പുറകെ നടക്കുന്നവരാണെന്നും മറ്റും പറഞ്ഞ് എന്റെ ഭർത്താവിനു കത്ത് അയച്ചു. അതുനിമിത്തമായി എന്റെ ഭർത്താവ് നാം തമ്മിലുള്ള വിവാഹം ബ്രദറൺ കൂട്ടായ്മയിൽ വെച്ചു ആണല്ലോ നടന്നത്. എന്നാൽ നീ ബ്രദറൺ വിശ്വാസം വിട്ടതിനാൽ ഈ വിവാഹവും നിലനില്ക്കുന്നില്ലായെന്ന് പറഞ്ഞ് എനിക്ക് മുണ്ടക്കയത്തു നിന്ന് കത്തയച്ചു. ഇതുകാരണത്താൽ എനിക്ക് മാസംതോറും തന്നിരുന്ന രൂപാ മൂന്നുമാസത്തേക്ക് തന്നില്ല. ഇങ്ങനെ കഷ്ടതകൾ ഏറിയപ്പോൾ എല്ലാ ആഴ്ചയിലും മൂന്നു ദിവസംവീതം ഉപവസിച്ച് പ്രാർത്ഥിച്ച് കരയുവാനും സഭയിൽ ഈ വിഷയം പറഞ്ഞ് എല്ലാവരും ഒന്നിച്ച് പ്രാർത്ഥിക്കുകയുണ്ടായി.

**ചോദ്യം :- അമ്മച്ചിയുടെ ഭർത്താവ് എങ്ങനെയാണ് പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ചത്?**

ഉത്തരം :- എന്റെ ഉപവാസവും സഭയുടെ പ്രാർത്ഥനയും ദൈവം കൈക്കൊണ്ടപ്പോൾ, മോശെ എന്ന ഉപദേശിയെ മുണ്ടക്കയത്തേക്ക് കർത്താവ് അയയ്ക്കുകയും അവിടെ ഉപവാസ പ്രാർത്ഥന അദ്ദേഹം ക്രമീകരിക്കുകയും ചെയ്തു. പെന്തെക്കോസ്തുകാരുടെ കുറ്റങ്ങൾ കണ്ടുപിടിക്കാനായി എന്റെ ഭർത്താവും ഈ യോഗത്തിൽ പോയി സംബന്ധിക്കുമായിരുന്നു. ഈ പ്രാർത്ഥനയുടെ മൂന്നാമത്തെ ദിവസം എന്റെ ഭർത്താവ് പരിശുദ്ധാത്മാവിന്റെ പ്രവർത്തി കാണുകയും ഇത് ശരിയാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യപ്പെടുകയും ചെയ്തു. അങ്ങനെ ദൈവകൃപയാൽ അദ്ദേഹവും പെന്തെക്കോസ്ത് അനുഭവത്തിലേക്ക് കടന്നുവന്നു. ഇന്ന് എന്റെ മക്കളും മരുമക്കളും കൊച്ചുമക്കളും പേരകുട്ടികളും എല്ലാവരും പെന്തെക്കോസ്ത് അനുഭവത്തിൽ കർത്താവിനെ സേവിക്കുന്നു. കഴിഞ്ഞ 55 വർഷമായി ഈ അനുഭവത്തിൽ നിലനില്ക്കുവാൻ കർത്താവ് എന്നെയും സഹായിച്ചു. അതുനിമിത്തം എന്നെയും എന്റെ കുടുംബത്തെയും കർത്താവ് ആത്മീകമായും ഭൗതീകമായും അനുഗ്രഹിച്ചു.

**ചോദ്യം :- അമ്മച്ചി ഇന്നുവരെ മരുന്ന് ഉപയോഗിച്ചിട്ടില്ലാ എന്ന് കേൾക്കുന്നു. ശരിയാണോ?**

ഉത്തരം :- രക്ഷിക്കപ്പെട്ട അന്നുമുതൽ ഇന്നുവരെ ഞാൻ ഒരു മരുന്നും ഉപയോഗിച്ചിട്ടില്ല. തിരുവചനത്തിൽ പറയുന്നതുപോലെ ദൈവം നമ്മെ വിലയ്ക്കു വാങ്ങിയതുകൊണ്ട് നാം നമ്മുടേതല്ല. നാം ദൈവത്തിന്റേതാണ്. അതുകൊണ്ട് ഈ ശരീരവും സൂക്ഷിക്കേണ്ടത് ദൈവത്തിന്റെ ഉത്തരവാദിത്വമാണെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

**ചോദ്യം :- രോഗസൗഖ്യത്തിന്റെ അനുഭവങ്ങൾ ഒന്നു വിവരിക്കാമോ?**

ഉത്തരം :- എന്റെ ഇളയ മകൻ ജോസിനു 5 വയസ്സുള്ളപ്പോൾ കഠിനമായ മഞ്ഞപ്പിത്ത രോഗത്താൽ മരണത്തിന്റെ വക്കോളം എത്തി. എല്ലാവരും മരിച്ചുപോയി എന്ന് വിധിക്കുകയും ചെയ്തു. അപ്പോഴും ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. കർത്താവ് അവനു സൗഖ്യം കൊടുത്തു. ഇന്ന് അവൻ കുടുംബസ്ഥനായി കാനഡയിൽ ജോലിയിൽ ആയിരിക്കുന്നു. എന്റെ മകൾ സൂസമ്മയ്ക്ക് ദേഹം മുഴുവൻ നീരു വന്ന് മരിച്ചുവെന്ന് കരുതി. എന്നാൽ കർത്താവ് അവളെയും സൗഖ്യമാക്കുന്നത് കാണുവാൻ എനിക്കു സാധിച്ചു. ഇന്ന് അവളും കുടുംബമായി മരുന്ന് ഉപയോഗിക്കാതെ ജീവിക്കുന്നു.

**ചോദ്യം :- അമ്മച്ചിയുടെ മുഖത്ത് എപ്പോഴും സന്തോഷമാണല്ലോ. എന്താണ് അതിന്റെ രഹസ്യം?**

ഉത്തരം :- എന്റെ മരുയാത്ര തീരാറായി. എന്റെ കർത്താവ് വേഗം വരുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതാണ് എന്റെ ഏറ്റവും വലിയ സന്തോഷം. രണ്ടാമത് യോഹന്നാൻ അപ്പോസ്തോലൻ പറയുന്നതുപോലെ എന്റെ മക്കളെല്ലാവരും സത്യത്തിൽ നടക്കുന്നു എന്നുള്ളത് എനിക്ക് ഏറ്റവും സന്തോഷകരമാണ്.

**ചോദ്യം :- ആദ്യകാലത്ത് അമ്മച്ചി അനുഭവിച്ച ആത്മീയ സന്തോഷം ഇന്നു കാണുന്നുണ്ടോ?**

ഉത്തരം :- ഇല്ല, ആദ്യകാലത്ത് കൂട്ടായ്മയുടെ ഒരുബന്ധം ഉണ്ടായിരുന്നു. അത് ദൈവസ്നേഹത്താൽ നിറഞ്ഞതായിരുന്നു. ഒരു കുടുംബത്തിൽ എന്തെങ്കിലും വിഷയം ഉണ്ടായാൽ അത് ഏറ്റെടുത്ത് വിടുതൽ ലഭിക്കുന്നതുവരെ പ്രാർത്ഥിക്കുവാൻ ദൈവമക്കൾ തയ്യാറായിരുന്നു. ഇന്ന് അതെവിടെയോ നഷ്ടപ്പെട്ടിരിക്കുന്നു. ഇന്നെല്ലാം യാന്ത്രികമാണ്. എല്ലാവരും വചനം പ്രസംഗിക്കുന്നുണ്ടെങ്കിലും ജീവിതമില്ലാത്തതിനാൽ അതിന്റെ പ്രസക്തി ഇല്ലാതായിരിക്കുന്നു. എല്ലാവരും അന്യഭാഷ പറയുന്നുണ്ടെങ്കിലും ഫലമില്ലാത്തതിനാൽ അതു ചത്തതിനു തുല്യമാണ്.

**ചോദ്യം :- അമ്മച്ചിയുടെ അഭിപ്രായത്തിൽ ഇതിന്റെ പരിഹാരം എന്താണ്?**

ഉത്തരം :- ഓരോരുത്തരും അവരവരുടെ തെറ്റുകൾ കണ്ടെത്തി ഏറ്റുപറഞ്ഞ് ക്രമീകരണം പ്രാപിച്ച് ആദ്യ കൂട്ടായ്മയുടെ അനുഭവത്തിലേക്കും ആദ്യ സ്നേഹത്തിലേക്കും മടങ്ങി വരേണ്ട സമയമായിരിക്കുന്നു. ഇല്ലായെങ്കിൽ നമ്മൾ ഓടിയതും അദ്ധ്വാനിച്ചതും വെറുതെയായി എന്ന് വരും. ആർക്കും അങ്ങനെ വരാതിരിക്കട്ടെ എന്നാണ് എന്റെയും പ്രാർത്ഥന.

അമ്മച്ചിയുടെ രണ്ടാമത്തെ മകനായ പാസ്റ്റർ എം.എ. ബേബിയാണ് ദോഹയിൽ ദൈവസഭയുടെ ഒരു കൂട്ടായ്മ ഉണ്ടാക്കിയെടുക്കുന്നതിൽ പ്രമുഖസ്ഥാനം വഹിച്ചത്. പത്തനംതിട്ട ടൗണിൽ ദൈവസഭയുടെ ഒരു കൂട്ടായ്മ ഉണ്ടാക്കുന്നതിൽ ഉത്സാഹം കാണിച്ചത് അമ്മച്ചിയുടെ നാലാമത്തെ മകനായ ബ്രദർ എം.എ. ജോർജ്ജുകുട്ടിയും കുടുംബവുമാണ്.

അമ്മച്ചിയുമായി യാത്ര പറഞ്ഞ് പിരിയുമ്പോൾ ഇതേ വിശ്വാസത്തിന്റെ ഉടമകളാക്കി ഞങ്ങളെ തീർക്കണമെയെന്ന് ഞങ്ങളും പ്രാർത്ഥിച്ചു.



കുഞ്ഞമ്മ ഏബ്രഹാമും യുഗാന്ത്യസന്ദേശം എഡിറ്റോറിയൽ ഡയറക്ടർ ബ്രദർ ജോൺ പി. നൈനാനുമായുള്ള അഭിമുഖം.





ജോർദ്ദാൻ -> പാലസ്തീൻ -> ഇസ്രയേൽ -> സീനായ് -> ഈജിപ്ത്

- ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.
- എല്ലാ സ്റ്റേറ്റുകളിൽ നിന്നും യാത്രകൾ.
- സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!


യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക

ഫോൺ: 0469 2634321, 9847166994

പ്രത്യേകതകൾ

▸▸ സ്റ്റാർ ഹോട്ടലുകളിൽ താമസം ▸▸ മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം ▸▸ മികച്ചയാത്രാ സൗകര്യങ്ങൾ ▸▸ ഷോപ്പിംഗ് അവസരങ്ങൾ ▸▸ ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും ▸▸ പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ നേതൃത്വത്തിൽ വിശുദ്ധ നാടുകൾ സന്ദർശിക്കുന്നു




"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ"
യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്ക് സമീപം അച്ചൻകുഞ്ഞ് ഇലന്തൂർ

കൂടുതൽ വിവരങ്ങൾക്ക്

MARUPPACHA, PLANTHOTTAM COMPLEX, TIRUVALLA - 689 101, PHONE : 0469-2634321
Website : www.marupacha.com. E-mail : maruppacha@yahoo.com

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446747100
E-mail : ysandhesham@saintly.com

2010 April

# YUGANTHYA SANDHESHAM

REGISTERD
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2010-12
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP-95 / 2010-12

## കുട്ടിക്കാനം സഭാ ഹോൾ ഉദ്ഘാടനം ചെയ്തു



**കുട്ടിക്കാനം സഭാഹോളിന്റെ ഉദ്ഘാടനം പാസ്റ്റർ എം.കുഞ്ഞപ്പി നിർവ്വഹിക്കുന്നു. പാസ്റ്റർമാരായ ജി.അലക്സ്, ബാബു വർഗീസ്, ബ്രദർ ജോൺ ബനിയൻ തുടങ്ങിയവർ സമീപം.**

**കുട്ടിക്കാനം:** കേരളത്തിലെ ഒരു പ്രധാന സുഖവാസകേന്ദ്രമായ കുട്ടിക്കാനത്ത് ചർച്ച് ഓഫ് ഗോഡിന്റെ പുതിയ സഭാ ഹോളിന്റെ ഉദ്ഘാടനം സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി നിർവഹിച്ചു. ബ്രദർ വർഗീസ് ജോർജ് (തമ്പാച്ചൻ,ദുബായ്) ആണ് സഭാ ഹോൾ സ്പോൺസർചെയ്തത്. പാസ്റ്റർമാരായ ജി.അലക്സ്, ഷിബു കെ.മാത്യു, ഷാജി ഇടുക്കി, ബ്രദർ ജോൺ പി. നൈനാൻ, ബ്രദർ ജോൺ ബനിയൻ തുടങ്ങി അനേക കർത്തൃദാസന്മാർ സംബന്ധിക്കുകയും ദൈവവചനം ശുശ്രൂഷിക്കുക്കയും ആശംസകൾ അറിയിക്കുകയും ചെയ്തു. ഹൈറേഞ്ചിലെ പ്രധാന പട്ടണങ്ങളായ കട്ടപ്പനയുടെയും കുമളിയുടെയും പ്രവേശന കവാടമെന്ന് വിശേഷിപ്പിക്കാവുന്ന കുട്ടിക്കാനത്ത് ആദ്യമായാണ് ഒരു പെന്തക്കോസ്ത് സഭയ്ക്ക് ഇത്രമനോഹരമായ ഒരു ആരാധനാലയം ഉണ്ടാകുന്നത്.

## ലണ്ടൻ യൂത്ത് കോൺഫ്രൻസ് സമാപിച്ചു




**യൂത്ത് കോൺഫ്രൻസിന്റെ ആരാധനാ ദൃശ്യം**

**ലണ്ടൻ :** സൗത്താൾ ചർച്ച് ഓഫ് ഗോഡിൽ വച്ച് നടന്ന ലണ്ടൻ യൂത്ത് കോൺഫ്രൻസിന് അനുഗ്രഹ സമാപ്തി. ബ്രദർ ഡോണി തോമസ് അദ്ധ്യക്ഷത വഹിച്ച കോൺഫ്രൻസ് റവ. സജി മാത്യു ഉദ്ഘാടനം ചെയ്തു. റവ. ബ്ലസൻ വർഗീസായിരുന്നു മുഖ്യ പ്രഭാഷകൻ. 'Higher hope' എന്നതായിരുന്നു കോൺഫ്രൻസിന്റെ ചിന്താവിഷയം. റവ. ജോ കുര്യനും, ബ്രദർ ജെനി ഗ്രിഗറിയും ഈ വിഷയത്തെ ആസ്പദമാക്കി പ്രസംഗിച്ചു. താലന്ത് പരിശോധനയ്ക്ക് ബ്രദർ ജിബിൻ ജോർജ് നേതൃത്വം കൊടുത്തു. റവ. ജോകുര്യനെയും പാസ്റ്റർ സജി മാത്യുവിനെയും പ്രത്യേക ഫലകങ്ങൾ നൽകി സമ്മേളനത്തിൽ ആദരിച്ചു. കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ സിസ്റ്റർ ഷെറിൻ ഷാജിക്ക് ട്രോഫിയും സർട്ടിഫിക്കറ്റും നൽകി ആദരിച്ചു. 350ഓളം യുവജനങ്ങൾ ഈ സമ്മേളനത്തിൽ സംബന്ധിച്ചു.

## സണ്ണിവേൽ ചേബംർ ഓഫ് കോമേഴ്സിന്റെ ബോർഡ് ഓഫ് ഡയറക്ടറായി റവ. ഷാജി കെ. ഡാനിയേൽ തെരഞ്ഞെടുക്കപ്പെട്ടു



**പാസ്റ്റർ ഷാജി കെ. ഡാനിയേൽ ചർച്ച് ഓഫ് ഗോഡ് കേന്ദ്ര ഓഫീസ് സന്ദർശിച്ചപ്പോൾ**

**ഡാളസ് :** ടൗൺ ഹാളിൽ നടന്ന വ്യവസായ പ്രമുഖരുടെയും ബിസ്സിനസ്കാരുടെയും മീറ്റിങ്ങിൽ വച്ച് റവ. ഷാജി കെ. ഡാനിയേലിനെ സണ്ണിവേൽ ചേബംർ ഓഫ് കൊമേഴ്സിന്റെ ഡയറക്ടർ ആയി തെരഞ്ഞെടുത്തു. ഡയറക്ടർ സ്ഥാനത്തേക്ക് ആദ്യമായിട്ടാണ് ഒരു മലയാളി തെരഞ്ഞെടുക്കപ്പെടുന്നത്.

ബിസ്സിനസ് രംഗത്തും വ്യവസായ രംഗത്തും കാലാനുസൃതം വ്യതിയാനങ്ങൾ ഉൾക്കൊണ്ട് നവീന പദ്ധതികൾ രൂപീകരിക്കുവാനാണ് ഷാജി കെ. ഡാനിയേലിന്റെ നീക്കം. രണ്ട് വർഷത്തെ കാലാവധിയാണ് ഭരണസമിതിക്ക് ലഭ്യമായിരിക്കുന്നത്. ഇന്ത്യയിൽ അഗാപ്പെ ബൈബിൾ കോളജ്. ഇംഗ്ലീഷ് മീഡിയം സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ഷാജി കെ. ഡാനിയേൽ ഡാളസ്സിൽ വിശാലമായ ഹെൽത്ത് കെയർ സ്ഥാപനത്തിന്റെ ഉടമകൂടിയാണ്. തന്റെ ഭാര്യ ഷൈനി ജീവകാരുണ്യ പ്രവർത്തനമേഖലകളിലും ബിസിനസ്സ് രംഗത്തും സജീവ സാന്നിദ്ധ്യമായി നിലകൊള്ളുന്നു.

ചേമ്പർ ഓഫ് കോമേഴ്സിന്റെ ഡയറക്ടർ റവ. ഷാജി കെ. ഡാനിയേൽ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓഫീസ് സന്ദർശിച്ചു. ചർച്ച് ഓഫ് ഗോഡ് ഓഫീസ് കോംപ്ലക്സിന്റെ ഒരു ഓഫീസ് മുറി സ്പോൺസർ ചെയ്യുന്നത് റവ. ഷാജിയാണ്.

## നൈജീരിയയിൽ ക്രിസ്ത്യാനികളെ കൂട്ടക്കൊല ചെയ്യുന്നു




**ക്രിസ്ത്യൻ സ്ത്രീകൾ ബൈബിൾ കയ്യിലേന്തി കറുത്ത വസ്ത്രം ധരിച്ച് ശാന്തിയാത്ര നടത്തുന്നു.**

**നൈജീരിയ:** പട്ടാളത്തിന്റെ സഹായത്തോടെ മുസ്ലീം തീവ്രവാദികൾ നൈജീരിയായിൽ ക്രിസ്ത്യാനികളെ കൊന്ന് തള്ളുന്നു. മാർച്ച് 17-ാം തീയതി ബെയ്വില്ലേജിൽപ്പെട്ട 12 ക്രിസ്ത്യാനികളെയാണ് അതിദാരുണമായി കൊന്നത്. ഗർഭവതിയായ ഒരു സ്ത്രീയുടെ ഉദരം പിളർന്ന് കുഞ്ഞിനെ പുറത്തെടുത്ത് കഷണങ്ങളാക്കിയാണ് കൊന്ന് തള്ളിയത്.

മാർച്ച് ആദ്യം ക്രിസ്തീയ വിരോധികൾ നടത്തിയ കൂട്ടക്കൊലയിൽ പ്രതിഷേധിച്ചുകൊണ്ട് ക്രിസ്ത്യൻ സ്ത്രീകൾ ബൈബിൾ കയ്യിലേന്തി കറുത്ത വസ്ത്രം ധരിച്ച് ശാന്തിയാത്ര നടത്തി. ക്രിസ്ത്യൻ ഗ്രാമങ്ങളിൽ നടന്ന കൂട്ടക്കൊലയിൽ 500 പേരോളം കൊല്ലപ്പെട്ടിരുന്നു. ഇതിൽ ഭൂരിപക്ഷവും വനിതകളും കുട്ടികളുമാണ്. ഞായറാഴ്ച പുലർച്ചെ ആക്രമികൾ നടത്തിയ വെടിവെയ്പ്പിലാണ് 500 പേരോളം മരിച്ചത്. പലവീടുകളും തകർക്കപ്പെട്ടു. പരിക്കേറ്റവരുടെ എണ്ണം വ്യക്തമല്ല. പലരും പ്രാണരക്ഷാർത്ഥം ഒളിവിൽ കഴിയുകയാണ്. 6 സഭാ ഹാളുകൾ തകർക്കപ്പെട്ടു. ക്രൈസ്തവർക്കെതിരെയുള്ള ഈ ആക്രമണങ്ങളെ ജിഹാദ് (വിശുദ്ധ യുദ്ധം) എന്നാണ് തീവ്രവാദികൾ വിശേഷിപ്പിക്കുന്നത്.

## ഘോഷം - 2010

**കുമളി:** പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യ ഇടുക്കി ജില്ലാ ഘടകത്തിന്റെ ആഭിമുഖ്യത്തിലും കുമളിയുടെ സമീപത്തുള്ള പെന്തക്കോസ്ത് സഭകളുടെ സഹകരണത്തിലും 'ഘോഷം 2010' എന്ന പേരിൽ സുവിശേഷ യോഗം നടക്കും. ഏപ്രിൽ 8 മുതൽ 11 വരെ വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന യോഗം ഐ.പി.സി. കുമളി സെൻട്രൽ വൈസ് പ്രസിഡന്റ് പാസ്റ്റർ സി.ഇ.ബേബിയുടെ അദ്ധ്യക്ഷതയിൽ എ.ജി.കുമളി സെക്ഷൻ പ്രസിഡന്റ് പാസ്റ്റർ ഒ. സജിമോൻ ഉദ്ഘാടനം ചെയ്യും. തുടർന്ന് പി.സി.ഐ. ദേശീയ പ്രസിഡന്റ് തോമസ് വടക്കേകുറ്റ്, സുവിശേഷകൻ റെന്നി ജോർജ്ജ്, പാസ്റ്റർമാരായ ഇ.എം.ജോർജ്ജ്, ഈപ്പൻ ചെറിയാൻ എന്നിവർ പ്രസംഗിക്കും. കോട്ടയം ഇമ്മാനുവേൽ ഗോസ്പൽ വോയ്സ് ഗാനങ്ങൾ ആലപിക്കും. യോഗത്തിന്റെ വിജയത്തിനായി പാസ്റ്റർ പി.ജെ. യേശുദാസ് രക്ഷാധികാരിയും, പാസ്റ്റർ ബാബു വർഗീസ് - ചെയർമാൻ, സി.എ.ബേബി - വൈസ് ചെയർമാൻ, സണ്ണി ഇലഞ്ഞിമറ്റം - സെക്രട്ടറി, കുര്യൻ ഏബ്രഹാം - കോഓർഡിനേറ്റർ, ജോ തോമസ് - ജനറൽ കൺവീനർ എന്നിവരടങ്ങുന്ന 17 അംഗകമ്മറ്റി പ്രവർത്തിക്കുന്നു.

## പി.ഐ.സി.സി. നീലഗിരിസ് ചാപ്റ്റർ രൂപീകരിച്ചു




**പി.ഐ.സി.സി ജനറൽ സെക്രട്ടറി പാസ്റ്റർ ഒ. എം. രാജുക്കുട്ടി കേന്ദ്ര എക്സിക്യൂട്ടീവ് മെമ്പർ മാത്യൂസ് ചാക്കോ എന്നിവർ നീലഗിരിസ് ചാപ്റ്ററിനൊപ്പം**

**ഗൂഡല്ലൂർ:** കേരളം, തമിഴ്നാട്, കർണാടകാ സ്റ്റേറ്റുകളുടെ സംഗമസ്ഥലമായ ഗൂഡല്ലൂർ മാർത്തോമ്മാ നഗർ കേന്ദ്രമാക്കി പെന്തെക്കോസ്ത് ഇന്റർ ചർച്ച് കൗൺസിൽ നീലഗിരി ചാപ്റ്റർ നിലവിൽ വന്നു. തൃശൂർ, നിലമ്പൂർ, കാസർകോട്, ഗുണ്ടൽപേട്ട്, മൈസൂർ, ഊട്ടി, കൊടൈക്കനാൽ, നീലഗിരി എന്നിവിടങ്ങളിൽനിന്നും പാസ്റ്റർമാരും സഭാ പ്രതിനിധികളും പങ്കെടുത്തു. അൽത്തിയാ ഇൻഡ്യാ മിഷ്യൻസ് (എയിംസ്) ഡയറക്ടർ പാസ്റ്റർ ജോർജ് തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ പി. ഐ. സി. സി. ജനറൽ സെക്രട്ടറി പാസ്റ്റർ ഒ. എം. രാജുക്കുട്ടി ചാപ്റ്റർ ഉത്ഘാടനം ചെയ്തു. കേന്ദ്ര എക്സിക്യൂട്ടീവ് മെമ്പർ മാത്യൂസ് ചാക്കോ സന്ദേശം നൽകി. എയിംസ് ജനറൽ കൺവൻഷനോടനുബന്ധിച്ച് ക്രമീകരിച്ച പി. ഐ. സി. സി. സമ്മേളനത്തിൽ വിവിധ സഭകളെ പ്രതിനിധീകരിച്ച് പങ്കെടുത്ത ദൈവജനത്തിന് ഐക്യതയുടെ അനുഭവം പുത്തൻ അനുഭൂതിയായി മാറി. ഉപദേശഐക്യമുള്ള പെന്തെക്കോസ്തു സഭകൾ ചേർന്നു ഗൂഡല്ലൂരും പരിസര പ്രദേശങ്ങളിലുമായി ദീർഘനാളായി പ്രവർത്തിച്ചുവന്നിരുന്ന വിവിധ പ്രാദേശിക ഐക്യപ്രസ്ഥാനങ്ങൾ പി. ഐ. സി. സി. യിൽ ലയിക്കുവാൻ തീരുമാനിച്ചു.

## ഹെയ്തി : ക്രിസ്ത്യാനികൾ അറസ്റ്റിൽ



**ലോറ സിൽസ്ബിയെ പോലീസ് അറസ്റ്റുചെയ്യുന്നു.**

**ഹെയ്തി:** ഭൂകമ്പംമൂലം ദുരിതമനുഭവിച്ച ജനങ്ങളെ സഹായിപ്പാൻ വന്ന സന്നദ്ധ സംഘടനകളെ ഗവൺമെന്റ് വേട്ടയാടുന്നു. ബാപ്റ്റിസ്റ്റ് സംഘടനയിലെ 8 പേരെയാണ് ജയിലിലടച്ചത്. അതിൽ 6 പേരെ സ്വതന്ത്രരാക്കി 2 സ്ത്രീ വോളന്റിയർമാരാണ് ജയിൽ മോചിതരാക്കുവാനുള്ളത്. ദുരിതമനുഭവിക്കുന്ന ജനത്തെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന ക്യാമ്പിൽ നിന്നാണ് ഇവരെ അറസ്റ്റ് ചെയ്തത്. ലോറ സിൽസ്ബി, ഇഡാഹോ എന്നി യുവതികളാണ് ജയിലിൽ അടയ്ക്കപ്പെട്ടിരിക്കുന്നത്. അനാഥ കുഞ്ഞുങ്ങളെ മറ്റു രാജ്യങ്ങളിലുള്ള അനാഥശാലകളിലേക്ക് കൊണ്ടുപോകുവാൻ ശ്രമിച്ചു എന്ന ആരോപണമാണ് ഇവർക്കെതിരെ ഉന്നയിച്ചിരിക്കുന്നത്.

Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebnezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.